Date of publication: 9 ഏപ്രിൽ 2016
വോള്യം 11 / ലക്കം 4 / വില 20₹
ISSN 2319 – 9741

അന്വേഷി പ്രസിദ്ധീകരണം

# സംഘടിത



Ms CORNELIA SORABJI
First Female Advocate of India

## നിയമവ്യവസ്ഥയുടെ സ്ത്രീനീതികൾ




# സംഘടിത

## വിഷു ആശംസകൾ

സംഘടിത|ഏപ്രിൽ 2016 |വോള്യം 11 |ലക്കം 4


പോരാട്ട വീര്യവുമായി വിനയ 7
**അഡ്വ. കുക്കു**
വിവാഹാനന്തര സ്വത്തവകാശം 11
**അഡ്വ. മരിയ**
നമ്മൾ, സ്വത്വം (കവിത) 15
**ഡോ. ജാൻസി ജോസ്**
കോടതി എന്ന തൊഴിലിടം 16
**അഡ്വ. സൂര്യ ബിനോയ്**
താല്കാലിക അമ്മമാർ
അവകാശങ്ങളും അധികാരങ്ങളും 24
**അഡ്വ. കെ. ആർ. ദീപ**
വെളിച്ചത്തിലേക്കുള്ള കനൽവഴികൾ 29
**അഡ്വ. സവിത**
അഡ്വ.ലേഖ സുരേഷ് തന്റെ അനുഭവങ്ങൾ പങ്കുവയ്ക്കുന്നു 29
**അഡ്വ. സവിത**
എന്തിനോ വേണ്ടി (**കവിത**) 33
**നിഷ സി.**
പ്രണയം തേടുന്നവർ 34
**എം. ഡി. രാധിക**
കറുപ്പിന്റെ തുടിതാളം (**കവിത**) 40
**ലത പി. ജി.**
**ഉപ്പും മുളകും** **41**
ഗീത
ഒടുവിലത്തെ വിരുന്നുകാർ 42
ഇ.പി.ജ്യോതി
**വീട്ടുവിശേഷം** 48
**റഷീദ ഗഫൂർ തൈവളപ്പിൽ**
ശാസ്ത്രം 57
സീമ ശ്രീലയം





**സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ** : ജെ.സന്ധ്യ




**ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ അതിർത്തികൾ** : ഡോ. ദിവ്യ ധർമ്മദത്തൻ


എഡിറ്റർ : ഡോ. ഷീബ കെ.എം.
മാനേജിംഗ് എഡിറ്റർ : കെ. അജിത
ഗസ്റ്റ് എഡിറ്റർ : കെ.കെ.പ്രീത
എക്സി.എഡിറ്റർ : ഡോ. ജാൻസി ജോസ്
പത്രാധിപ സമിതി : രാജലക്ഷ്മി കെ.എം., ഗിരിജ പി. പാതേക്കര, ജ്യോതി നാരായണൻ, ഡോ. മിനി പ്രസാദ്, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, ഡോ. സുനീത ടി.വി., അഡ്വ.കെ.കെ.പ്രീത, ഷീബാ ദിവാകരൻ, ഡോ. ഷംഷാദ് ഹുസൈൻ, കുസുമം ജോസഫ്, സുൽഫത്ത്
സർക്കുലേഷൻ മാനേജർ : ചാരുലത എ.എസ്.
ഉപദേശകസമിതി : സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ
ലേഔട്ട് & കവർ : സുവിജ
വെബ്സൈറ്റ് : വസന്ത പി.
പ്രിന്റിംഗ് : ഏ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934

**സംഘടിത മാസിക**
അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com, anweshicalicut@gmail.com
www.anweshi.org www.sanghaditha.com

# മുഖപ്രസംഗം



ഷീബ കെ.എം.

പീഡനപർവ്വങ്ങളുടെ ആഖ്യാനങ്ങൾ മാറ്റിവെച്ച് സ്ത്രീജീവിതങ്ങളുടെ ആഘോഷങ്ങളുടെ സന്ദർഭങ്ങൾ കുറിക്കാം എന്ന് വിചാരിക്കുമ്പോൾ നിനച്ചിരിക്കാതെ വീണ്ടും തിരിച്ചടികൾ. അതിക്രമങ്ങളെക്കുറിച്ച് പറഞ്ഞും എഴുതിയും സ്ത്രീവാദികൾ മടുത്തില്ലേ എന്ന് ജനം ചോദിക്കുന്നു. പക്ഷേ ഈ ചരിത്രം ആവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഡെൽറ്റാ മേഘ്‌വാൾ എന്ന 17 വയസ്സുകാരി ബലാത്സംഗം ചെയ്ത് കൊല്ലപ്പെട്ടത് അവൾ പഠിക്കുന്ന വിദ്യാഭ്യാസസ്ഥാപനത്തിന്റെ നടത്തിപ്പുകാരുടെ ഒത്താശയോടെയാണ് എന്നത് ഞെട്ടിപ്പിക്കുന്ന വാർത്തയാണ്. തന്നെ പീഡിപ്പിച്ച അദ്ധ്യാപകനുമായി പരസ്പരസമ്മതപ്രകാരമുള്ള ലൈംഗികബന്ധത്തിലേർപ്പെട്ടു എന്ന കുറ്റസമ്മതം എഴുതിവാങ്ങിക്കുക പോലും ഉണ്ടായി ആ കുട്ടിയിൽ നിന്ന്. ചേതനയറ്റ അവളുടെ ശരീരം കൊണ്ടുപോയതോ കുപ്പവാരുന്ന വണ്ടിയിലും! ദലിത് ജീവിതങ്ങൾക്ക് വിലയുണ്ട് (Dalit Lives Matter) എന്ന പ്രക്ഷോഭം തുറന്നു കാട്ടാൻ ശ്രമിച്ചിട്ടുള്ളതുപോലെ ദലിതർക്കുനേരെയുള്ള പീഡനങ്ങളോട് രോഷാകുലമായി പ്രതികരിക്കാൻ പോലും പൊതുമനഃസ്സാക്ഷി ഉണർന്നിട്ടില്ല എന്നു വേണം തിരിച്ചറിയാൻ.

പൊതു തെരഞ്ഞെടുപ്പിന്റെ മുന്നോടിയായുള്ള ചർച്ചകളും അധികാരവടംവലികളും മുറുകിയിരിക്കുന്ന കാലമാണല്ലോ ഇത്. രാഷ്ട്രീയപാർട്ടികൾ സ്ത്രീ, ദലിത്, ആദിവാസി, വ്യത്യസ്തലൈംഗികസ്വത്വങ്ങൾ എന്നിവരുടെ പ്രാതിനിധ്യം കണക്കാക്കുന്നുണ്ടോ എന്ന ഗൗരവപ്പെട്ട ചോദ്യം ഉറക്കെ ചോദിക്കേണ്ട വേളയാണിത്. വരേണ്യവും പുരുഷാധിപത്യപരവുമായ പരിസരങ്ങളിൽ നിന്ന് രാഷ്ട്രീയപാർട്ടികളെയും അജണ്ടകളെയും മോചിപ്പിക്കാൻ നമുക്ക് കഴിയേണ്ടതില്ലേ? ഇല്ലെങ്കിൽ അവസരവാദരാഷ്ട്രീയത്തിന്റെ ബലതന്ത്രങ്ങളിൽ കുടുങ്ങി വികസനപരിപ്രേക്ഷ്യങ്ങളും ഭരണക്രമങ്ങളും അങ്ങേയറ്റം ജനാധിപത്യവിരുദ്ധമാവുന്നതിന് ഇരകളായി നാം തുടർന്നും ജീവിക്കേണ്ടിവരുമെന്നതിൽ സംശയമില്ല.

പ്രാർത്ഥനാലയങ്ങളിൽ സ്ത്രീകൾക്ക് പ്രവേശനം നിഷേധിക്കുന്നതിനെതിരെ മുംബൈ ഹൈക്കോടതി പുറപ്പെടുവിച്ച വിധി സ്വാഗതാർഹമാണ്. കഴിഞ്ഞ കുറച്ചുകാലമായി പൊതുചർച്ചയ്ക്കും വിരുദ്ധഅഭിപ്രായങ്ങൾക്കും വിധേയമായിട്ടുള്ള ഈ പ്രശ്നത്തിൽ രണ്ടഭിപ്രായങ്ങളുണ്ടാവുന്നതു തന്നെ നമ്മുടെ ജനാധിപത്യബോധങ്ങളുടെ ദുർബലാവസ്ഥയെയാണ് ചൂണ്ടിക്കാണിക്കുന്നത്. പൊതുയിടം എന്ന സങ്കല്പം എത്രമേൽ സ്ത്രീവിരുദ്ധവും അധികാരസൂചകവുമാണെന്ന് ഒറ്റനോട്ടത്തിൽ വ്യക്തമാക്കുന്നതാണ് സ്ത്രീകളോടുള്ള കാലങ്ങളായി തുടർന്നുപോന്നിട്ടുള്ള ഈ വിവേചനം. മതസ്ഥാപനങ്ങളുടെ പരിശുദ്ധിയും അതുവഴി മാഹാത്മ്യവും ഉയർത്തിപ്പിടിക്കാനുള്ള ഉപകരണങ്ങളായി സ്ത്രീകളെ അകറ്റി നിർത്തുന്നത് അത്യന്തം ഹീനവും അപലപനീയവുമാണ്.

കഴിഞ്ഞ രണ്ടു നൂറ്റാണ്ടുകളുടെ ചരിത്രത്തിൽ നീതിന്യായവ്യവസ്ഥകൾ ഭരണഘടനകളുടെ പിൻബലത്തോടെ ദേശരാഷ്ട്രങ്ങളുടെ യുക്തികൾക്ക് പിൻബലം ഏകിപ്പോന്നിട്ടുള്ളതായി കാണാം. നിയമവിധികൾ ആധുനികതയുടെ യുക്തിമണ്ഡലങ്ങളുടെ പ്രവർത്തനത്തിന്റെ ഭാഗമായി തെളിവുകളെ മുൻനിർത്തി വസ്തുനിഷ്ഠമായി പ്രഖ്യാപിക്കുന്ന ഒന്നായി കരുതപ്പെടുന്നു. എന്നാൽ ആധുനികതയുടെ മറ്റെല്ലാ ജ്ഞാനശാഖകളെയും പോലെ തന്നെ വസ്തുനിഷ്ഠതയുടെ പെരുത്ത അവകാശവാദങ്ങൾക്കു പിന്നിൽ നിലനിൽക്കുന്ന അധികാരവ്യവസ്ഥയുടെ തികഞ്ഞ ആത്മനിഷ്ഠവും അവസരവാദപരവുമായ വിനിന്യായങ്ങൾ നമ്മൾ കേട്ടുകൊണ്ടേയിരിക്കുന്നു. സൂര്യനെല്ലി പെൺകുട്ടിക്ക് രക്ഷപ്പെട്ടു കൂടായിരുന്നോ എന്നും വിതുര പെൺകുട്ടിയുടെ ശരീരം കൊഴുത്ത് മെഴുത്തതാണെന്നും (അതിനാൽ ബലാത്സംഗം ക്ഷണിച്ചു വരുത്താൻ ശേഷിയുള്ള എന്ന് വിവക്ഷ) ഒക്കെയുള്ള പരാമർശങ്ങൾ പുരുഷാധികാരത്തിന്റെ ജുഗുപ്സാവഹമായ ജല്പനങ്ങൾ അല്ലാതാവുന്നതെങ്ങനെ? നിയമത്തിനു മുന്നിൽ എല്ലാവരും സമൻമാരാണെന്ന അവകാശവാദം ആദ്യം തകരണം. സാമൂഹ്യമായി സമന്മാരല്ലാത്തവർക്ക് നിയമത്തിന് മുന്നിൽ ഒരേ പരിരക്ഷ നൽകുന്നതിൽ നിന്ന് നീതി ഉണ്ടായിവരില്ല. കണ്ണുകെട്ടിയ നിയമദേവത വാസ്തവത്തിൽ നീതിയുടെ കാഴ്ചയിൽ നിന്നു പോലും അപ്രത്യക്ഷമായ പ്രാന്തവൽക്കരിക്കപ്പെട്ട ജീവിതങ്ങളുടെ ഇരുണ്ട ഓർമ്മപ്പെടുത്തലാണ്. നിയമവ്യവസ്ഥയുടെ സ്ത്രീനീതികൾ അന്വേഷിക്കുന്ന അഡ്വ.കെ.കെ.പ്രീത  സമ്പാദകയായ ഈ ലക്കം സംഘടിത നീതിബോധങ്ങളെ പുനരാലോചിക്കാൻ വായനക്കാരെ പ്രേരിപ്പിക്കുമെന്ന പ്രതീക്ഷയോടെ സമർപ്പിക്കുന്നു.

# അതിഥിപത്രാധിപക്കുറിപ്പ്



അഡ്വ.പ്രീത കെ.കെ.

സംഘടിത മാസിക നിയമം ഒഴികെ സ്ത്രീ സംബന്ധമായ എല്ലാവിധ വിഷയങ്ങളെ പ്രതിപാദിച്ചും പതിപ്പുകൾ ഇറക്കിയിട്ടുണ്ട്. പല നിയമങ്ങളും കോടതി വിധികളും നിരീക്ഷണങ്ങളും സ്ത്രീകൾക്ക് അനുകൂലമായും പ്രതികൂലമായും ഉണ്ടാവുന്ന സാഹചര്യത്തിൽ നിയമപ്പതിപ്പ് ഈ കാലഘട്ടത്തിന്റെ കൂടി അനിവാര്യതയാണ്.

കഴിഞ്ഞ 16 വർഷമായി അന്വേഷിയുടെ അഭിഭാഷകയായും കമ്മിറ്റിമെമ്പറായും സംഘടിതയുടെ എഡിറ്റോറിയൽ മെമ്പറായുമൊക്കെ ഞാൻ പ്രവർത്തിക്കുന്നു. എന്നാൽ സ്ത്രീപക്ഷ നൈതികതയിൽ അന്വേഷി എന്ന സംഘടന എന്തു സംഭാവന ചെയ്തു/ചെയ്യുന്നു എന്ന ഒരു ആലോചന ഇതുവരെ നടത്തിയിട്ടില്ല എന്നത് കുറ്റബോധത്തോടുകൂടി സമ്മതിക്കുകയാണ്. ഒരു പക്ഷേ, എന്നല്ല തീർച്ചയായും നിയമസേവന അഥോറിറ്റി ഭാരതത്തിലുടനീളം നിയമബോധവൽക്കരണം വ്യാപകമാക്കുന്നതിനു മുമ്പു തന്നെ അന്വേഷി നിയമസേവനരംഗത്ത് സജീവമായിരുന്നു. മാസംതോറും നിയമബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ എന്നിവ ഗ്രാമീണ മേഖലയിൽ സ്ത്രീകൾക്കായി അന്വേഷി നടത്തുന്നുണ്ട്. ഗാർഹികപീഡന നിരോധന നിയമത്തിന്റെ കരടുരൂപം തയ്യാറാക്കുന്നതിൽ ലോയേഴ്സ് കളക്ടീവുമായി സഹകരിച്ചു പ്രവർത്തിച്ചിരുന്നു. നിയമ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്ത്രീകൾക്കു വേണ്ടിയുള്ള പൊതുതാല്പര്യഹർജികൾ പ്രമാദമായ ഐസ്ക്രീം കേസിലുള്ള ഇടപെടലുകൾ തുടങ്ങി ധാരാളം നൈതിക ഇടപെടലുകൾ നടത്തിയെങ്കിലും വിവിധ അഭിഭാഷകരുടെ അനുഭവങ്ങളും നിയമങ്ങളും ചേർത്ത് ആദ്യമായി ഒരു തയ്യാറെടുപ്പ് നടത്തുകയാണ്.

ഇന്ത്യയുടെ നീതിന്യായ വ്യവസ്ഥയിൽ ഇരകളേക്കാൾ പ്രതികൾക്കാണ് പ്രാമുഖ്യം. പ്രതികൾക്ക് ജാമ്യം, തെളിവ് നൽകൽ, ക്രിമിനൽ നടപടി ചട്ടം 313-ാം വകുപ്പ് പ്രകാരമുള്ള ചോദ്യോത്തരങ്ങൾ എല്ലാത്തിനുമൊടുവിൽ ഏഴുവർഷമോ പത്തു വർഷമോ ലഭിയ്ക്കാവുന്ന ശിക്ഷ, അല്ലെങ്കിൽ വെറുതെവിടൽ - അതിനുശേഷം പ്രതികൾ സ്വതന്ത്രവും മാന്യവുമായ ജീവിതം നയിക്കുന്നു. ഇരകളാക്കപ്പെട്ട സ്ത്രീകൾ ജീവിച്ചിരിയ്ക്കുന്നുവോ എന്നുപോലും ആരും അറിയുന്നില്ല. ഇവിടെ ഇരകളാക്കപ്പെടുന്ന സ്ത്രീകളുടെ ജീവിതം എന്നും ഇരുളടഞ്ഞതാണ്. നീതി നേടിയെടുക്കുന്നതിനുള്ള ഒരു ഉപകരണം മാത്രമാണ് നിയമം. പക്ഷേ നിയമത്തിന്റെ ഭാഷയും യുക്തിയും എക്കാലവും പുരുഷാധിപത്യവും സവർണ്ണമനോഭാവവും പുലർത്തുന്നതാകുന്നതിനാൽ 'ലിംഗനീതി' നിർവ്വഹണം ഫലപ്രദമായി നടപ്പിലാവുന്നില്ല എന്നതാണ് യാഥാർത്ഥ്യം.

**ലിംഗനീതിയ്ക്കും, ലിംഗബോധത്തിനും പുതിയ അർത്ഥതലം**

വ്യക്തി എന്നാൽ സ്ത്രീയും പുരുഷനും മാത്രമല്ല, മൂന്നാം ലിംഗക്കാർ കൂടിയാണെന്നും ഇന്ത്യൻ ഭരണഘടനയുടെ 14-ാം അനുച്ഛേദം പ്രതിനിധാനം ചെയ്യുന്ന 'നിയമത്തിനു മുമ്പിൽ തുല്യതയും' നിയമത്തിന്റെ തുല്യസംരക്ഷണവും മൂന്നാം ലിംഗക്കാർക്കും അവകാശപ്പെട്ടതാണെും ദേശീയ നിയമസേവന അഥോറിറ്റി നൽകിയ കേസ്സിൽ ഭാരതത്തിന്റെ പരമോന്നത നീതിപീഠം വിധി പ്രസ്താവിക്കുകയുണ്ടായി. ജന്മം കൊണ്ട് സ്ത്രീ, പുരുഷൻ എന്നീ ലിംഗത്തിൽപ്പെട്ടവർക്ക് മാത്രമെ വിവാഹം, ദത്തെടുക്കൽ, പിൻതുടർച്ച, സ്വത്തവകാശം തുടങ്ങിയ നിയമപരമായ കാര്യങ്ങൾ ബാധകമായിരുന്നുള്ളൂ. നിർഭാഗ്യവശാൽ ട്രാൻസ് ജെൻഡറുകളുടെ ഇത്തരത്തിലുള്ള ഒരവകാശവും പരിഗണിയ്ക്കുവാൻ ഇന്ത്യയിൽ ഒരു നിയമവും ഇല്ലാത്ത സാഹചര്യത്തിൽ അന്താരാഷ്ട്ര നിയമത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് ലിംഗബോധം ഓരോ വ്യക്തിയുടേയും ആന്തരികവും, വ്യക്തിഗതവുമായ ആഴത്തിലുള്ള അനുഭവമാണ് എന്നും കോടതി പ്രസ്താവിച്ചു. ഈ സാഹചര്യത്തിൻ ലിംഗാധിഷ്ഠിത നൈതികത എന്നാൽ ട്രാൻസ് ജെൻഡറുകൾ, ഗേ, ലെസ്ബിയൻ തുടങ്ങിയവർക്കു കൂടി ബാധകമാകുന്ന തരത്തിലേക്ക് നിയമ ഇടപെടലുകൾ ഉണ്ടാവണം.

**ലിംഗനീതിയും വ്യക്തിസ്വാതന്ത്ര്യവും**

വ്യക്തി സ്വാതന്ത്ര്യം മൗലികമായ തത്വമാണ്. അത് സ്ത്രീകളുടെ 'സുരക്ഷിതത്വ'ത്തെക്കരുതി തടയുവാൻ പാടില്ലാത്തതും ആണ്. സ്വയം നിർണ്ണയത്തിനുള്ള (Right to option) അവകാശമാണ് ലിംഗനീതി സംവാദത്തിൽ ഏറ്റവും പ്രധാനപ്പെട്ടത്. അതിനൊപ്പം സുരക്ഷിതത്വവും സംരക്ഷണവും നൽകുന്നതിനായുള്ള ഒരോ നിയമനിർമ്മാണവും ഇരുതലമൂർച്ചയുള്ള വാളുപോലെയാണ്. കാരണം ഇത്തരം സുരക്ഷിതമായി വിവേചനം ലക്ഷ്യമിടുന്നതും ഉറപ്പുവരുത്തുന്നതും ലൈംഗികതയുടെ ഭാഗധേയ (Sexual role)ത്തെക്കുറിച്ചുള്ള ധാരണയും മാറ്റമില്ലാത്ത സദാചാരത്തിന്റെ വാർപ്പുമാതൃകകളേയുമാണ് പുരുഷാധിപത്യത്തിന്റെ കാഴ്ചപ്പാടിലുള്ള സംരക്ഷിത സങ്കൽപ്പം ഒരു സ്ത്രീയ്ക്കു കൂടുതൽ ഭയവും, ഭീഷണിയും സമൂഹത്തിൽ നിന്നുള്ള ഒറ്റപ്പെടലും ആണ് സൃഷ്ടിയ്ക്കുന്നതെന്നും സുപ്രീം കോടതി പഞ്ചാബ് ബാർ കേസിൽ പ്രസ്താവിക്കുകയുണ്ടായി.

ബലാത്സംഗകേസ്സുകളിൽ 'അനുരഞ്ജനത്തിന്റെ പാത' സ്വീകരിയ്ക്കാൻ പാടില്ല എന്ന പരമോന്നത നീതിപീഠത്തിന്റെ വിധി സ്വാഗതാർഹം തന്നെയാണെങ്കിലും വൈവാഹിക ബന്ധങ്ങളിലെ ബലാത്സംഗം ശിക്ഷയില്ലാതെ കുടംബ ഭദ്രതയ്ക്ക് സ്ത്രീയുടെ സഹനം അനിവാര്യമാണെന്ന രീതിയിൽ തുടരുകയാണ്.

ജുഡീഷ്യറി എന്നാൽ ന്യായാധിപരും അഭിഭാഷകരും മാത്രമല്ല, പോലീസ് സംവിധാനം കൂടിയാണ്. പോലീസുകാർക്കിടയിൽ നിലനിൽക്കുന്ന ലിംഗവിവേചനത്തിനെതിരെയുള്ള വിനയയുടെ നിയമപോരാട്ടവും, ഇനിയും നിയമം നടപ്പിലാക്കിയിട്ടില്ലാത്ത വിവാഹാനന്തര സ്വത്തവകാശത്തെക്കുറിച്ചും രാഷ്ട്രീയ രംഗത്ത് എന്ന പോലെ ജുഡീഷ്യറിയിലും സ്ത്രീപങ്കാളിത്തത്തിന്റെ അപര്യാപ്തതയും, കോടതി പുരുഷയിടം മാത്രമായി ചുരുങ്ങുന്നതും നമുക്കു കാണാം. വീടുപോലെ സ്ത്രീയുടെ ഗർഭപാത്രവും വാടകയ്ക്കു നൽകാം. പക്ഷേ ഉദരത്തിൽ ജനിയ്ക്കുന്ന കുഞ്ഞിനുമേൽ ഒരവകാശവും ഉണ്ടായിരിക്കുന്നതല്ല. പ്രത്യുല്പാദനം സ്വാഭാവികമായ ജൈവിക പ്രക്രിയ അല്ലെന്നും, അത് രണ്ടു വ്യക്തികൾ തമ്മിൽ കരാറുകളും ഉടമ്പടികളും ഒപ്പുവയ്ക്കുന്നതിനു ശേഷം, ലംഘിക്കുന്നവർ ശിക്ഷിക്കപ്പെടുന്ന വ്യവസായമായും മാറിയ, മാതൃത്വത്തിന്റെ മാറിക്കൊണ്ടിരിക്കുന്ന സങ്കൽപ്പം ആയ സറോഗ്ഗസിയെക്കുറിച്ചും ഇന്ത്യൻ വിവാഹമോചന നിയമത്തിന്റെ നവീകരണത്തെക്കുറിച്ചും, സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ, ശുപാർശ മാത്രം അധികാരമായിട്ടുള്ള വനിതാ കമ്മീഷൻ തുടങ്ങി ദളിത് അഭിഭാഷകയുടെ വളർച്ചയും ഈ നിയമപ്പതിപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതൊരു തുടക്കം മാത്രമാണ്. പല നൈയാമിക അനുഭവങ്ങളും പങ്കുവെച്ചിട്ടും എഴുതി തരാൻ കഴിയാതെ പോയവർ, അഭിഭാഷകർ മാത്രമല്ല. ഗുമസ്തകളും കോടതി മുറിയിലെ അനുഭവങ്ങൾ പങ്കുവെച്ചിട്ടുണ്ട്.

നിയമം പുതുതായി സൃഷ്ടിക്കുകയോ മാറ്റി എഴുതുകയോ ചെയ്ത അനവധി സ്ത്രീകളുണ്ട്:- ഉദാഹരണമായി മുസ്ലീം വിവാഹമോചിതയുടെ അവകാശ സംരക്ഷണ നിയമം എന്ന 'ഷബാനുബീഗം' കേസ്സാണ്. ക്രിസ്റ്റ്യൻ സ്ത്രീകളുടെ സ്വത്തവകാശത്തിനു വേണ്ടി പോരാടിയ മേരി റോയി. ബലാത്സംഗ നിർവ്വചനത്തിന് ഒരു സ്ത്രീയുടെ 'സമ്മതം' എന്നാൽ പ്രതികരണമില്ലായ്മയോ, ഉറക്കെ കരയാതിരുന്നതോ അല്ല എന്നു മാറ്റിയെഴുതിപ്പിച്ച 'മഥുരാ കേസ്സ്'; അതിക്രൂരമായ ബലാത്സംഗത്തിന് ഇരയായിട്ടും ഉന്നതകുലജാതരായ പുരുഷന്മാർ ഒരിക്കലും മദ്ധ്യവയസ്ക്കയായ താഴ്ന്ന ജാതിയിൽപ്പെട്ട സ്ത്രീയെ ബലാത്സംഗം ചെയ്യില്ല എന്ന കോടതിയുടെ വിചിത്രമായ വിധിയിൽ – നീതി ലഭിയ്ക്കാതെ അലയുകയാണ് എങ്കിലും, തൊഴിലിടങ്ങളിൽ സ്ത്രീകൾ നേരിടുന്ന ലൈംഗികാതിക്രമ നിയമങ്ങൾക്ക് കാരണമായ ഭൻവാരിദേവി കേസ്.

ആദിവാസിസ്ത്രീകളുടെ അവകാശങ്ങൾക്കു വേണ്ടി പോരാടുന്ന സി.കെ.ജാനു, ഈശ്വരിരേശൻ, സോണിസോറി, പ്രത്യേക പട്ടാളനിയമത്തിനെതിരെ പോരാടുന്ന ഇറോം ശർമ്മിള, സ്ത്രീവാദപ്രത്യയശാസ്ത്രങ്ങൾക്ക് അനുസൃതമായി സ്ത്രീപക്ഷ നൈതികത കൂട്ടിച്ചേർത്ത് ക്രിമിനൽ നിയമ ഭേദഗതിയ്ക്ക് ഇടയാക്കിയ ജ്യോതി (നിർഭയ) അങ്ങനെ നിയമരംഗത്ത് ഇടപെടലുകൾ നിരവധിയാണ്. ഇത് എല്ലാവർക്കുമായി സമർപ്പിക്കുന്നു. നീതി നിഷേധത്തിനു മുന്നിൽ എല്ലാ സ്ത്രീകളും തുല്യരാണ് – ലിംഗനീതിയിൽ നാം ഏറെ മുന്നോട്ടു പോയി എങ്കിലും അവ നേടിയെടുക്കുവാൻ സാമൂഹ്യസാഹചര്യങ്ങൾ ഇനിയും മാറേണ്ടതുണ്ട്.




അഡ്വ.കുക്കു

# പോരാട്ട വീര്യവുമായി വിനയ

വിനയ : തൃശൂർ പോലീസ് അക്കാദമിയിൽ എ.എസ്.ഐയാണ്. ഇപ്പോൾ സ്ത്രീകൾക്ക് വേണ്ടിയുള്ള "wings" എന്ന സംഘടനയുടെ സ്ഥാപകയും സ്ത്രീ വോളിബോൾ പരിശീലകയുമാണ്. പോലീസ് അക്കാദമിയിലെ സ്ത്രീകളെയും, സമീപപ്രദേശങ്ങളിലെ സാധാരണ സ്ത്രീകളെയും വോളിബോൾ പഠിപ്പിക്കുകയും കളിപ്പിക്കുകയും മത്സരിപ്പിക്കുകയും ചെയ്യുന്നു. വിംഗ്സിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലങ്ങോളമിങ്ങോളം വോളിബോൾ മത്സരങ്ങളും മറ്റും സംഘടിപ്പിക്കപ്പെടുന്നുണ്ട്. വിംഗ്സിൽ സ്ത്രീകളെ കളരിയും അഭ്യസിപ്പിക്കുന്നുണ്ട്. ഇതിനോടകം തൃശൂരിലെ പല കളിക്കളങ്ങളും വിംഗ്സ് കയ്യടക്കിക്കഴിഞ്ഞു. കളിക്കളത്തിലൂടെ സ്ത്രീ മുന്നേറ്റം സാധ്യമാക്കുകയാണ് വിനയ. പോലീസ് സേനയിലെ സ്ത്രീകളുടെ അവകാശങ്ങൾക്കു വേണ്ടി നിരവധി നിയമപോരാട്ടങ്ങൾ നടത്തിയ വ്യക്തിയാണ് വിനയ.

*സർവ്വീസിൽ ഇഷ്ടമായി എത്തിയതാണോ അതോ സാന്ദർഭികമായി വന്നുചേർന്നതാണോ?*

സാന്ദർഭികമായി വന്നുചേർന്നതാണ്.

*എത്രാം വയസ്സിലാണ് സർവ്വീസിൽ കയറിയത്?*

ഇരുപത്തിമൂന്നാം വയസ്സിൽ

**റോസിയെന്ന സ്ത്രീയെ പിടിക്കാൻ പോയ ഞാൻ അവരുടെ കഴുത്തിൽ കയ്യിട്ട് പോലീസ് വാനിൽ കയറ്റാൻ ശ്രമിച്ചപ്പോൾ അവരെന്നോട് ചോദിക്കയാണ് "സാറേ ഞാൻ പറിക്കട്ടെയെന്ന്?" അതായത് അവരുടെ കൈ എന്റെ സാരിക്കുത്തിൽ പിടിച്ച് അത് വലിച്ച് പറിക്കാൻ തുടങ്ങുകയാണ്. ഞാൻ ജാള്യത കാരണം അവരെ അവിടെ ഉപേക്ഷിച്ചു പോന്നു.**

*സർവ്വീസിൽ കയറുന്ന സമയത്ത് സ്ത്രീ സമത്വ, സ്വതന്ത്ര ചിന്തകൾ ഉണ്ടായിരുന്നോ?*

ഓർമ്മവെച്ച നാൾ മുതൽ സ്ത്രീയോട് വിവേചനമുണ്ടെന്ന് ഞാൻ നിരീക്ഷിച്ചിട്ടുണ്ട്. അതിനെതിരെ പ്രതികരിക്കണമെന്നും തോന്നിയിട്ടുണ്ട്.

*വിനയ സർവ്വീസിൽ വരുന്ന സമയത്ത് എന്തായിരുന്നു വനിതാപോലീസുകാരുടെ വേഷം?*

ഔദ്യോഗികവേഷം ഇൻ ചെയ്യാത്ത പാന്റും ഷർട്ടുമായിരുന്നു. വർക്കിംഗ് ഡ്രസ്സ് സാരിയായിരുന്നു. സാരി നിർബന്ധിത യൂണിഫോമാണെന്ന് തോന്നിപ്പിച്ചിരുന്നെങ്കിലും ഞാനത് അംഗീകരിച്ചിരുന്നില്ല. ഞാനും  അഞ്ച് വനിതാ പോലീസുകാരും എസ്.പിയുടെ അനുവാദം വാങ്ങിച്ച് ഔദ്യോഗിക യൂണിഫോമായ പാന്റും ഷർട്ടുമാണ് ഉപയോഗിച്ചിരുന്നത്.

*പിന്നീടെപ്പോഴാണ് പാന്റും ഷർട്ടും യൂണിഫോമാക്കണമെന്ന്  തോന്നിയതും അതിനായി പ്രവർത്തിച്ചതും?*

ഒരു ദിവസം ഡി.വൈ.എസ്.പിയെ കാണാൻ വേണ്ടി അദ്ദേഹത്തിന്റെ ഓഫീസിൽചെന്നപ്പോൾ അദ്ദേഹം ഞങ്ങളുടെ യൂണിഫോം കണ്ട് ചോദിക്കുകയാണ് നിങ്ങൾ എങ്ങനെയാണ് ഈ യൂണിഫോം ധരിച്ച് ബാത്ത്റൂമിൽ പോകുന്നതെന്ന്. അത് കേട്ടപ്പോൾ കൂടെയുണ്ടായിരുന്ന പോലീസുകാരികളെല്ലാം വിളറിപ്പോയി. എനിക്കെന്തോ തിരിച്ചൊരു



സാരിയാണ് ഉപയോഗിച്ചിരുന്നത്. അവിടെ അലഞ്ഞു തിരിയുന്ന സ്ത്രീകൾ അനവധിയുണ്ട്. ഇവരെ പിടിക്കാൻ പോകുന്ന വനിതാപോലീസുകാരുടെ സാരിയെല്ലാം അഴിഞ്ഞ് ആകെ ഉലഞ്ഞ്, കീറിയൊക്കെയാണ് പോലീസ് സ്റ്റേഷനിൽ കയറി വരാറുള്ളത്. എനിക്കൊരു ദിവസം ഡ്യൂട്ടികിട്ടിയത് ജനറൽ ഹോസ്പിറ്റലിന്റെ മുന്നിലായിരുന്നു. അവിടെ അക്രമാസക്തയായ 'റോസിയെന്ന സ്ത്രീയെ പിടിക്കാൻ പോയ ഞാൻ അവരുടെ കഴുത്തിൽ കയ്യിട്ട് പോലീസ് വാനിൽ കയറ്റാൻ ശ്രമിച്ചപ്പോൾ അവരെന്നോട് ചോദിക്കയാണ്, "സാറേ

**ഈയൊരു യൂണിഫോമിന് എന്തെങ്കിലും നിയമപരമായ തടസ്സമുണ്ടോയെന്ന് ഞാൻ സന്ധ്യ സാറിനോട് ചോദിച്ചു. നിയമപരമായി യാതൊരു തടസ്സവുമില്ലയെന്ന് സന്ധ്യസാർ പറയുകയും ചെയ്തു. അന്ന് എന്റെ മനസ്സിൽ മുഴുവൻ ആ ചിന്ത തന്നെയായിരുന്നു. എന്തിനാണ് ഒരേ സർവ്വീസിലുള്ള സ്ത്രീയ്ക്കും പുരുഷനും രണ്ട് തരം വേഷം? അങ്ങനെ ഞാൻ നിയമപോരാട്ടം തുടങ്ങി.**

ചോദ്യം ചോദിക്കാനാണ് തോന്നിയത്. ഞാൻ ചോദിച്ചു "സാർ ഇതിട്ട് എങ്ങനെയാണ് കക്കൂസിൽ പോകുന്നത്?" എന്ന്. പിറ്റേന്ന് ഞാനും വേറൊരു പോലീസുകാരിയും അതേ യൂണിഫോമിലും ബാക്കിയെല്ലാവരും സാരിയിലുമാണ് വന്നത്. ഈയൊരു സംഭവം എന്നെ പാന്റും ഷർട്ടും എന്ന യൂണിഫോമിനോട് കൂടുതൽ അടുപ്പിക്കുകയാണ് ഉണ്ടായത്.

*എങ്ങനെയാണ് വിനയ ഈ വസ്ത്ര വിവേചനത്തിനെതിരെ  നിയമപോരാട്ടത്തിനിറങ്ങുന്നത്?*

1999ൽ തിരുവനന്തപുരം വനിതാസെല്ലിൽ ജോലി ചെയ്യുന്ന സമയത്ത് വർക്കിംഗ് ഡ്രസ്സ് സാരിയായിരുന്നു.  എല്ലാ പോലീസുകാരികളും ഞാനും

ഞാൻ പറിക്കട്ടെയെന്ന്?" അതായത് അവരുടെ കൈ എന്റെ സാരിക്കുത്തിൽ പിടിച്ച് അത് വലിച്ച് പറിക്കാൻ തുടങ്ങുകയാണ്. ഞാൻ ജാഗ്രത കാരണം അവരെ അവിടെ ഉപേക്ഷിച്ചു പോന്നു. അന്നാണ് ഈ സാരിയെന്ന യൂണിഫോം ഉണ്ടാക്കുന്ന പ്രായോഗിക ബുദ്ധിമുട്ട് ശരിക്കും മനസ്സിലാകുന്നത്. പിറ്റേന്ന് മുതൽ പാന്റും ഷർട്ടും  മാത്രം ധരിച്ച് ഡ്യൂട്ടിയ്ക്ക് പോകുമെന്നും ഞാൻ തീരുമാനിച്ചു. ടക്ക് ഇൻ ചെയ്യാനും തീരുമാനിച്ചു. അതിനു വേണ്ടി സന്ധ്യ ഐ.പി.എസ്സിനെ പോയിക്കണ്ടു.

ഈയൊരു യൂണിഫോമിന് എന്തെങ്കിലും നിയമപരമായ തടസ്സമുണ്ടോയെന്ന് ഞാൻ സന്ധ്യ സാറിനോട് ചോദിച്ചു. നിയമപരമായി യാതൊരു തടസ്സവുമില്ലയെന്ന് സന്ധ്യസാർ പറയുകയും ചെയ്തു.

അന്ന് എന്റെ മനസ്സിൽ മുഴുവൻ ആ ചിന്ത തന്നെയായിരുന്നു. എന്തിനാണ് ഒരേ സർവ്വീസിലുള്ള സ്ത്രീയ്ക്കും പുരുഷനും രണ്ട് തരം വേഷം? അങ്ങനെ ഞാൻ നിയമപോരാട്ടം തുടങ്ങി.

*എന്നാണ് ഇതുമായി ബന്ധപ്പെട്ട് വിനയ കോടതിയെ സമീപിക്കുന്നത്?*

പിന്നീടങ്ങോട്ട് ടക്ക് ഇൻ ചെയ്ത യൂണിഫോമാണ് ഞാൻ ധരിച്ചിരുന്നത്. ട്രാൻസ്ഫർ ആയി വയനാട്ടിലേക്ക് പോവുകയും ചെയ്തു. അമ്പലവയൽ പോലീസ് സ്റ്റേഷനിൽ ജോലി ചെയ്യുന്ന സമയത്ത് 2002ൽ ആദിവാസി സമരം നടക്കുമ്പോഴാണ് ജാനുവിന്റെ നേതൃത്വത്തിലുള്ള സമരക്കാർ ഒരു പോലീസുകാരിയുടെ സാരി വലിച്ചുപറിച്ചെറിയുന്നത്. ആ സംഭവത്തിനു ശേഷം ഡി.ജി.പി 1/2002 എന്ന സർക്കുലറിൽ വനിതാ പോലീസുകാരുടെ യൂണിഫോം പാന്റും ഷർട്ടുമാക്കി. ആ സർക്കുലറിൽ യൂണിഫോമിനെപ്പറ്റി വ്യക്തമായ നിർദ്ദേശങ്ങളുണ്ടായിരുന്നു. 1) ബുഷ് ഷർട്ട് പാന്റിന്റെ മുകളിൽ ഇട്ട് അതിന് കുറുകെ ബെൽട്ട് ഇടുന്ന രീതി ആയിരിക്കണം.

2) ബെൽട്ട് ഷർട്ടിന്റെ മുകളിലിടണം. ഫുൾസ്ലീവ് ആയിരിക്കണം.

3) കമ്മൽ ചെറിയതായിരിക്കണം. അങ്ങനെ പുരുഷനും സ്ത്രീക്കും രണ്ട് തരത്തിലുള്ള യൂണിഫോമാണ് നിർദ്ദേശിക്കപ്പെട്ടത്. പുരുഷന് ടക്ക് ഇൻ ചെയ്ത യൂണിഫോം തന്നെയായിരുന്നു. സർക്കുലർ വന്നപ്പോൾ എല്ലാ പോലീസുകാരികളും ബുഷ് ഷർട്ടുകൾ ടക്ക് ഇൻ ചെയ്യാതെയും ഞാൻ മാത്രം ടക്ക് ഇൻ ചെയ്തും വരാൻ തുടങ്ങി. ഈയൊരു വിവേചനമാണ് എന്നെ കോടതിയിലേക്ക് എത്തിച്ചത്.

*അത് ഡിപ്പാർട്ട്മെന്റ് പ്രശ്നമുണ്ടാക്കിയില്ലേ?*

ഉവ്വ്, പ്രശ്നമുണ്ടാക്കി. എനിക്ക് മെമ്മോയും കിട്ടി. എന്നോട് വിശദീകരണം ചോദിച്ചു. ഡി.ജി.പിയുടെ സർക്കുലർ ഭരണഘടനാവിരുദ്ധമാണെന്ന് ഞാൻ തിരിച്ച് വിശദീകരണം കൊടുത്തു. ഭരണഘടനാ വിരുദ്ധമായ ഉത്തരവുകൾ അനുസരിക്കാതിരിക്കാൻ വ്യക്തിക്ക് അധികാരമുണ്ടെന്ന് പറഞ്ഞാണ് ഞാൻ വിശദീകരണം കൊടുത്തത്.

ഈ പ്രശ്നങ്ങൾ നടക്കുന്ന സമയത്താണ് കണ്ണൂരിൽ പോലീസ് സ്പോർട്സ് മീറ്റിൽ വനിതാ പോലീസുകാരുടെ പോയിന്റ് എണ്ണപ്പെടുകയില്ലയെന്ന വിഷയവുമായി ബന്ധപ്പെട്ട് ഞാൻ സസ്പെൻഡ് ചെയ്യപ്പെടുന്നത്. ആ സമയത്തു തന്നെയാണ് യൂണിഫോം വിഷയവുമായി ഞാൻ ഹൈക്കോടതിയെ സമീപിക്കുന്നതും. ആ കേസ്സിൽ രണ്ടു മൂന്ന് തവണ ഹൈക്കോടതി എന്റെ വാദം അപക്വമാണെന്ന് പറഞ്ഞെങ്കിലും പിന്നീട് നടന്ന കേസിന്റെ വാദങ്ങളിൽ എന്റെ ഭാഗത്ത് കഴമ്പുണ്ടെന്ന് ബോദ്ധ്യപ്പെട്ട കോടതി ആഭ്യന്തരസെക്രട്ടറിയോട് വിശദീകരണം ചോദിച്ചു. ആഭ്യന്തര സെക്രട്ടറിയോട് എന്റെ ഭാഗം വിശദമായി കേൾക്കാൻ കോടതി ആവശ്യപ്പെട്ടു. അതിനുശേഷം ഉചിതമായ തീരുമാനം എടുക്കാനും കോടതി ആവശ്യപ്പെട്ടു. ഞാൻ ആഭ്യന്തര സെക്രട്ടറിയുടെ അടുത്തു പോയി ബുഷ് ഷർട്ട് ധരിച്ചും, ടക്ക് ഇൻ ചെയ്തും അതിന്റെ വ്യത്യസ്തതകളെ വിശദീകരിച്ചും കൊടുത്തു.

*ആഭ്യന്തരസെക്രട്ടറിക്കത് ബോധ്യപ്പെട്ടോ?*

ഉവ്വ്. ആഭ്യന്തര സെക്രട്ടറിക്ക് രണ്ട് യൂണിഫോമിന്റെയും വ്യത്യസ്തകളെയും സ്ത്രീക്കെതിരെയുള്ള വിവേചനത്തെപ്പറ്റിയും ബോധ്യപ്പെട്ടു. ടക്ക് ഇൻ ആണ് വനിതാപോലീസുകാർക്ക് അനുയോജ്യവും, നല്ലതുമെന്നും ഹോം സെക്രട്ടറി കണ്ടെത്തുകയും യൂണിഫോം മാറ്റുന്നതിന് ഒരു തടസ്സവുമില്ലെന്ന് അവർ സർക്കാറിനെ അറിയിക്കുകയും ചെയ്തു. സർക്കാർ എനിക്ക് അനുകൂലമായി ഓർഡർ ഇറക്കുകയും തടഞ്ഞു വെച്ച എന്റെ മൂന്ന് ഇൻക്രിമെന്റുകൾ എനിക്ക് തിരിച്ചു തരികയും ചെയ്തു. എന്നിട്ടു പോലും ആ സമയത്ത് മൂന്ന് തരം പോലീസ് യൂണിഫോം ഉണ്ടായിരുന്നു. 1) ടക്ക് ഇൻ

**"പെണ്ണുങ്ങൾക്ക് വേണമെങ്കിൽ സമ്മാനം വാങ്ങിത്തരാം. അതുംകൊണ്ട് പോയാൽ മതി" എന്ന് പറഞ്ഞപ്പോഴാണ് ഞാൻ പ്രകോപിതയായത്. ആ ട്രാക്കിൽ കിടന്ന് സമരം ചെയ്തതിന്റെ പേരിൽ ഞാൻ സസ്പെൻഡ് ചെയ്യപ്പെട്ടു. എന്നാൽ അതിനെതിരെ ഞാൻ 2003ൽ ഹൈക്കോടതിയെ സമീപിക്കുകയും കോടതി എന്റെ ഭാഗം ശരിയാണെന്ന് കണ്ട് എന്നെ തിരിച്ചെടുക്കുകയും ചെയ്തു. അപ്പോൾ തന്നെ ഡിപ്പാർട്ട്മെന്റ് എൻക്വയറി പെന്റിംഗ് ഉള്ളതുകൊണ്ട് ആ അന്വേഷണം പൂർത്തീകരിച്ച മാത്രയിൽ ഡിപ്പാർട്ട്മെന്റ് എന്നെ കുറ്റക്കാരിയാക്കിക്കൊണ്ട് സർവ്വീസിൽ നിന്ന് പിരിച്ചുവിട്ടു.**

ചെയ്യുന്ന ആൺ പോലീസ് 2) ടക്ക് ഇൻ ചെയ്യാത്ത പെൺപോലീസ് 3) ടക്ക് ഇൻ ചെയ്യുന്ന വിനയ പോലീസ്. ആ രീതിയിൽ 15 വർഷം നടന്നു. പിന്നീ ടാണ് എല്ലാവർക്കും ടക്ക് ഇൻ മതിയെന്ന് ഓർഡർ വന്നത്. നാഷനൽ കോൺഫറൻസ് ഫോർ പോലീസ് വിമൻ എന്നതിൽ വെച്ചാണ് പോലീസു കാരികൾ രണ്ടുതരം യൂണിഫോം ധരിക്കേണ്ട ആവ ശ്യമില്ലെന്നും എല്ലാവർക്കും ഒരേ രീതിയിലുള്ള യൂണിഫോം മതി എന്നും തീരുമാനിച്ചത്. ആ കോൺഫറൻസിൽ വെച്ച്, വിനയയുടെ നിയമപോ രാട്ടത്തെപ്പറ്റി പരാമർശമുണ്ടായി.

*2002ൽ പോലീസ് സ്പോർട്സ് മീറ്റുമായി ബന്ധ പ്പെട്ട് നടത്തിയ നിയമയുദ്ധം?*

സ്ത്രീകളുടെ പോയിന്റുകൾ എണ്ണുകയില്ല എന്നതിനെ ഞാൻ നിശിതമായി വിമർശിക്കുകയും അതിനെതിരെ രണ്ടുമൂന്നു തവണ പരാതിപ്പെടു കയും ചെയ്തു. പക്ഷേ, ഡിപ്പാർട്ട്മെന്റ് എന്റെ പരാതിയെ തൃണവത്ക്കരിച്ച് നടപടി ഒന്നും സ്വീകരിച്ചില്ല. അപ്പോൾ അതിനെതിരെ ഞാൻ സ്പോർട്സ് മീറ്റ് നടക്കുന്ന ട്രാക്കിൽ കിടന്ന് സമരം ചെയ്യുകയുണ്ടായി. "പെണ്ണുങ്ങൾക്ക് വേണമെങ്കിൽ സമ്മാനം വാങ്ങിത്തരാം. അതും കൊണ്ട് പോയാൽ മതി" എന്ന് പറഞ്ഞപ്പോഴാണ് ഞാൻ പ്രകോപിതയായത്. ആ ട്രാക്കിൽ കിടന്ന് സമരം ചെയ്തതിന്റെ പേരിൽ ഞാൻ സസ്പെൻഡ് ചെയ്യപ്പെട്ടു. അതിനെതിരെ ഞാൻ 2003ൽ ഹൈക്കോടതിയെ സമീപിക്കുകയും കോടതി എന്റെ ഭാഗം ശരിയാണെന്ന് കണ്ട് എന്നെ തിരിച്ചെ ടുക്കുകയും ചെയ്തു. എന്നാൽ ഡിപ്പാർട്ട്മെന്റ്

**"പെണ്ണുങ്ങൾക്ക് വേണമെങ്കിൽ സമ്മാനം വാങ്ങിത്തരാം. അതും കൊണ്ട് പോയാൽ മതി" എന്ന് പറഞ്ഞപ്പോഴാണ് ഞാൻ പ്രകോപിതയായത്. ആ ട്രാക്കിൽ കിടന്ന് സമരം ചെയ്തതിന്റെ പേരിൽ ഞാൻ സസ്പെൻഡ് ചെയ്യപ്പെട്ടു. അതിനെതിരെ ഞാൻ 2003ൽ ഹൈക്കോടതിയെ സമീപി ക്കുകയും കോടതി എന്റെ ഭാഗം ശരിയാ ണെന്ന് കണ്ട് എന്നെ തിരിച്ചെടുക്കുകയും ചെയ്തു.**

എൻക്വയറി പെന്റിംഗ് ഉള്ളതുകൊണ്ട് അതിന്റെ അന്വേഷണം പൂർത്തീകരിച്ച മാത്രയിൽ ഡിപ്പാർട്ട്മെന്റ് എന്നെ കുറ്റക്കാരിയാക്കിക്കൊണ്ട് സർവ്വീസിൽ നിന്ന് പിരിച്ചുവിട്ടു. ഒരു വർഷത്തിനു ശേഷം സർക്കാരാണ് എന്നെ തിരിച്ചെടുത്തത്. ആ നിയമസമരത്തിന്റെ ഫലമായി പിന്നീടുള്ള സ്പോർട്സ് മീറ്റുകളിൽ പുരുഷന്മാരും സ്ത്രീകളും ഒരുമിച്ച് ദീപശിഖ പിടിക്കാൻ തുടങ്ങുകയും സ്ത്രീകളെ മാർച്ച്പാസ്റ്റിൽ പങ്കെടുപ്പിക്കുകയും സ്ത്രീകളുടെ പോയിന്റുകൾ എണ്ണുകയും ചെയ്യുക യുണ്ടായി. അങ്ങനെയുള്ള നിരവധി മാറ്റങ്ങളാണ് ഇത്തരം നിയമപ്പോരാട്ടങ്ങൾ വഴി ഡിപ്പാർട്ട്മെന്റിൽ ഉണ്ടായത്. ●

---

## ബിനിത ഹസാരിക – ആസ്സാം



അഞ്ചുവർഷമായി കോടതിയിൽ പ്രാക്ടീസു ചെയ്യുന്നു. നിയമവും നീതിയും ഇന്നും സ്ത്രീകൾക്ക് എളുപ്പത്തിൽ ലഭിക്കുന്ന ഒന്നായി കരുതുന്നില്ല. നിയമമേഖല പുരുഷാധിപത്യ ഇടമായതിനാൽ ധാരാളം ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. എന്നാലും നല്ല രീതിയിൽ തന്നെ പ്രാക്ടീസുമായി മുന്നോട്ടു പോകുന്നു. സ്ത്രീകൾക്കനുകൂലമായ നിയമങ്ങൾ ഉണ്ടെങ്കിലും അവനേടിയെടുക്കുന്നതിന് നേരിടുന്ന ബുദ്ധിമുട്ടുകൾ വളരെയാണ്.



# വിവാഹാനന്തര സ്വത്തവകാശം

**ഇന്ത്യയെപ്പോലുള്ള പുരുഷാധിപത്യ വ്യവസ്ഥിതി നിലനിൽക്കുന്ന ഒരു രാജ്യത്തിൽ 'ആധുനിക മനു'ക്കളുടെ എണ്ണം കൂടുന്നതോടൊപ്പം ആശ്രിത മനോഭാവത്തിന്റെ അടിമത്വത്തിൽ നിന്നുള്ള മോചനത്തിനായി സ്ത്രീകളുടെ കൂട്ടായ്മ ഉയർന്നു വരുന്നു എന്നതും സവിശേഷ ശ്രദ്ധ അർഹിക്കുന്ന ഒന്നാണ്.**



അഡ്വ. മരിയ

സ്ത്രീകളുടെ അവകാശ സംരക്ഷണവുമായി ബന്ധപ്പെട്ട നിരവധി നിയമങ്ങൾ ഇന്ന് ഇന്ത്യയിൽ നിലവിലുണ്ട്. എന്നാൽ അത്യാവശ്യം വേണ്ട ചില നിയമങ്ങളുടെ അഭാവം പ്രകടവുമാണ്. അത്തരത്തിലുള്ള ഒന്നാണ് വിവാഹാനന്തര സ്വത്തവകാശവുമായി ബന്ധപ്പെട്ട നിയമം. വിവാഹമോചനത്തിന്റെ വക്കിലെത്തി നിൽക്കുന്നതും വിവാഹമോചനം കഴിഞ്ഞതുമായ നിരവധി പേർ അഭിമുഖീകരിക്കുന്ന പ്രശ്നമാണിത്. വിവാഹബന്ധം വേർപെടുത്തുമ്പോൾ നിലവിലുള്ള സ്വത്ത് എങ്ങിനെ ന്യായമായി വിഭജിക്കണമെന്നത് ഇന്നും നമ്മുടെ രാജ്യത്ത് ഒരു കീറാമുട്ടിയാണ്. വിവാഹാനന്തര സ്വത്തവകാശം രാജ്യത്ത് നിലവിൽ ഇല്ലാത്തതാണ് ഇതിന് കാരണം.

ഏതൊരു പുരുഷാധിപത്യ സമൂഹത്തിന്റെയും പ്രത്യക്ഷവും പരോക്ഷവുമായ ലക്ഷ്യം സ്ത്രീകളെ ആശ്രിത മനോഭാവമുള്ളവരായി വളർത്തുകയും നിലനിർത്തുകയും എന്നതാണ്. കാല-ദേശങ്ങൾക്ക് അതീതമായി കാലാകാലമായി നടന്നു വരുന്ന ഒന്നാണിത്. പെണ്ണായി ജനിച്ച് പോയാൽ ബാല്യത്തിലും യൗവ്വനത്തിലും, വാർദ്ധക്യത്തിലും അച്ഛന്റെയും ഭർത്താവിന്റെയും മകന്റെയും സംരക്ഷണത്തിലായിരിക്കണമെന്ന് മനുസ്മൃതിയുടെ കർത്താവായ മനു നൂറ്റാണ്ടുകൾക്ക് മുമ്പാണ് പറഞ്ഞതെങ്കിലും ഇരുപത്തി

**തനിക്ക് പിതാവിൽ നിന്ന് അവകാശമായോ, വിൽപത്രം വഴിയോ, ഇഷ്ടദാനമായോ ലഭിച്ച സ്വത്തും താൻ സ്വന്ത മായി സമ്പാദിച്ച സ്വത്തും മാത്രമല്ല, വിവാഹത്തോട് അനു ബന്ധിച്ച് ഭാര്യയ്ക്ക് ലഭിക്കുന്ന സ്വത്തും വിവാഹാനന്തരം സ്വപ്രയത്നത്താൽ ഭാര്യ സമ്പാദിക്കുന്ന സ്വത്തും അവ ളുടെ വരുമാനവും തന്റെ സ്വത്താക്കി മാറ്റി കൈയ്യടക്കി വയ്ക്കുന്നതും സ്വത്ത് കൈകാര്യം ചെയ്യുന്നതും പൊതുവെ പുരുഷനാണ്.**

യൊന്നാം നൂറ്റാണ്ടിലും നിരവധി പുരുഷന്മാരുടെ മനോഭാവ ത്തിലും പ്രവൃത്തിയിലും ശാഠ്യ ത്തിലും മനുവിന്റെ ഉത്ബോ ധനം ഒളിഞ്ഞും തെളിഞ്ഞും പ്രകടമാണെന്ന കാര്യത്തിൽ തർക്കമില്ല. എല്ലാ ജാതിയിലും മതത്തിലും ഉൾപ്പെട്ടവരിലും ആധുനിക 'മനു'വിനെകാണാൻ ബുദ്ധിമുട്ടില്ല. ഗ്രാമത്തിലും പട്ട ണത്തിലും ഒരു രൂപയ്ക്ക് പത്തെന്ന വിധത്തിൽ ബുദ്ധിജീ വിയുടെ വേഷത്തിലും പുരോഹി തന്റെ വേഷത്തിലും രാഷ്ട്രീയ ക്കാരന്റെ വേഷത്തിലും അധ്യാ പകന്റെ വേഷത്തിലും എഴുത്തു കാരന്റെ വേഷത്തിലുമടക്കം ഇവരെ കാണാം.

ഇന്ത്യയെപോലുള്ള പുരുഷാ ധിപത്യ വ്യവസ്ഥിതി നില നിൽക്കുന്ന ഒരു രാജ്യത്തിൽ' ആധുനിക മനു'ക്കളുടെ എണ്ണം കുടുന്നതോടൊപ്പം ആശ്രിത മനോഭാവത്തിന്റെ അടിമത്വ ത്തിൽ നിന്നുള്ള മോചനത്തി നായി സ്ത്രീകളുടെ കൂട്ടായ്മ ഉയർന്നു വരുന്നു എന്നതും സവി ശേഷ ശ്രദ്ധ അർഹിക്കുന്ന ഒന്നാ ണ്. സ്വാശ്രയത്തിന്റെ നെടുംതുണുകളിലൊന്ന് സ്വത്തും സാമ്പത്തിക സുരക്ഷ യുമാണെന്ന് തിരിച്ചറിഞ്ഞ സ്ത്രീ സമൂഹം അതിനായുള്ള പ്രവർത്തനത്തിലാണിന്ന്. കൂലി യില്ലാ പണിയെന്ന ഓമനപ്പേരില റിയപ്പെടുന്ന വീട്ടുപണി സാമ്പ ത്തിക പ്രവർത്തനമാണെന്ന് തിരിച്ചറിഞ്ഞ സ്ത്രീ സമൂഹം വിവാഹാനന്തര സ്വത്തവകാ ശത്തെ കുറിച്ചാണ് ഇന്ന് അതീവ ഗൗരവമായി ചിന്തിക്കുന്നതും അതിനായുള്ള കുട്ടായ പോരാട്ട ത്തിൽ ഏർപ്പെട്ടിട്ടുള്ളതും.

**വിവാഹാനന്തര സ്വത്തവകാശം**

ഇന്ത്യയെ സംബന്ധിച്ചിട ത്തോളം വിവാഹത്തിന് മുമ്പും, വിവാഹത്തിന് ശേഷവും പൊതുവെ സ്വത്ത് കൈയ്യടക്കി വയ്ക്കുന്നതും സ്വത്ത് കൈകാര്യം ചെയ്യുന്നതും പുരു ഷനാണ്. തനിക്ക് പിതാവിൽ നിന്ന് അവകാശമായോ, വിൽപത്രം വഴിയോ, ഇഷ്ടദാന മായോ ലഭിച്ച സ്വത്തും താൻ സ്വന്തമായി സമ്പാദിച്ച സ്വത്തും മാത്രമല്ല, വിവാഹത്തോട് അനു ബന്ധിച്ച് ഭാര്യയ്ക്ക് ലഭിക്കുന്ന സ്വത്തും വിവാഹാനന്തരം സ്വപ്ര യത്നത്താൽ ഭാര്യ സമ്പാ ദിക്കുന്ന സ്വത്തും അവളുടെ വരു മാനവും തന്റെ സ്വത്താക്കി മാറ്റി കൈയ്യടക്കി വയ്ക്കുന്നതും സ്വത്ത് കൈകാര്യം ചെയ്യുന്നതും പൊതുവെ പുരുഷനാണ്. അതു കൊണ്ട് തന്നെ ചില പ്രത്യേക കാരണങ്ങളാൽ വിവാഹബന്ധം വേർപെടുത്തേണ്ട സാഹചര്യം ഉണ്ടാകുമ്പോഴും , ഭർത്താവിന്റെ മരണത്താൽ വിധവയായി തീരു മ്പോഴും ജീവിതം മുന്നോട്ട് കൊണ്ടു പോകാൻ സ്ത്രീ അനു ഭവിക്കുന്ന പ്രശ്നങ്ങളും അവൾ നേരിടുന്ന പ്രതിസന്ധികളും നിര വധിയാണ്. ഗാർഹിക പീഡനം മൂലമോ, വിവാഹ മോചനം മൂലമോ, ഭർത്താവിന്റെ മരണം മൂലമോ വെറും കൈയ്യോടെ തെരുവിലേക്ക് വിവാഹിതയായ സ്ത്രീ വലിച്ചെറിയപ്പെടുമ്പോൾ സ്വത്തും സമ്പാദ്യവും വരുമാന വുമില്ലാതെ ജീവിതത്തിന് മുന്നിൽ അവൾ പകച്ച് നിൽക്കുകയാണ് പതിവ്. ഇതിന് പരിഹാരമായി സ്ത്രീകളുടെ അവകാശ സംരക്ഷണത്തിൽ വള രെയേറെ ദൂരം മുന്നോട്ട് പോയി ട്ടുള്ള പാശ്ചാത്യ രാജ്യങ്ങ ളിലടക്കം നിലവിലുള്ള സമ്പ്രദാ യമാണ് വിവാഹാനന്തരം ഭർത്താവും , ഭാര്യയും കൂടി സമ്പാദിച്ച സ്വത്തിന്റെ അവ കാശം വിവാഹമോചിതയായ സ്ത്രീക്കും, വിധവയ്ക്കും നിയമം വഴി ഉറപ്പാക്കുക എന്നത്.

വിവാഹവുമായി ബന്ധപ്പെട്ട സ്വത്തിനെ പ്രധാനമായും മൂന്നാ യാണ് ലോകത്തെമ്പാടും തരം തിരിച്ചിട്ടുള്ളത്. ഒന്നാമത്തേത് വിവാഹത്തിന് മുമ്പും , വിവാഹ ശേഷവും ഭർത്താവോ , ഭാര്യയോ സമ്പാദിച്ച സ്വത്ത് അത് സമ്പാദിച്ച വ്യക്തിയുടെ മാത്രം സ്വത്തായി കണക്കാക്കുക എന്നതാണ്. ഇതിൽ പിൻതുടർച്ച അവകാശമായി ലഭിച്ച സ്വത്ത് , ദാനമായി ലഭിച്ച സ്വത്ത് അടക്ക മുള്ളവ ഉൾപ്പെടും. വിവാഹ മോചനസമയത്തോ , വിധവയാ കുമ്പോഴോ ഭർത്താവിന്റെ സ്വത്ത് പങ്കു വയ്ക്കേണ്ട ആവശ്യം ഇതി ലില്ല. ലോകത്ത് 45 രാജ്യങ്ങളിൽ ഇത്തരത്തിലുള്ള രീതിയാണ് നിലവിലുള്ളത്.

രണ്ടാമത്തെ രീതി അനുസ രിച്ച് വിവാഹത്തിന് മുമ്പ് സമ്പാ ദിച്ച സ്വത്ത് ആര് സമ്പാദിച്ചതാ ണോ ആ വ്യക്തിയുടെ മാത്രം സ്വത്തായി കണക്കാക്കുകയും വിവാഹ ശേഷം സമ്പാദിച്ച സ്വത്തും വരുമാനവും ഭർത്താവി ന്റെയും ഭാര്യയുടെയും പൊതു സ്വത്ത് (കമ്മ്യൂണിറ്റി പ്രൊപ്രറ്റി) ആയി കണക്കാക്കുക എന്നതുമാ ണ്. 68 രാജ്യങ്ങളിൽ ഇത്തരത്തി ലുള്ള രീതിയാണ് നിലവിലുള്ള ത്.

മൂന്നാമത്തെ രീതി വിവാഹത്തിന് മുമ്പും വിവാഹശേഷവും ഭർത്താവോ , ഭാര്യയോ സമ്പാദിച്ച സ്വത്ത് അത് സമ്പാദിച്ച വ്യക്തിയുടെ മാത്രം സ്വത്തായി കണക്കാക്കാതെ, മറിച്ച് ഭർത്താവിന്റെയും , ഭാര്യയുടെയും പൊതുസ്വത്തായി കണക്കാക്കുന്നതാണ്. രണ്ടാമത്തെ രീതി ഭാഗിക പൊതുസ്വത്ത് രീതി എന്നറിയപ്പെടുമ്പോൾ മൂന്നാമത്തെ രീതി പൂർണ പൊതുസ്വത്ത് രീതി എന്നാണറിയപ്പെടുന്നത്. നെതർലാന്റ്, ബറൂണ്ടി , സാമ്പിയ , റവാണ്ട , ഫിലിപൈൻസ് , ദക്ഷിണ ആഫ്രിക്ക അടക്കമുള്ള രാജ്യങ്ങളിൽ പൂർണ പൊതുസ്വത്ത് രീതിയാണ് നിലവിലുള്ളത്. ഈ രീതി നിലവിലുള്ള രാജ്യങ്ങളിൽ സ്വത്തിൽ കൂട്ടായ ഉടമസ്ഥാവകാശമാണ് ഭർത്താവിനും ഭാര്യയ്ക്കും ഉണ്ടായിരിക്കുക.

അമേരിക്കയിലെ അരിസോണ, കാലിഫോർണിയ, ലൂസിയാന, നിവേഡ, ന്യൂമെക്സിക്കോ , ടെക്സാസ് , വാഷിങ്ടൺ അടക്കം ഒൻപത് സംസ്ഥാനങ്ങളിലും പൊതുസ്വത്ത് രീതിയാണ് പിൻതുടർന്ന് വരുന്നത്. ഈ രീതിയിൽ ഭർത്താവിനോ , ഭാര്യയ്ക്കോ പരസ്പര സമ്മതവും അനുവാദവും കൂടാതെ തങ്ങളുടെ സ്വത്ത് ഏകപക്ഷീയമായി വിൽക്കാനാവില്ല. എന്നാൽ സ്വത്തിൽ തുല്യ അവകാശം ഉള്ളതിനാൽ തനിക്ക് അവകാശപ്പെട്ട പകുതി സ്വത്ത് വിൽപത്രത്തിൽ തനിക്ക് ഇഷ്ടപ്പെട്ട വ്യക്തിക്ക് എഴുതി വയ്ക്കാം.

പൊതുസ്വത്ത് രീതിയുടെ സവിശേഷത വിവാഹ മോചന സമയത്തും , വിധവയായി തീരേണ്ട അവസ്ഥാ വിശേഷം സംജാതമാകുമ്പോഴും സ്ത്രീക്ക് അത് താങ്ങും തണലുമായി തീരുന്നു എന്നതാണ്. പൊതുസ്വത്ത് രീതി പ്രകാരം വിവാഹ മോചിതയായ സ്ത്രീക്ക് പൊതുസ്വത്തിന്റെ നേർ പകുതിക്ക് നിയമപരമായി അവകാശമുണ്ട്. വിധവയായി തീരുന്ന സ്ത്രീക്കും ഇതേ അവകാശം തന്നെയാണുള്ളത്.

**പൊതുസ്വത്ത് രീതിയുടെ സവിശേഷത വിവാഹ മോചനസമയത്തും , വിധവയായി തീരേണ്ട അവസ്ഥാ വിശേഷം സംജാതമാകുമ്പോഴും സ്ത്രീക്ക് അത് താങ്ങും തണലുമായി തീരുന്നു എന്നതാണ്. പൊതുസ്വത്ത് രീതി പ്രകാരം വിവാഹ മോചിതയായ സ്ത്രീക്ക് പൊതുസ്വത്തിന്റെ നേർ പകുതിക്ക് നിയമപരമായി അവകാശമുണ്ട്. വിധവയായി തീരുന്ന സ്ത്രീക്കും ഇതേ അവകാശം തന്നെയാണുള്ളത്.**

### ഇന്ത്യൻ പെൺകൂട്ടായ്മയുടെ പോരാട്ടം

ദക്ഷിണ ധ്രുവത്തിൽ ഒരു ചിത്രശലഭം ചിറകടിച്ചാൽ അത് സൃഷ്ടിക്കുന്ന തരംഗങ്ങൾ ഉത്തര ധ്രുവം വരെ എത്തുമെന്നാണ് പരിസ്ഥിതി ശാസ്തജ്ഞർ പറയുന്നത്. സ്ത്രീകളുടെ അവകാശങ്ങൾക്ക് വേണ്ടി ലോകത്തിന്റെ ഏത് ഭാഗത്ത് നടക്കുന്ന പ്രവർത്തനങ്ങളുടെ കാര്യത്തിലും സ്ഥിതി ഇതു തന്നെയാണ്. അതുകൊണ്ടു തന്നെയാണ് മറ്റ് രാജ്യങ്ങളിൽ നിലവിലുള്ള വിവാഹാനന്തര സ്വത്തവകാശം ഇന്ത്യയിലെ പെൺകൂട്ടായ്മയ്ക്കിടയിൽ സജീവ ചർച്ചാവിഷയമാകുന്നതും അത്തരത്തിലൊരു നിയമം ഇന്ത്യയിൽ അടിയന്തിരമായി പാസാക്കപ്പെടണമെന്ന് സ്ത്രീ സമൂഹം ആവശ്യപ്പെടുന്നതും.

1995-ലാണ് സ്ത്രീ സംഘടനകൾ ഭർത്താവിന്റെ സ്വത്തിൽ ഭാര്യയ്ക്ക് തുല്യ അവകാശം നൽകുന്ന നിയമം ഉണ്ടാകണമെന്ന ആവശ്യവുമായി മഹാരാഷ്ട്രയിൽ രംഗത്തിറങ്ങിയത്. മഹാരാഷ്ട്രയോട് തോളുരുമ്മി കിടക്കുന്ന പോർച്ചുഗീസ് കോളനിയായ ഗോവയായിരുന്നു പ്രചോദന കേന്ദ്രം. കാരണം പോർച്ചുഗീസുകാർ ഗോവയോട് യാത്രമൊഴി ചൊല്ലുമ്പോൾ ഭാവിയിൽ സ്ത്രീ സമൂഹം എന്നും നന്ദിപൂർവ്വം ഓർമ്മിക്കുന്ന ഒരു നിയമം അവർ ഗോവൻ ജനതയ്ക്ക് നൽകിയിരുന്നു - ഭർത്താവിന്റെ സ്വത്തിൽ ഭാര്യയ്ക്ക് അവകാശം നൽകുന്ന നിയമം.

രണ്ടായിരമാണ്ടിന്റെ തുടക്കത്തിൽ വിവാഹാനന്തര സ്വത്തവകാശ നിയമ നിർമ്മാണത്തിന്റെ മുന്നോടിയായി ചില വനിതാ സംഘടനകൾ മഹാരാഷ്ട്രയിൽ നിയമത്തിന്റെ കരട് തയ്യാറാക്കി. തുടർന്ന് ഒരു പതിറ്റാണ്ടിൽ എണ്ണമറ്റ ചർച്ചകൾ ഇതുമായി ബന്ധപ്പെട്ട് രാജ്യത്തിന്റെ പല ഭാഗത്തും നടന്നു. ഇതിന്റെ അനന്തര ഫലമായി 2012-ൽ മഹാരാഷ്ട്ര സംസ്ഥാനവനിത കമ്മീഷൻ , വിവിധ സ്ത്രീ സംഘടനകളുടെ സഹായ സഹകരണത്തോടെ വിവാഹനന്തര സ്വത്തവകാശ ബിൽ തയ്യാറാക്കി നിയമവകുപ്പിന് നൽകി.

2012-ലെ ബിൽ അനുസരിച്ച് വിവാഹാനന്തര സ്വത്തിൽ ഭർത്താവിന്റെ സ്ഥാവര-ജംഗമ വസ്തുക്കൾ മുഴുവൻ ഉൾപ്പെടും. കൂട്ടു കുടുംബത്തിലെ ഭർത്താവിന്റെ വിഹിതം, ഭർത്താവിന്റെ ബിസിനസ്, പ്രൊവിഡന്റ് ഫണ്ട്, ഗ്രാറ്റ്വിറ്റി എന്നിവയും ഇതിൽ ഉൾപ്പെടും. എന്നാൽ ഭർത്താവിന്റെ വ്യക്തിപരമായ ലൈഫ് ഇൻഷൂറൻസ് തുക, സ്വർണാഭര

ണങ്ങൾ എന്നിവ ഉൾപ്പെടില്ല. അതേ സമയം ഭർത്താവിന് സ്വത്ത് വിൽക്കണമെങ്കിൽ ഭാര്യയുടെ സമ്മതം വേണം. ഭാര്യയുടെ രേഖാമൂലമുള്ള സമ്മതമില്ലാതെ നടത്തപ്പെടുന്ന ഏതൊരു വസ്തു കൈമാറ്റവും നിയമ സാധുത ഇല്ലാത്തതുമായിരിക്കും എന്നും ബില്ലിൽ വ്യവസ്ഥയുണ്ട്.

ബില്ലിന്റെ ഏറ്റവും വലിയ പ്രത്യേകത, നിയമപരമായി ഭാര്യ-ഭർത്താക്കന്മാർ വേറിട്ട് താമസിക്കാൻ തീരുമാനിക്കുമ്പോഴും , വിവാഹമോചനം നേടുമ്പോഴും വിവാഹാനന്തര സ്വത്തിന്റെ പകുതി രണ്ടു പേർക്കും തുല്യമായി ലഭിക്കുമെന്നുള്ളതാണ്. എന്നാൽ ഭാര്യയോ, ഭർത്താവോ പകുതിയിൽ കൂടുതൽ സ്വത്ത് അവകാശപ്പെട്ടാൽ വിവാഹ ജീവതത്തിന്റെ ദൈർഘ്യം, ഭാര്യ-ഭർത്താക്കന്മാരുടെ പ്രായം, അവരുടെ വരുമാനം നേടാനുള്ള കഴിവ് , ഭാര്യയുടെ സാമ്പത്തിക മൂല്യം കണക്കിലാക്കിയിട്ടില്ലാത്ത പണി (വീട്ടു പണി), സ്വത്തിന്റെ അന്നത്തെ മാർക്കറ്റ് വില , കുടുംബത്തിന്റെ കടങ്ങളും ബാധ്യതകളും തുടങ്ങിയവ കണക്കിലെടുത്ത് കോടതി തീരുമാനമെടുക്കണം.

ബില്ല് നിയമ വകുപ്പിന് മുന്നിലെത്തിയതോടെ മഹാരാഷ്ട്രയിലെ മുസ്ലിം സമുദായ നേതാക്കൾ പ്രതിഷേധവുമായി രംഗത്തെത്തി. ബില്ല് മുസ്ലിം സമുദായ അംഗങ്ങളുടെ വികാരത്തെ വ്രണപ്പെടുത്തുന്നതും നിലവിലുള്ള മുസ്ലിം സ്ത്രീകളുടെ അവകാശ (സംരക്ഷണ) നിയമത്തിന് എതിരാണെന്നുമാണ് അവരുടെ വാദം. അതുകൊണ്ട് മുസ്ലിം സമുദായത്തെ പരിഗണനയിലിരിക്കുന്ന വിവാഹനന്തര സ്വത്തവകാശ നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കണമെന്നാണ് അവർ ആവശ്യപ്പെട്ടിട്ടുള്ളത്.

**ഭാര്യയുടെ പങ്ക്**

വിവാഹാനന്തര സ്വത്തവകാശത്തെ എതിർക്കുന്നവർ പ്രധാനമായും ഉന്നയിക്കുന്ന ആക്ഷേപം വിവാഹ ജീവിതത്തിൽ ആർജ്ജിക്കുന്ന സ്വത്തിൽ ഭാര്യയുടെ സംഭാവന എന്താണെന്നാണ്. മാസവേതനമോ, കൂലി വേലയോ ചെയ്യുന്ന ഭാര്യയുടെ സാമ്പത്തിക സംഭാവന അർദ്ധമനസ്സോടെ അംഗീകരിക്കപ്പെടുന്നുണ്ടെങ്കിലും മാസവേതനമോ, കൂലി വേലയോ ഇല്ലാത്ത ഒരു സാധാരണ വീട്ടമ്മ വിവാഹ ജീവിത കാലത്ത് കുടുംബം ആർജ്ജിക്കുന്ന സ്വത്തിൽ ഒരു സംഭാവനയും നൽകുന്നില്ല എന്ന കാഴ്ചപ്പാടാണ് പൊതുവെയുള്ളത്. എന്നാൽ വിവാഹാനന്തര സ്വത്തവകാശം നിലനിൽക്കുന്ന രാജ്യങ്ങളിൽ വീട്ടമ്മയുടെ കുലിയില്ലാ പണിയുടെ മൂല്യം അവളുടെ സാമ്പത്തിക സംഭാവനയായിട്ടാണ് കണക്കുകൂട്ടുന്നത്. ലോകത്താകമാനം സ്ത്രീകളുടെ വീട്ടുപണി എന്ന 33 തരം കുലിയില്ലാപ്പണിയുടെ മൂല്യം 11 ലക്ഷം കോടി ഡോളറാണെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇന്ത്യയിലെ മാത്രം കുലിയില്ലാപ്പണിയുടെ മൂല്യം 68 ശതകോടി ഡോളറാണ്.

**വിവാഹാനന്തര സ്വത്തവകാശത്തെ എതിർക്കുന്നവർ പ്രധാനമായും ഉന്നയിക്കുന്ന ആക്ഷേപം വിവാഹ ജീവിതത്തിൽ ആർജ്ജിക്കുന്ന സ്വത്തിൽ ഭാര്യയുടെ സംഭാവന എന്താണെന്നാണ്. മാസവേതനമോ, കൂലി വേലയോ ചെയ്യുന്ന ഭാര്യയുടെ സാമ്പത്തിക സംഭാവന അർദ്ധ മനസ്സോടെ അംഗീകരിക്കപ്പെടുന്നുണ്ടെങ്കിലും മാസവേതനമോ, കൂലി വേലയോ ഇല്ലാത്ത ഒരു സാധാരണ വീട്ടമ്മ വിവാഹ ജീവിത കാലത്ത് കുടുംബം ആർജ്ജിക്കുന്ന സ്വത്തിൽ ഒരു സംഭാവനയും നൽകുന്നില്ല എന്ന കാഴ്ചപ്പാടാണ് പൊതുവെയുള്ളത്.**

നമ്മുടെ കോടതികളും സർക്കാരും വീട്ടമ്മയുടെ വീട്ടു പണി മുല്യമില്ലാത്ത ഒന്നായല്ല കാണുന്നത്. ഇന്ത്യൻ സുപ്രീം കോടതി ലതാ വാദ്വ കേസിൽ ഒരു വീട്ടമ്മ കുടുബത്തിനായി വീട്ടിൽ ചെയ്യുന്ന നാനവിധ ജോലികൾക്ക് പ്രതിവർഷം 36,000 രുപ അർഹിക്കുന്നതായി ചുണ്ടിക്കാട്ടിയിട്ടുണ്ട്. കഴിഞ്ഞ യു.പി.എ. സർക്കാരിന്റെ കാലത്ത് കേന്ദ്ര ശിശു-വനിതാ ക്ഷേമ മന്ത്രാലയം വീട്ടമ്മമാർക്ക് വീട്ടുജോലിക്ക് കൂലി നൽകാനുള്ള ഒരു നിയമം നിർമ്മിക്കാൻ പദ്ധതി ആവിഷ്ക്കരിച്ച് പൊതുജനങ്ങളിൽ നിന്ന് അഭിപ്രായ രൂപീകരണം നടത്തിയിരുന്നു.

വിവാഹാനന്തര സ്വത്തിൽ ഭാര്യയ്ക്ക് തുല്യ അവകാശം നൽകുന്ന നിയമത്തെ കുറിച്ച് ഇന്ന് നിലവിലുള്ള വിമർശനങ്ങളും അതിനെതിരെയുള്ള പ്രതിഷേധ പ്രകടനങ്ങളും എന്തു തന്നെയായാലും അത്തരം ഒരു നിയമം കാലഘട്ടത്തിന്റെ അനിവാര്യമായ ആവശ്യകതയാണെന്ന കാര്യത്തിൽ, സ്ത്രീകളുടെ അവകാശം മനുഷ്യാവകാശമാണെന്ന് വിശ്വസിക്കുന്നവർക്ക്, സംശയമുണ്ടാവില്ല. എന്തു കൊണ്ടെന്നാൽ വർദ്ധിച്ചു വരുന്ന ഗാർഹിക പീഡനത്തിൽ മനംനൊന്ത് നിയമപരമായി

വേറിട്ട് ജീവിക്കാൻ ആഗ്രഹിക്കുന്ന വിവാഹിതരായ സ്ത്രീകളുൾക്കും പല കാരണങ്ങളാൽ വിവാഹ മോചനം നേടുന്ന സ്ത്രീകൾക്കും വിധവകൾക്കും അന്തസോടെ ആത്മാഭിമാനത്തോടെ ശിഷ്ടകാലം ജീവിക്കാൻ ഇത്തരമൊരു നിയമം അനിവാര്യമാണ്.

വിവാഹാനന്തര സ്വത്തവകാശത്തിന്റെ ആവശ്യകത കേരള ഹൈക്കോടതി തന്നെ ചുണ്ടിക്കാട്ടിയിട്ടുണ്ട്. 2011-ൽ ജസ്റ്റിസ് ആർ. ബസന്ത്, കൃഷ്ണദാസും ഹെന്റി ജോസഫുമായുള്ള മോട്ടോർ വാഹനഅപകട നഷ്ട പരിഹാര അപ്പീലിൽ വിധി പ്രസ്താവിക്കുമ്പോൾ നിയമ നിർമ്മാണ സഭ സത്വരമായി പൊതുസ്വത്ത് ( കമ്മ്യുണിറ്റി പ്രൊപ്രറ്റി ) തത്വങ്ങൾ ഇന്ത്യൻ നിയമത്തിൽ ഉൾപ്പെടുത്തണമെന്നും അതിൽ വിവാഹ ജീവിതകാലത്ത് സമ്പാദിക്കുന്ന സ്വത്തുക്കൾ രണ്ടു പേർക്കും തുല്യമായി ഉള്ളതാകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

നിലവിലുള്ള നിയമ സംവിധാനത്തിൽ വിവാഹ മോചനം നേടിയ സ്ത്രീകളും ഭർത്താവ് ഉപേക്ഷിച്ച സ്ത്രീയും , മൊഴി ചൊല്ലപ്പെട്ട സ്ത്രീയും നാമമാത്രമായ ജീവനാംശത്തിനായി കോടതി കയറിയിറങ്ങി കാലം കഴിക്കുന്ന അതിദയനീയ അവസ്ഥയാണുള്ളത്. ഇതിനറുത്തി വരുത്താനും സ്ത്രീകളുടെ അന്തസ്സ് കാത്തു സുക്ഷിക്കാനും പൊതുസ്വത്ത് കേന്ദ്ര ബിന്ദുവാക്കി വിവാഹാനന്തര സ്വത്തവകാശ നിയമം അടിയന്തിരമായി പാർലമെന്റ് സ്വമേധയ മുൻകൈയ്യെടുത്ത് പാസാക്കേണ്ടതുണ്ട്.

●



**ഡോ.ജാൻസി ജോസ്**

# സ്വത്വം

കള്ളിയങ്കാട്ടു പോവുകയായിരുന്നെങ്കിൽ
നീലിയെങ്കിലുമാകാമായിരുന്നു
സ്ഥിരബുദ്ധിയുണ്ടായിരുന്നുവെങ്കിൽ
നാറാണത്തുഭ്രാന്തനുമാകാം
ദേവലോകത്തായിരുന്നെങ്കിൽ
വേശ്യാക്കിരീടമണിയാം
ചൂതാട്ടക്കളരിയിൽ
പാഞ്ചാലിയാവാം
ഇതൊരു ഭ്രാന്താലയമല്ലായിരുന്നെങ്കിൽ



# നമ്മൾ

കരയരുത് കരയരുത്
കരയെവിടെ
കടലിന്നടുത്താ
കടലോ
കടലെൻ മനസ്സിൽ
കര നിന്റെ മനസ്സിസും
നീ ചുട്ടുപഴുക്കുമ്പോൾ
ഞാൻ വാരിപ്പുണരാം
നിന്നിൽ തിരതല്ലുമ്പോൾ
ഞാൻ മാടിവിളിക്കാം
കരയരുത് കരയരുത്
നമ്മൾ തിരയും തീരവുമല്ലേ



അഡ്വ.സൂര്യ ബിനോയ്
കേരള ഹൈക്കോടതി

**''നമ്മുടേത് പോലെ, പുരുഷാധീശത്വം ആഴത്തിൽ വേരോടുകയും നിയമജ്ഞർ ഉൾപ്പെടെയുള്ള സ്ത്രീകളുടെ നിത്യജീവിതത്തെ ബാധിക്കുകയും ചെയ്യുന്ന സമൂഹത്തിൽ, ജുഡീഷ്യറിയിൽ സ്ത്രീകളുടെ പങ്കാളിത്തത്തിന് തന്ത്രപരമായ പ്രാധാന്യം കൂടിയുണ്ട്.'**

ദേശീയ ജുഡീഷ്യൽ നിയമന കമ്മീഷനെ സംബന്ധിച്ചുള്ള സുപ്രീം കോടതി വിധിയിൽ, മുൻ ദക്ഷിണാഫ്രിക്കൻ ജഡ്ജ് യോന്നെ മൊക്ഗോരോയുടെ താഴെപ്പറയുന്ന നിരീക്ഷണം ഉദ്ധരിച്ചിരിക്കുന്നു:

'നമ്മുടേത് പോലെ, പുരുഷാധീശത്വം ആഴത്തിൽ വേരോടുകയും നിയമജ്ഞർ ഉൾപ്പെടെയുള്ള സ്ത്രീകളുടെ നിത്യജീവിതത്തെ ബാധിക്കുകയും ചെയ്യുന്ന സമൂഹത്തിൽ, ജുഡീഷ്യറിയിൽ സ്ത്രീകളുടെ പങ്കാളിത്തത്തിന് തന്ത്രപരമായ പ്രാധാന്യം കൂടിയുണ്ട്.'

ജുഡീഷ്യൽ നിയമന കമ്മീഷനെ സംബന്ധിച്ചുള്ള സുപ്രീം കോടതി വിധിയിൽ സ്ത്രീ പ്രാതിനിധ്യത്തെപ്പറ്റിയുള്ള പരാമർശങ്ങൾ ഈ ലേഖനത്തിന്റെ വിഷയമല്ല, ആവശ്യമായ ചർച്ച ഈ വിഷയത്തിൽ വിധിയിലോ അതിനെക്കുറിച്ചുള്ള ലേഖനങ്ങളിലോ ഉണ്ടായിട്ടില്ല തന്നെ. ഉന്നത

# കോടതി എന്ന തൊഴിലിടം



നീതിപീഠങ്ങളിലെ ജഡ്ജിമാർ അഭിഭാഷകരിൽ നിന്നും കീഴ്ക്കോടതിയിൽ നിന്നും മാത്രം നിയമിക്കപ്പെടുന്ന നമ്മുടെ സാഹചര്യത്തിൽ, കോടതികൾ ഒരു തൊഴിലിടമെന്ന നിലയിൽ എത്രത്തോളം ലിംഗനീതി ഉറപ്പു വരുത്തുന്നു എന്ന അന്വേഷണം ഇപ്പോൾ പ്രസക്തമാണ്. അതാണ് ഈ ലേഖനത്തിന്റെ ഉന്നം.

ജഡ്ജ് മൊക്ഗോരോ തന്റെ കരിയർ ഒരു നഴ്സിംഗ് അസിസ്റ്റന്റ് ആയാണ് ആരംഭിച്ചത്. ആദ്യത്തെ നിയമബിരുദം പോലും പാർട്ട് ടൈം ആയാണ് അവർ സമ്പാദിച്ചത്. പിന്നീട് രണ്ടു എൽ.എൽ. എം ഡിഗ്രി നേടുകയും പ്രശസ്തസർവ്വകലാശാലകളിൽ പഠിപ്പിക്കുകയും ചെയ്ത അവരെ 1994ൽ മണ്ടേലയാണ് ജഡ്ജ് ആയി നാമനിർദ്ദേശം ചെയ്തത്. ഇന്ത്യൻ ഭരണഘടനയുടെ 124 (3)(c) അനുച്ഛേദം അവരെപ്പോലെ സമുന്നതരായ നിയമവിജ്ഞരെ സുപ്രീംകോടതിജഡ്ജിയായി അവരോധിക്കാൻ പ്രസിഡണ്ടിനു അധികാരം നൽകുന്നു. എന്നാൽ ഒരിക്കൽപ്പോലും അപ്രകാരമൊരു നിയമനം നടന്നിട്ടില്ല. ഹൈക്കോടതിയിലേയ്ക്ക് അങ്ങനെ നിയമനം നടത്താൻ വകുപ്പുമില്ല. കീഴ്ക്കോടതിയിൽ നിന്നുള്ള സ്ഥാനക്കയറ്റം (elevation) വഴിയല്ലെങ്കിൽ അഭിഭാഷകയായി പിടിച്ചുനിൽക്കുക മാത്രമാണ് ഒരു സ്ത്രീ കാലാന്തരത്തിൽ ന്യായാധിപയായി മാറാനുള്ള ഏകമാർഗ്ഗം എന്ന് കാണാം. അതുകൊണ്ട് ഉന്നതനീതിപീഠങ്ങളിലെ സ്ത്രീപ്രാതിനിധ്യത്തിന്റെ പോരായ്മയുടെ കാരണങ്ങൾ ചികഞ്ഞുതുടങ്ങേണ്ടത് അഭിഭാഷകരിലെ അവരുടെ

**സ്ത്രീകൾക്കു ജോലി നിഷേധിക്കുകയോ പരിമിതപ്പെടുത്തുകയോ ചെയ്യുന്ന വക്കീലാപ്പീസുകൾ ഒരു പുതുമയല്ല. നേരം വൈകിയിട്ടും ഓഫീസിൽ ഇരിക്കാൻ അവർക്കുള്ള ബുദ്ധിമുട്ടാണ് ഒരു കാരണം. ഗർഭധാരണവും അതനുബന്ധിച്ചുള്ള അവധിയും ഒരു കാരണമാണ്. പ്രത്യക്ഷത്തിൽ സാധൂകരണമുള്ളതെന്നു തോന്നിക്കുന്നു എന്നതാണ് ഈ ന്യായങ്ങളുടെ ഏറ്റവും വലിയ അപകടം.**

എണ്ണക്കുറവിൽ നിന്ന് തന്നെയാകണം. നിയമവിദ്യാർത്ഥികളിൽ 50%വും പെൺകുട്ടികളായിരിക്കെ, ഈ ചോദ്യം തിരികെ കോടതികളിലേക്ക് തന്നെ വരുന്നു. കോടതിമുറികളും ബാർ അസോസിയേഷനുകളും വക്കീലാപ്പീസുകളും എങ്ങനെയാണ് അവിടെ ജോലി ചെയ്യുന്ന സ്ത്രീകളെ മനസ്സിലാക്കുന്നത്?

ഗർഭധാരണത്തിന്റെയും പ്രസവത്തിന്റെയും കാര്യത്തിലെന്ന പോലെ, സ്ത്രീപ്രാതിനിധ്യത്തിന്റെയും തന്ത്രപരമായ പ്രാധാന്യം നമ്മുടെ വ്യവസ്ഥ തിരിച്ചറിയുന്നില്ല എന്ന് വേണം കരുതാൻ. താഴെപ്പറയുന്ന പ്രശ്നങ്ങൾ, വെറും പെണ്ണുങ്ങളുടേത് മാത്രമായിത്തുടരുന്നു: സ്ത്രീകൾ കൂടി ഉൾപ്പെടുന്ന നമ്മുടെ വ്യവസ്ഥയ്ക്ക്, അതിൽ വലിയ മനഃസ്ഥാപമുള്ളതായി തോന്നുന്നില്ല. അവർ ഇപ്പോഴും ഹൈക്കോടതിയിൽ മൂന്നു മാത്രമുള്ള സ്ത്രീ സീനിയർഅഭിഭാഷകരുടെയും വനിതാ ന്യായാധിപരുടെയും എണ്ണം ചൂണ്ടിക്കാണിച്ചു സ്ത്രീകളെ തന്നെ പഴി പറയുന്നു. തടമെടുത്ത്, തൈനട്ടു, വെള്ളമൊഴിച്ച് നാം തന്നെ വളർത്തിയ കാഞ്ഞിരം കായ്ക്കുമ്പോൾ അതിന്റെ കയ്പിനെ കുറ്റം പറയുന്നത് പോലെയാണിത്.

**പുരുഷന് വേണ്ടി സൃഷ്ടിക്കപ്പെട്ട തൊഴിലിടങ്ങൾ**

സ്ത്രീകൾക്കു ജോലി നിഷേധിക്കുകയോ പരിമിതപ്പെടുത്തുകയോ ചെയ്യുന്ന വക്കീലാപ്പീസുകൾ ഒരു പുതുമയല്ല. നേരം വൈകിയിട്ടും ഓഫീസിൽ ഇരിക്കാൻ അവർക്കുള്ള ബുദ്ധിമുട്ടാണ് ഒരു കാരണം. ഗർഭധാരണവും അതനുബന്ധിച്ചുള്ള അവധിയും ഒരു കാരണമാണ്. പ്രത്യക്ഷത്തിൽ സാധൂകരണമുള്ളതെന്നു തോന്നിക്കുന്നു എന്നതാണ് ഈ ന്യായങ്ങളുടെ ഏറ്റവും വലിയ അപകടം. സുപ്രീം കോടതിയിൽ, ജഡ്ജിമാരുടെ ഗവേഷണസഹായികളെ തിരഞ്ഞെടുക്കുന്നതിനുള്ള ഒരു അഭിമുഖത്തിൽ ഈ ലേഖിക പങ്കെടുക്കുകയുണ്ടായി. രണ്ടു സുപ്രീം കോടതി ജഡ്ജിമാരായിരുന്നു പാനലിൽ. അന്ന് ഇരുപത്തിമൂന്നു വയസ്സുള്ള എന്നോടു അവർ ചോദിച്ച ചോദ്യങ്ങളിൽ ഒന്ന് കല്യാണം കഴിക്കാൻ ഉടൻ പദ്ധതിയുണ്ടോ എന്നതായിരുന്നു. പെൺകുട്ടികളോടുമാത്രം ഉന്നയിക്കപ്പെടുന്ന ആ ചോദ്യത്തിന്റെ അനീതിയെക്കാൾ എന്നെ രോഷം കൊള്ളിച്ചത്,

ന്യായമായും ചോദിച്ചിരിക്കേണ്ട ഒരു ചോദ്യമാണ് ഇത് എന്ന് അവർ, സുപ്രീം കോടതിയിലെ ന്യായാധിപർ, കരുതിയിരുന്നു എന്നതാണ്.

ഒന്നാലോചിച്ചാൽ, ഗാർഹിക ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കേണ്ടി വരുന്ന ആർക്കും എളുപ്പമല്ല ഇന്നത്തെ വക്കീലാപ്പീസുകളിൽ തൊഴിലെടുക്കുക. വൈകി മാത്രമേ അടുത്ത ദിവസം വരുന്ന കേസുകളെപ്പറ്റി വിവരം ലഭിക്കൂ എന്ന സ്ഥിതിവിശേഷം ഒഴിവാക്കാൻ വയ്യാത്ത ഒന്നല്ല. കേസ് വിളിക്കുമോ ഇല്ലയോ എന്നുറപ്പില്ലാതെ കോടതിമുറികളിൽ ഒരു വക്കീൽ ചെലവാക്കുന്ന സമയത്തിനും മൂല്യമുണ്ടാകണം. ഇതൊന്നും ഇല്ലാതെ വരുമ്പോൾ, ജോലിയോട്, അവിടെ ചെലവഴിക്കുന്ന സമയത്തിനോട് സാധാരണ ഗതിയിൽ സന്ധി ചെയ്യേണ്ടി വരുന്നത് സ്ത്രീകൾ ആണെന്ന് ആർക്കും അറിയാതെയല്ല. ഇതൊക്കെ ഇങ്ങനെയേ നടക്കാനൊക്കൂ എന്ന മുൻവിധിയിലാണ് എല്ലാവരും തണൽ തേടുന്നത്. ഇങ്ങനെയൊക്കെ നടന്നാൽ മതിയോ എന്ന ചോദ്യമാണ് തിരിച്ചു ചോദിക്കേണ്ടത്.

വിവേചനപരമായ ഒരുപാടു അഭിപ്രായങ്ങളും നിരീക്ഷണങ്ങളും സഹപ്രവർത്തകരിൽ നിന്നും ന്യായാധിപരിൽ നിന്ന് തന്നെയും കേട്ടാണ് ഓരോ അഭിഭാഷകയും പിടിച്ചു നില്ക്കുന്നത്. ഇത് പ്രശ്നവല്ക്കരിക്കാനുള്ള കെല്പു പോലും ക്രമേണ അവർക്ക് നഷ്ടപ്പെടുന്നു. 'നിങ്ങൾ വനിതാ അഭിഭാഷകർ എങ്ങനെയാണ് മുൻപോട്ടു വരുന്നതെന്നൊക്കെ എനിക്കറിയാം' എന്ന് പറഞ്ഞ ഒഡിഷയിലെ ജില്ലാക്കോടതി ജഡ്ജി അധികം വൈകാതെ ഹൈക്കോടതിയിൽ എത്തിപ്പെടുകയാണുണ്ടായത്.

സ്ത്രീകൾക്കോ, അവശത അനുഭവിക്കുന്ന ഏതെങ്കിലും വിഭാഗത്തിനോ യാതൊരു പ്രാതിനിധ്യമോ പങ്കാളിത്തമോ ഇല്ലാതെയാണ് കോടതികളുടെ രീതികൾ, ചിട്ടവട്ടങ്ങൾ എല്ലാം ഉണ്ടായിരിക്കുന്നത്. ഇതൊക്കെ ഇങ്ങനെയേ ആകാവൂ, ആകൂ എന്ന് പറയുന്നവർ അടിസ്ഥാനപരമായ ഈ പ്രാതിനിധ്യരാഹിത്യത്തെ തമസ്ക്കരിക്കുകയാണ്. വിർജീനിയ വൂൾഫ് എഴുതി: It is true that for the past twenty years we have been admitted to the Civil Service and to the Bar; but our position there is still very precarious and our authority of the slightest. Thus all the weapons with which an educated man can enforce his opinion are either beyond our grasp or so nearly beyond it that even if we used them we could scarcely inflict one scratch. If the men in your profession were to unite in any demand and were to say: "If it is not granted we will stop work," the laws of England would cease to be administered. If the women in your profession said the same thing it would make no difference to the laws of England whatever." (Three Guineas, 1938).

ചരിത്രത്തെ പഴിച്ചിട്ട് കാര്യമില്ലെന്ന് തോന്നുന്നു: ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ വെബ്സൈറ്റിൽ അതിന്റെ ഇപ്പോഴത്തെ ഭാരവാഹികളുടെ ഫോട്ടോ സഹിതമുള്ള ഒരു ലിസ്റ്റ് ഉണ്ട്. അപവാദമെന്നു പറയാൻ പോലും ഒരു സ്ത്രീ അക്കൂട്ടത്തിലില്ല. സുപ്രീംകോടതിയിൽ സീനിയർ അഭിഭാഷകരുടെ എണ്ണത്തിൽ ദളിതർ, മുസ്ലിങ്ങൾ, സ്ത്രീകൾ, പിന്നോക്കസംസ്ഥാനങ്ങളിൽ നിന്നുള്ളവർ, മനുഷ്യാവകാശനിയമങ്ങളിൽ ഇടപെടുന്നവർ തുടങ്ങിയവരുടെ പ്രാതിനിധ്യം അങ്ങേയറ്റം അപര്യാപ്തമാണെന്ന് കാണിക്കുന്ന ഒരു പൊതുതാല്പര്യഹർജി സുപ്രീംകോടതിക്ക് മുമ്പിലുണ്ട്.

**നിയമപരിരക്ഷയുടെ അഭാവം**

തൊഴിൽദാതാക്കളായ അഭിഭാഷകർക്കോ, കോടതിക്കോ, ബാർ അസോസിയേഷനോ ആർക്കും നിയമപരമായി ലിംഗസമത്വം ഉറപ്പു വരുത്തേണ്ട ബാധ്യതയില്ലാത്ത, അയഥാർത്ഥമെന്നു തന്നെ തോന്നിക്കുന്ന ഒന്നാണ് ഞങ്ങളുടെ തൊഴിലിടം. എന്നാൽ, സ്ത്രീയായത് കൊണ്ട് തൊഴിൽ നിഷേധിക്കുന്ന അഭിഭാഷകരെ എല്ലാവർക്കു അറിയാം. നിയമമോ,

**സുപ്രീംകോടതിയിൽ സീനിയർ അഭിഭാഷകരുടെ എണ്ണത്തിൽ ദളിതർ, മുസ്ലിങ്ങൾ, സ്ത്രീകൾ, പിന്നോക്കസംസ്ഥാനങ്ങളിൽ നിന്നുള്ളവർ, മനുഷ്യാവകാശനിയമങ്ങളിൽ ഇടപെടുന്നവർ തുടങ്ങിയവരുടെ പ്രാതിനിധ്യം അങ്ങേയറ്റം അപര്യാപ്തമാണെന്ന് കാണിക്കുന്ന ഒരു പൊതുതാല്പര്യഹർജി സുപ്രീംകോടതിക്ക് മുമ്പിലുണ്ട്.**

**പ്രസവകാലത്ത് യാതൊരുവിധ പരിരക്ഷയും ലഭിക്കാത്ത അസംഘടിതമേഖലയിലെ സ്ത്രീകൾക്കിടയിലാണ് വനിതാ അഭിഭാഷകരുടെ സ്ഥാനം. വക്കീൽപ്പണി സ്വയംതൊഴിൽ ആയി കണക്കാക്കണം എന്ന് വാദിച്ചാലും, സ്വന്തം ഓഫീസ് തുടങ്ങുന്നതിനു മുമ്പ് മറ്റഭിഭാഷകർക്ക് കീഴിൽ തൊഴിലെടുക്കുന്നവരാണ് ഭൂരിഭാഗം സ്ത്രീകളും. പ്രസവാനുകൂല്യനിയമം അവർക്ക് ബാധകമാകേണ്ടതാണ്.**

പൊതുധാർമ്മികത പോലുമോ അതിനു തടസ്സം നില്ക്കുന്നതായി അറിയില്ല.

പരമ്പരാഗത രീതിയിൽ പ്രവർത്തിക്കുന്ന ഒരു വക്കീൽ ഓഫീസിലും എന്തിനു പല ബാർ അസ്സോസിയേഷനുകളിൽ പോലും തൊഴിലിടങ്ങളിലെ പീഡനം സംബന്ധിച്ചുള്ള പരാതികൾ പരിഹരിക്കാൻ നിലവിൽ ഉണ്ടാകണം എന്ന് നിയമം അനുശാസിക്കുന്ന കമ്മിറ്റി ഇല്ല. വിശാഖ വിധിയിലൂടെ ചരിത്രം കുറിച്ച സുപ്രീംകോടതിയിൽ പോലും അങ്ങനെ ഒന്നില്ല എന്ന് നാമറിഞ്ഞത്, ഒരു വിദ്യാത്ഥി താൻ ഇന്റേൺഷിപ്പ് നടത്തിയ സുപ്രീംകോടതി ജഡ്ജിയിൽ നിന്ന് അനുഭവിക്കേണ്ടി വന്ന പീഡനത്തെപ്പറ്റി പുറത്തുപറയാനുള്ള ആർജ്ജവം കാണിച്ചപ്പോഴാണ്.

പ്രസവകാലത്ത് യാതൊരുവിധ പരിരക്ഷയും ലഭിക്കാത്ത അസംഘടിതമേഖലയിലെ സ്ത്രീകൾക്കിടയിലാണ് വനിതാ അഭിഭാഷകരുടെ സ്ഥാനം. വക്കീൽപ്പണി സ്വയംതൊഴിൽ ആയി കണക്കാക്കണം എന്ന് വാദിച്ചാലും, സ്വന്തം ഓഫീസ് തുടങ്ങുന്നതിനു മുമ്പ് മറ്റഭിഭാഷകരുടെ കീഴിൽ തൊഴിലെടുക്കുന്നവരാണ് ഭൂരിഭാഗം സ്ത്രീകളും. പ്രസവാനുകൂല്യനിയമം അവർക്ക് ബാധകമാകേണ്ടതാണ്.

**ബാർ അസോസിയേഷനുകൾ**

തങ്ങളും നീതിനിർവ്വഹണവ്യവസ്ഥയുടെ ഭാഗമാണ് എന്ന് ഉറച്ചു പ്രസ്താവിക്കുന്നവരാണല്ലോ ബാർ അസോസിയേഷനുകൾ. എന്നാൽ, മേൽപ്പറഞ്ഞ വിഷയങ്ങളിലൊന്നും പുരോഗമനപരമായോ നേതൃത്വപരമായോ ഇടപെടാൻ ബാർ അസോസിയേഷനുകൾക്ക് സാധിച്ചിട്ടില്ല. ഭൂരിപക്ഷത്തിന്റെ സങ്കുചിതത്വത്തെ തങ്ങളുടെ തീരുമാനങ്ങളിലൂടെ നടപ്പിൽ വരുത്താൻ അവർക്ക് കഴിഞ്ഞു പോന്നിട്ടുണ്ട് താനും. ബസ്തറിൽ നക്സൽ വേട്ടയുടെ മറവിൽ നടക്കുന്ന മനുഷ്യവേട്ടയുടെയും കൂട്ടബലാത്സംഗങ്ങളുടെയും ഇരകൾക്ക് നിയമസഹായം നല്കാനായി അവിടെ ചെന്ന് താമസിച്ച രണ്ടു വനിതാ അഭിഭാഷകരോട് സഹകരിക്കരുതെന്നു തീരുമാനിച്ചത് അവിടുത്തെ ബാർ അസോസിയേഷനാണ്. ഇവിടെ പ്രസക്തമായ ഒന്നുരണ്ടു ഉദാഹരണങ്ങൾ എടുക്കാം.

കോഴിക്കോട് ബാറിലെ പുരുഷ അഭിഭാഷകരുടെ സെക്സിസ്റ്റ് അഭിപ്രായങ്ങളെ മറയേതുമില്ലാതെ വിമർശിച്ചുകൊണ്ട് ഫേസ്ബുക്ക് പോസ്റ്റിട്ട അണിമ എന്ന യുവഅഭിഭാഷകയെ സസ്പെൻഡ്ചെയ്യാൻ അസോസിയേഷൻ തീരുമാനമെടുത്തത് പെട്ടെന്നായിരുന്നു. എന്നാൽ അത് ചർച്ച ചെയ്യാൻ കൂടിയ യോഗത്തിൽ മാപ്പ് പറയാൻ വിസമ്മതിച്ച അണിമയ്ക്കെതിരെ കസേര ഓങ്ങിയ വക്കീലന്മാർക്കെതിരെ നടപടി ഒന്നും ഉണ്ടായതായി അറിയില്ല. അഭിഭാഷകവൃന്ദത്തിന്റെ പേര് നശിപ്പിച്ചത് ബാർ അസോസിയേഷനിൽ വെച്ച് തന്നെ നടന്ന ഹിംസാത്മകമായ രണ്ടാമത്തെ പ്രവർത്തിയാണെന്നതു വ്യക്തമാണ്. ആദ്യത്തേത് അണിമയുടെ ഫേസ്ബുക്ക് പോസ്റ്റ് മാത്രമാണല്ലോ. അപ്പോൾ പ്രശ്നം ബാറിന്റെ പെരുമയല്ല. വ്യവസ്ഥയിൽ ദിനേന കണ്ടും അനുഭവിച്ചും വരുന്ന ലിംഗവിവേചനത്തിനെ അഭിമുഖീകരിക്കാൻ നമുക്കുള്ള പേടിയാണ്. ഇത്തരം ഓരോ വിമർശനം ഉയരുമ്പോഴും ഞാൻ കോഴിയെ കട്ടോ എന്ന മട്ടിൽ എല്ലാവരും തല തപ്പി നോക്കേണ്ട ആവശ്യമില്ല. 'ഞാൻ അങ്ങനെ ചെയ്തിട്ടില്ല, കണ്ടിട്ടില്ല' എന്നതല്ല താനും അതിന്റെ ഉത്തരം. നിർഭാഗ്യവശാൽ, ഇര എന്ത് അനുഭവിച്ചു എന്നതിനേക്കാൾ വ്യവസ്ഥക്ക് എന്ത് തോന്നും എന്ന് ചിന്തിക്കാനാണ് നാമെല്ലാവരും പഠിച്ചിരിക്കുന്നത്.

അണിമ ഉന്നയിച്ച ഒരു പ്രധാന പരാതി ഒരു അഭിഭാഷകയെ ആദ്യം പെണ്ണും, പിന്നെ മാത്രം വക്കീലും ആയി കാണുന്ന ബാറുകളുടെ പൊതു

**സ്ത്രീകളുടെ സ്വകാര്യത ഉറപ്പു വരുത്തുകയാണ് മിക്കയിടത്തും വനിതാമുറികളുടെ ലക്ഷ്യം. എന്നാൽ പലപ്പോഴും, ഈ ചെറിയ ഇടങ്ങൾ മാത്രം സ്ത്രീകളുടേതായി മാറുന്നു. കേരളത്തിൽ പലയിടത്തും, അങ്ങേയറ്റം പരിതാപകരമാണ് ഈ വനിതാ മുറികളുടെ സ്ഥിതി. എല്ലാവരുടെതും ആയിരിക്കേണ്ട പൊതുഹാൾ ആകട്ടെ, പുരുഷന്മാരുടേത് മാത്രവും ആയിരിക്കുന്നു. ഈ ഇടം തിരിച്ചു പിടിക്കേണ്ടത് സ്ത്രീകളുടെകൂടി ഉത്തരവാദിത്തമാണ്.**

ബോധത്തെക്കുറിച്ചായിരുന്നു. അതിൽ കഴമ്പുണ്ട്. സ്ത്രീകൾ തങ്ങളുടെ ചേംബറിനുള്ളിൽ ജീൻസും പാന്റും ധരിക്കുന്നതിനെതിരെ റെസൊല്യൂഷൻ പാസാക്കിയ ഗാസിയാബാദ് ബാർ അസോസിയേഷന്റെ, അതിന്റെ അധികാരപരിധിക്കും അപ്പുറമുള്ള തീരുമാനത്തെ മറ്റെങ്ങനെയാണു നാം മനസ്സിലാക്കേണ്ടത്? പുരുഷന്മാരുടെ വസ്ത്രധാരണത്തെപ്പറ്റി ഈ മട്ടിൽ തിട്ടൂരങ്ങൾ ഇറക്കിയിട്ടില്ല.

പെണ്ണിന്റെ മൗനത്തിലും ചുരിദാറിന്റെ ദുപ്പട്ടയിലും കുടുങ്ങിക്കിടക്കുന്നു, മറ്റെല്ലാ പഴഞ്ചൻ വ്യവസ്ഥയുടെയും എന്നത് പോലെ ബാർ അസോസിയേഷനുകളുടെയും അന്തസ്സ് എന്ന് വരുമോ?

**അടിസ്ഥാനസൗകര്യങ്ങൾ**

ഇന്ദിര ജയ്സിംഗ് ഇന്ത്യയുടെ ചീഫ് ജസ്റ്റിസിന് എഴുതിയ ഒരു തുറന്ന കത്തിൽ ഇങ്ങനെ പരാമർശിക്കുകയുണ്ടായി: 'സുപ്രീം കോടതിയുടെ നിർമ്മാണം പോലും സ്ത്രീ സൗഹാർദ്ദപരമല്ല. ലൈംഗികപീഡനത്തിന്റെ ഈറ്റില്ലങ്ങളാണതിന്റെ ഇടനാഴികൾ. ഇടുങ്ങിയ കോടതിമുറികളിൽ പുരുഷവക്കീലന്മാരുടെ വന്മതിലിനിടയിലൂടെ വഴിയുണ്ടാക്കി പോകേണ്ടിവരുന്നത്, സ്ത്രീകളുടെ അന്തസ്സിനു നിരക്കുന്നതല്ല.'

കേരള ഹൈക്കോടതിയെ ക്കുറിച്ചല്ലെങ്കിലും, കീഴ്ക്കോടതികളിൽ പലതിനും ബാധകമാണ് ഈ നിരീക്ഷണം.

'ഇതൊന്നും സഹിക്കാൻ വയ്യെങ്കിൽ വീട്ടിൽ ഇരുന്നാൽ പോരേ' എന്നാണു ഇത് വായിക്കുന്നവരിൽ ചിലരെങ്കിലും പ്രതികരിക്കാൻ സാധ്യത. അവരും പ്രശ്നത്തിന്റെ ഭാഗമാണ് എന്നേ പറയാനുള്ളൂ.

സ്ത്രീകളുടെ സ്വകാര്യത ഉറപ്പു വരുത്തുകയാണ് മിക്കയിടത്തും വനിതാമുറികളുടെ ലക്ഷ്യം. എന്നാൽ പലപ്പോഴും, ഈ ചെറിയ ഇടങ്ങൾ മാത്രം സ്ത്രീകളുടേതായി മാറുന്നു. കേരളത്തിൽ പലയിടത്തും, അങ്ങേയറ്റം പരിതാപകരമാണ് ഈ വനിതാ മുറികളുടെ സ്ഥിതി. എല്ലാവരുടേതും ആയിരിക്കേണ്ട പൊതുഹാൾ ആകട്ടെ, പുരുഷന്മാരുടേത് മാത്രവും ആയിരിക്കുന്നു. ഈ ഇടം തിരിച്ചു പിടിക്കേണ്ടത് സ്ത്രീകളുടെകൂടി ഉത്തരവാദിത്തമാണ്.

ക്രഷുകൾ എല്ലാ ബാർ കോംപ്ലക്സുകളുടെയും ഭാഗമാകണം. ഒപ്പം, അതിനെ ആശ്രയിക്കുന്നത് അഭിഭാഷകരായ അമ്മമാർ മാത്രമാകരുത്, കുഞ്ഞിന്റെ ഉത്തരവാദിത്തം ഏറ്റെടക്കുന്ന പുരുഷവക്കീലന്മാർ കൂടെയാകണം എന്നാഗ്രഹിക്കുന്നു.

**സ്ത്രീപങ്കാളിത്തം വ്യവസ്ഥയുടെയും സ്ഥാപനത്തിന്റെയും നീതിയുടെയും ആവശ്യം**

സ്ത്രീകളുടെ നിയമരംഗത്തെ വർധിതപങ്കാളിത്തം സ്ത്രീശാക്തീകരണത്തിനു വേണ്ടിയും വിവേചനത്തിനെതിരെയും ഉള്ള നിയമങ്ങൾ ഫലവത്താകാൻ ഉതകും. ആയിരത്തി തൊള്ളായിരത്തി ഇരുപത്തി ഒന്നിൽ, അമേരിക്കയിലും ഇംഗ്ലണ്ടിലും മറ്റും ജൂറി നിയമനത്തിലുള്ള ലിംഗവിവേചനം നിയമം മൂലം എടുത്തു കളഞ്ഞതിന് ശേഷം, ഗാർഹികപീഡന കേസുകളിൽ ശിക്ഷാനിരക്ക് കൂടി എന്ന് ഒരു പഠനം വെളിപ്പെടുത്തുന്നു. സ്ത്രീപക്ഷപാതം വിധികർത്താക്കൾക്ക് അഭിലഷണീയമല്ല തന്നെ. പക്ഷെ, അക്കാലത്ത് ഗാർഹിക പീഡനം ഒരു സ്വകാര്യ പ്രശ്നം മാത്രമാണ് എന്ന കാഴ്ചപ്പാട് കുറഞ്ഞ ശിക്ഷാനിരക്കിലേക്ക് നയിച്ച ഘടകങ്ങളിലൊന്നായിരുന്നു. അതുകൊണ്ട് തന്നെ, വ്യവസ്ഥയുടെ തന്നെ ഭാഗമായ പുരുഷാധിപത്യത്തിനെതിരെ മറുശക്തിയാകാൻ സ്ത്രീകളുടെ സാന്നിധ്യം ആവശ്യമാണ്. ഇന്നും ഗാർഹികപീഡനവും വിവാഹബന്ധത്തിനുള്ളിലെ ബലാത്സംഗവും നമുക്ക് പ്രാഥമികമായി കുടുംബപ്രശ്നങ്ങൾ മാത്രമാണ്. അത് കൊണ്ടാണല്ലോ ഇവയെ

സംബന്ധിച്ച ചർച്ചകൾ ക്രിമിനൽ നിയമത്തെപ്പറ്റി എന്നതിലുപരി, കുടുംബവ്യവസ്ഥയെപ്പറ്റി ആകുന്നത്.

സ്ത്രീകൾ ഇന്നും നിയമരംഗത്ത് പ്രത്യേകം പറഞ്ഞു പരാമർശിക്കേണ്ട വിഭാഗമാണ്. ഒരപവാദമാണ്. വനിതാ അഭിഭാഷക, വനിതാ ജഡ്ജി എന്നൊക്കെ എടുത്തു പറയേണ്ടി വരുന്നത്, ഈ പദവികളെല്ലാം പൊതുന്യായേന പുരുഷന്മാരാണ് വഹിക്കുന്നത് എന്നതുകൊണ്ടാണ്. ശൌര്യം, ഉയർന്ന ശബ്ദം, നിവർന്ന നില്പ്, എന്നിങ്ങനെ വിജയകരമായ അഭിഭാഷകവൃത്തിക്ക് യോജിച്ചതെന്നു കരുതുന്ന ശരീരഭാഷ തന്നെ പുരുഷന്മാരുടേതാണ്. അതെല്ലാ സ്ത്രീകൾക്കും പുരുഷന്മാർക്ക് തന്നെയും ആർജ്ജിക്കാവുന്നതല്ല. ജഡ്ജിമാരെയും അഭിഭാഷകരെയും വിലയിരുത്തുമ്പോൾ, അവർ പറയുന്നതിൽ കഴമ്പുണ്ടോ എന്നത് മാത്രം മാനദണ്ഡമാകുന്ന കാലം വരെ, നമുക്കാർക്കും, ഇതെഴുതുന്ന ആൾക്ക് പോലും, ഈ മുൻവിധികളിൽ നിന്ന് പൂർണ്ണമോചനമില്ല. ●


## സൃഷ്ടികൾ ക്ഷണിക്കുന്നു

**സ്ത്രീകളിൽ നിന്ന്, മുമ്പ് പ്രസിദ്ധീകരിക്കാത്തതും മൗലികവുമായ രചനകൾ ( ലേഖനം, കഥ, കവിത, ചിത്രങ്ങൾ)**

*രചനകളോടൊപ്പം പാസ്പോർട്ട് സൈസ് ഫോട്ടോയും അയക്കേണ്ടതാണ്.*

## സംഘടിത മാസിക

**വരിസംഖ്യാ നിരക്ക്**

| | |
|---|---|
| ഒറ്റപ്രതി | :20രൂപ |
| വാർഷിക വരിസംഖ്യ | :200രൂപ |
| വിദേശത്തേക്ക് ഒറ്റപ്രതി | :100 രൂപ |
| വിദേശത്തേക്ക് വാർഷിക വരിസംഖ്യ | :1000 രൂപ |




എനിക്ക് സംഘടിത മാസികയുടെ വരിക്കാരി/വരിക്കാരൻ ആവാൻ താല്പര്യമുണ്ട്.

| കാലയളവ് | അടക്കേണ്ട തുക | |
|---|---|---|
| ഒരു വർഷം | 150 /-രൂപ | DD No............... |

A/c No : 14130100072122 IFSC code : FDRL 0001413

ഇതിനോടൊപ്പം Rs....................................DD/MO അയക്കുന്നു. എന്ന്.................................................

മേൽവിലാസം.......................................................................................................................

.........................................................................................................................പിൻ.................................

മണിഓർഡറുകളും ഡി.ഡി.കളും 'സംഘടിത'യുടെ പേരിൽ താഴെ കാണുന്ന വിലാസത്തിൽ അയക്കുക:

**അന്വേഷി വിമെൻസ് കൗൺസലിങ്ങ് സെന്റർ,**

പി.ഒ. കുതിരവട്ടം, കോഴിക്കോട്-673016, ടെലി: 0495-2744370

കവർസ്റ്റോറി



അഡ്വ. കെ.കെ.പ്രീത

**ഭാരതത്തിലെ അടിച്ചമർത്തപ്പെട്ട അയിത്തജാതിക്കാർക്ക് ഈ രാജ്യത്ത് സംസ്ക്കാര സമ്പന്നമായ ഒരു ഭൂതകാലമുണ്ടായിരുന്നുവെന്നും അവരുടെ മുൻതലമുറക്കാർ ഇവിടുത്തെ ആദിമനിവാസികളുമായിരുന്നു എന്ന പൊയ്കയിൽ ശ്രീകുമാരഗുരുദേവന്റെ സന്ദേശവും വെളിപ്പെടുത്തലുകളും ഓർമ്മവെച്ച നാൾ തുടങ്ങി ഹൃദിസ്ഥമാക്കിയതിനാൽ, പുലയസമുദായത്തിൽ ജനിച്ചുവെന്നത് ഒരു അഭിമാനമായിത്തന്നെ കരുതി. അടിച്ചമർത്തപ്പെട്ട എല്ലാ ജാതികളും പരസ്പരം ബന്ധപ്പെട്ടവരാണ് എന്ന വിശ്വാസത്തിൽ ജീവിക്കുന്നു.**

# പി.കെ.ശാന്തമ്മ : അധികാരലോകങ്ങളിലെ കീഴാള കർതൃത്വ ചുവടുവയ്പ്പുകൾ

കേരള ഹൈക്കോടതിയിൽ 1985 മുതൽ പ്രാക്ടീസ് ചെയ്യുന്ന അഭിഭാഷകയാണ് പി.കെ.ശാന്തമ്മ. 1958 സെപ്തംബർമാസം 27ാം തീയതി കോട്ടയം ജില്ലയുടെ കിഴക്കൻ അതിർത്തിയായ മുണ്ടക്കയം എന്ന മലയോര ഗ്രാമത്തിലാണ് ജനനം. പരേതനായ കുഞ്ഞുകുഞ്ഞും പരേതയായ തങ്കമ്മയുമാണ് മാതാപിതാക്കൾ. രണ്ടുപേരും ടാപ്പിംഗ് തൊഴിലാളികളായിരുന്നു. ടാപ്പിംഗ് ഇല്ലാതെ വരുമ്പോൾ കൂലിപ്പണിയും ചെയ്തിരുന്നു.

മാതാപിതാക്കൾ പാരമ്പര്യമായിത്തന്നെ പ്രത്യക്ഷരക്ഷാദൈവസഭ സ്ഥാപകൻ പൊയ്കയിൽ ശ്രീകുമാരഗുരുദേവന്റെ അനുയായികളും ഭക്തരുമായിരുന്നു. ഭാരതത്തിലെ അടിച്ചമർത്തപ്പെട്ട അയിത്തജാതിക്കാർക്ക് ഈ രാജ്യത്ത് സംസ്ക്കാര സമ്പന്നമായ ഒരു ഭൂതകാലമുണ്ടായിരുന്നുവെന്നും അവരുടെ മുൻതലമുറക്കാർ ഇവിടുത്തെ ആദിമനിവാസികളുമായിരുന്നു എന്ന പൊയ്കയിൽ ശ്രീകുമാരഗുരുദേവന്റെ സന്ദേശവും വെളിപ്പെടുത്തലുകളും ഓർമ്മവെച്ച നാൾ തുടങ്ങി ഹൃദിസ്ഥമാക്കിയതിനാൽ, പുലയസമുദായത്തിൽ ജനിച്ചുവെന്നത് ഒരു അഭിമാനമായിത്തന്നെ കരുതി. അടിച്ചമർത്തപ്പെട്ട എല്ലാ ജാതികളും പരസ്പരം ബന്ധപ്പെട്ടവരാണ് എന്ന വിശ്വാസത്തിൽ ജീവിക്കുന്നു.

മുണ്ടക്കയത്ത് സെന്റ് ജോസഫ്സ് ഗേൾസ് ഹൈസ്ക്കൂളിലാണ് സ്കൂൾ പഠനം മുഴുവനും. തന്റെ വളർച്ചയ്ക്ക് സ്കൂളിന് വലിയൊരു പങ്കുണ്ടെന്ന് ശാന്തമ്മ വിശ്വസിക്കുന്നു. എല്ലാ ക്ലാ



പി.കെ.ശാന്തമ്മ

സ്സിലും ഒന്നാമതായിരുന്നു. അതുകൊണ്ടു തന്നെ അദ്ധ്യാപകരുടെ കണ്ണിലുണ്ണിയായിരുന്നു. ഒരു വലിയ സൗഹൃദവലയത്തിന്റെ ഉടമയായിരുന്നു ശാന്തമ്മ. ധാരാളം വായിക്കുകയും അതുമൂലം പൊ

തുവിജ്ഞാനമത്സരങ്ങളിൽ പങ്കെടുക്കുകയും സ്കോളർഷിപ്പ് നേടുകയും ചെയ്തിട്ടുണ്ട്.

കോളേജ് പഠനകാലത്ത് സജീവ ഹരിജൻ സ്റ്റുഡന്റ്സ് ഫെഡറേഷന്റെ പ്രവർത്തകയായിരുന്നു. പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ അവകാശങ്ങൾക്കു വേണ്ടി സമരങ്ങളും സത്യാഗ്രഹവും ധർണ്ണകളും നിരാഹാരവും നടത്തിയിട്ടുണ്ട്. പട്ടികവിഭാഗക്കാരുടെ അവകാശസമരത്തിലും നീതിനിഷേധങ്ങളിലും പ്രതികരിക്കുന്നതിൽ സജീവമായി രംഗത്തുണ്ടായിരുന്നു.

1985ൽ അഭിഭാഷകയായി കേരള ഹൈക്കോടതിയിൽ പ്രാക്ടീസ് ആരംഭിച്ചു. 1988ൽ കേരള ഹൈക്കോടതി നടത്തിയ മുൻസിഫ് പരീക്ഷ പാസ്സായെങ്കിലും നിയമനം ലഭിച്ചില്ല. 1989ൽ സ്വന്തമായി പ്രാക്ടീസ് തുടങ്ങി. പൊതുമേഖലാസ്ഥാപനമായ ഒരു ഇൻഷൂറൻസ് കമ്പനിയുടെ പാനൽ അഭിഭാഷകയായി. അതിനു സഹായിച്ചത് വി.എം.ഉണ്ണി എന്ന അനുജനെപ്പോലെയുള്ള സുഹൃത്താണ്.

പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ അവകാശങ്ങൾക്കുവേണ്ടിയുള്ള കേസുകളാണ് കൂടുതലായും നടത്തിയിട്ടുള്ളത്. പട്ടിക വിഭാഗക്കാരുടെ അനേകം സംഘടനകളിൽ മെമ്പറും ഭാരവാഹിയുമായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോഴും തുടരുന്നു. കേരളത്തിൽ പല സ്ഥലങ്ങളിലും പല സംഘടനകൾക്കും വേണ്ടി ക്ലാസ്സുകൾ എടുക്കുകയും ആനുകാലിക പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും പ്രസംഗിക്കുകയും ചെയ്യാറുണ്ട്.

പട്ടികവിഭാഗങ്ങളെ സംബന്ധിച്ചുള്ള ഒരുപാട് ലേഖനങ്ങൾ പട്ടികവിഭാഗക്കാരുടെ പ്രസിദ്ധീകരണങ്ങളിൽ എഴുതാറുണ്ട്.

പട്ടികജാതിക്കാർ മരിച്ചാൽ ശവം മറവു ചെയ്യാൻ സൗകര്യമില്ലാത്തതിനാൽ എറണാകുളം ജില്ലയിലെ കുന്നുകരവാസികൾക്ക് ഒരു ശ്മശാനം സ്വന്തമായി കിട്ടുന്നതിനുവേണ്ടിയുള്ള കേസ് വിജയിച്ചപ്പോഴും അവരുടെ ഓരോ നിയമപ്രശ്നങ്ങൾക്കും യാതൊരു വൈമനസ്യവും ഇല്ലാതെ ഉപദേശങ്ങളും സഹായങ്ങളും ചെയ്തു കൊടുത്തത് പരിഗണിച്ച് ശാന്തമ്മ അഭിഭാഷകയായി ഇരുപത്തഞ്ച് വർഷം പൂർത്തിയാക്കിയ വർഷത്തിൽ അനുമോദനവും ഒരു അവാർഡും 2010ൽ അന്നത്തെ മന്ത്രിയായിരുന്ന ശ്രീ.ബിനോയ് വിശ്വത്തിന്റെ കയ്യിൽ നിന്ന് ലഭിക്കുകയുണ്ടായി. അതു പോലെ ടി.കെ.സി.വടുതല ഫൗണ്ടേഷൻ മറ്റു സമുദായ പ്രവർത്തകർക്കൊപ്പം പൊന്നാട സമ്മാനിക്കുകയുണ്ടായി. 2013ൽ ആലുവ വെളിയത്ത് നാട് ഹരിജൻ കോളനി, സമുദായ സ്നേഹിയും നേതാവുമായ എ.സി.വേലായുധന്റെ പേരിലുള്ള ആദ്യ അവാർഡ് ശാന്തമ്മക്ക് ലഭിച്ചു. 2013ൽ തന്നെ ഡോക്ടർ അംബേദ്കറുടെ നാഷണൽ എക്സലൻസ് അവാർഡ് കേരളാ ഗവർണർ തിരുവനന്തപുരത്ത് വച്ച് സമ്മാനിക്കുകയുണ്ടായി. ആ അവാർഡിനെ അനുമോദിച്ചുകൊണ്ട് എൽ.ഐ.സി എസ്.എസ്.ടി വിഭാഗം ഉദ്യോഗസ്ഥരും, അഡ്വക്കേറ്റ് ജനറൽ ഓഫീസും ഓരോ അംഗീകാരങ്ങൾ നൽകി ആദരിച്ചു.

**പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ അവകാശങ്ങൾക്കുവേണ്ടിയുള്ള കേസുകളാണ് കൂടുതലായും നടത്തിയിട്ടുള്ളത്. പട്ടിക വിഭാഗക്കാരുടെ അനേകം സംഘടനകളിൽ മെമ്പറും ഭാരവാഹിയുമായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോഴും തുടരുന്നു. കേരളത്തിൽ പല സ്ഥലങ്ങളിലും പല സംഘടനകൾക്കും വേണ്ടി ക്ലാസ്സുകൾ എടുക്കുകയും ആനുകാലിക പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും പ്രസംഗിക്കുകയും ചെയ്യാറുണ്ട്.**

പട്ടികവിഭാഗക്കാർക്കു വേണ്ടി എഴുതിയിട്ടുള്ള ലേഖനങ്ങൾ പരിഗണിച്ച് 2016 ഫെബ്രുവരി 22ന് കേരള ദളിത് സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് വനിതാ അഭിഭാഷകയ്ക്കുള്ള അവാർഡ് നൽകി.

1996 മുതൽ 2001 വരെ കേരളഹൈക്കോടതിയിൽ സീനിയർ ഗവ. പ്ലീഡറായി സേവനം അനുഷ്ഠിച്ചു. 2002 മുതൽ 2007 വരെ എസ്.സി. എസ്.ടി വകുപ്പിന്റെ സ്പെഷ്യൽ ഗവ. പ്ലീഡറായി. പിന്നീട് 2011 മുതൽ എസ്.ടി വിഭാഗത്തിന്റെ സ്പെഷ്യൽ ഗവ.പ്ലീഡറായി സേവനം അനുഷ്ഠിച്ചുവരുന്നു.

പട്ടികജാതി വർഗ്ഗത്തിന്റെ ഉന്നമനവും അവരുടെ അവകാശസംരക്ഷണവുമാണ്. പ്രധാനമായും ലക്ഷ്യമിടുന്നത്.

ഭർത്താവ് കെ.കെ.ഗോപാലൻ. മക്കൾ ഘനശ്യാം ഗോപാൽ, ശ്യാം പ്രസാദ് ഗോപാൽ.



**അഡ്വ.കെ.ആർ.ദീപ**
**കേരള ഹൈക്കോടതി**

# താല്കാലിക അമ്മമാർ : അവകാശങ്ങളും അധികാരങ്ങളും



ഗർഭധാരണം അസാധ്യമെന്ന് കണ്ടെത്തിയാൽ പരിഹാരത്തിന് തേടുന്ന വഴികൾ പലതാണ്. വന്ധ്യതാ നിവാരണ ചികിത്സയും ദത്തെടുക്കലും സാധാരണ മാർഗ്ഗങ്ങളാകുന്നു. പരസഹായ പ്രത്യുത്പാദന സാങ്കേതികവിദ്യകളും വ്യാപകമാണ്. ടെസ്റ്റ് ട്യൂബ് ശിശുവിൽ തുടങ്ങി വളർന്ന ഈ രീതികളിൽ ഇന്ന് ഏറെ സ്വീകാര്യത നേടിയതാണ് ഗർഭപാത്രം വാടകയ്ക്കു നൽകിയുള്ള ഗർഭധാരണം (surrogacy). ജന്മനാൽ പൂർണ്ണവളർച്ചയില്ലാത്ത ഗർഭപാത്രമുള്ളവർക്കും ചില രോഗങ്ങൾ ബാധിച്ച് ഗർഭധാരണം അസാധ്യമാകുന്നവർക്കും ഈ മാർഗ്ഗം സ്വീകരിക്കാം. കുട്ടികളെ ആവശ്യമുള്ള ദമ്പതിമാരുടെ ബീജവും അണ്ഡവും സം



യോജിപ്പിച്ച് ഭ്രൂണം സൃഷ്ടിച്ച് മറ്റൊരു സ്ത്രീയുടെ ഗർഭപാത്രത്തിൽ നിക്ഷേപിച്ച് വളർത്തി പ്രസവിച്ചശേഷം കൈമാറുന്ന രീതിയാണ് വാടക മാതൃത്വം.

മുമ്പ് ചലച്ചിത്രങ്ങളിലും സാഹിത്യത്തിലും മാത്രം ഒതുങ്ങിയിരുന്ന വാടകമാതൃത്വം ഇന്ന് നിത്യയാഥാർത്ഥ്യമാണ്. വാടക അമ്മ (മാറ്റമ്മ) മാരുടെയും ഒപ്പം കുട്ടിയെ വളർത്തുന്ന അമ്മ (പോറ്റമ്മ)മാരുടെയും അവകാശങ്ങൾ ഇന്ന് ചർച്ചയാകുന്നു. വാടകപ്രസവത്തിലൂടെ കുട്ടിയെ നേടിയ ഒരമ്മയ്ക്ക് പ്രസവാവധി നൽകണമെന്ന് അടുത്തിടെ കേരള ഹൈക്കോടതിയിൽ നിന്നും വിധി വന്നിരുന്നു. പോറ്റമ്മമാരേക്കാൾ ഈ രംഗത്ത് ചൂഷണ സാധ്യത നേരിടുന്നത് മാറ്റമ്മമാരാണ്. അതുകൊണ്ടു തന്നെ അവരുടെ രക്ഷയ്ക്കായി നിയമവ്യവസ്ഥകൾ വേണമെന്നത് ഏറെക്കാലമായി ഉയരുന്ന ആവശ്യമാണ്.

ഇന്ത്യ ഇന്ന് മാറ്റമ്മമാരുടെ രാജ്യം കൂടിയാണ്. ഗർഭപാത്രം വാടകയ്ക്കു നൽകിയുള്ള ഗർഭധാരണം (surrogacy) രാജ്യത്ത് വർദ്ധിക്കുകയാണ്. വിദേശത്ത് നിന്ന് ഇന്ത്യയിലേക്ക് വാടക അമ്മമാരെ തേടിയെത്തുന്നവരുടെ എണ്ണം കൂടി വരുന്നു.

ഇന്ത്യയിൽ ഇന്ന് വാടകപ്രസവത്തിന്റെ കേന്ദ്രമായി അറിയപ്പെടുന്നത് ഗുജറാത്തിലെ ആനന്ദ് നഗരമാണ്. പാൽ സഹകരണവിപണന സംഘമായ അമൂലിന്റെ ആസ്ഥാനമായ ഇവിടം ഇന്ന് ഗർഭപാത്ര വിപണിയെന്ന നിലയിലും പേരെടുത്തു കഴിഞ്ഞു.

ഇവിടുത്തെ പ്രമുഖ ക്ലിനിക്കിൽ 2005 മുതൽ വാടകപ്രസവം നടത്തിക്കൊടുക്കുന്നുണ്ട്. അമേരിക്ക, ബ്രിട്ടൺ, ആസ്ട്രേലിയ, കാനഡ, ഇസ്രയേൽ, സിംഗപ്പൂർ എന്നിവിടങ്ങളിൽ നിന്ന് ദമ്പതികൾ ഇവിടേയ്ക്കെത്തുന്നു. 500ലേറെ കുട്ടികളെ ഇവിടെ ഇത്തരത്തിൽ പ്രസവിച്ച് കൈമാറിക്കഴിഞ്ഞു.

ദരിദ്രകുടുംബങ്ങളിൽ നിന്നുള്ള സ്ത്രീകളാണ് അമ്മമാരാകാൻ എത്തുന്നവരേറെയും. ഗർഭകാലം മുഴുവൻ ഇവർ ആശുപത്രിയിൽ കഴിയേണ്ടിവരും. ഇടനിലക്കാരുടെ ചൂഷണം ശക്തമായതിനാൽ വിദേശദമ്പതികൾ ആശുപത്രിക്ക് നൽകുന്ന തുകയുടെ ഒരു പങ്ക് മാത്രമേ പ്രസവിക്കുന്ന സ്ത്രീക്ക് ലഭിക്കുകയുള്ളൂ. എങ്കിലും പലർക്കും അവരുടെ ജീവിത പ്രാരാബ്ധങ്ങൾക്ക് പരിഹാരം കാണാൻ ഈ അമ്മയാകൽ തുണയാകും. ഗർഭധാരണത്തിനും പ്രസവത്തിനും സമയം കളയാനില്ലാത്ത ദമ്പതികൾ മുതൽ ആരോഗ്യപ്രശ്നങ്ങളാൽ പ്രസവം സാധിക്കാത്ത സ്ത്രീകൾ വരെ ഈ രീതി തേടി എത്തുന്നു. രോഗിയായ മകളുടെ കുട്ടിയെ പ്രസവിക്കാൻ തയ്യാറായി വന്ന അമ്മയായിരുന്നു ഈ ക്ലിനിക്കിലെ ആദ്യത്തെ 'മാറ്റമ്മ' (surrogate) . ഇരുപത്തിയഞ്ചിനും നാൽപ്പതിനും ഇടയിൽ പ്രായമുള്ള സ്ത്രീകളെയാണ് ക്ലിനിക്കിൽ അമ്മമാരായി തെരഞ്ഞെടുക്കുന്നത്. വിവാഹിതരായ ഒരു കുട്ടിയെങ്കിലും ഉള്ള സ്ത്രീകളാകണം. കുട്ടിയെ വേണ്ട ദമ്പതിമാർക്ക് ഇവരെ കാണാനും പരിചയപ്പെടാനുമൊക്കെ ആശുപത്രി അധികൃതർ സൗകര്യം ചെയ്യും. പ്രസവം ഏറെയും ശാസ്ത്രക്രിയയിലൂടെയാകും. വിദേശദമ്പതികൾക്ക് വന്നുപോകാൻ പറ്റുന്ന തീയ്യതി നോക്കി ശസ്ത്രക്രിയ നടത്തുകയാണ് പതിവ്. ഇരട്ടകുട്ടികളെ പ്രസവിക്കേണ്ടിവരുന്ന വാടക അമ്മമാരുമുണ്ട്.

വാടകപ്രസവം വ്യാപകമായെങ്കിലും ഇത്തരത്തിലുള്ള ഗർഭ

ധാരണവും ഇങ്ങനെ ഉണ്ടാകുന്ന കുട്ടികളുടെ കൈമാറ്റവും നിയന്ത്രിക്കാൻ നിലവിൽ ഇന്ത്യയിൽ ഇപ്പോഴും നിയമങ്ങളില്ല. ഒരു നിയമവും ഇത് വിലക്കുന്നുമില്ല. 2005ൽ പുറപ്പെടുവിച്ച ചില മാർഗനിർദ്ദേശങ്ങൾ മാത്രമാണ് നിലവിലുള്ളത്.

ഈ രംഗത്ത് നിയമനിർമ്മാണത്തിന് അന്തിമരൂപമായതായി ആരോഗ്യമന്ത്രി കഴിഞ്ഞ ദിവസം വ്യക്തമാക്കി. ഇതിനുള്ള ബിൽ (Assisted Reproductive Technology Bill 2014) വൈകാതെ പാർലമെന്റിലെത്തുമെന്നും സൂചനയുണ്ട്. ബിൽ അവതരിപ്പിക്കപ്പെട്ടാൽ പത്തുവർഷത്തോളമായി തുടരുന്ന നിയമനിർമ്മാണ പ്രക്രിയ അവസാനഘട്ടത്തിലേക്ക് കടക്കും. പലവട്ടം മാറി മറിഞ്ഞ കരടാണ് നിയമത്തിന്റേത്. പുതിയ ബിൽ പ്രസിദ്ധീകരിച്ചാലേ അന്തിമരൂപം വ്യക്തമാകൂ. എന്നാൽ വിദേശികൾക്ക് ഇന്ത്യൻ സ്ത്രീകൾ ഗർഭപാത്രം വാടകയ്ക്ക് നൽകുന്നത് വിലക്കുന്ന വ്യവസ്ഥ പുതിയ കരടിൽ ഉള്ളതായി സൂചനയുണ്ട്. ഇന്ത്യൻ കുഞ്ഞുങ്ങളെ ദത്തെടുക്കാൻ വിദേശികൾക്ക് അവസരമുള്ളപ്പോൾ ഇക്കാര്യത്തിൽ അവരെ വിലക്കുന്നത് ശരിയല്ലെന്ന വിമർശനം ഇപ്പോൾ തന്നെ ഉയർന്നിട്ടുണ്ട്. അതുപോലെ കുട്ടികളുണ്ടാകാത്ത വിവാഹിതരായവർക്ക് മാത്രമേ വാടക പ്രസവം പാടുള്ളൂ എന്നും വ്യവസ്ഥ വന്നേക്കും. ഈ നിർദ്ദേശവും എതിർപ്പിനിടയാക്കിയിട്ടുണ്ട്.

ചെലവ് കുറവും ശക്തമായ നിയമങ്ങളില്ലാത്തതും തന്നെയാണ് ഇന്ത്യയെ ഒരു ‘ഗർഭപാത്ര വിപണി’ എന്ന നിലയിൽ വിദേശികൾക്ക് പ്രിയങ്കരമാക്കുന്നത്. അമേരിക്കയിൽ ഒരു ലക്ഷം ഡോളർ (50 ലക്ഷം രൂപ) മുടക്കിയാലെ ഇത്തരത്തിൽ ഒരു അമ്മയെ വാടകയ്ക്ക് കിട്ടുകയുള്ളൂ. ഇവിടെ ചെലവ് അതിന്റെ നാലിലൊന്നേ വരൂ. നിയന്ത്രണങ്ങളില്ലാത്തതുകൊണ്ടു തന്നെ ഇതു സംബന്ധിച്ച കണക്കുകളൊന്നും സർക്കാറിന്റെ പക്കലില്ല.

**ചെലവ് കുറവും ശക്തമായ നിയമങ്ങളില്ലാത്തതും തന്നെയാണ് ഇന്ത്യയെ ഒരു 'ഗർഭപാത്ര വിപണി' എന്ന നിലയിൽ വിദേശികൾക്ക് പ്രിയങ്കരമാക്കുന്നത്. അമേരിക്കയിൽ ഒരു ലക്ഷം ഡോളർ [50 ലക്ഷം രൂപ] മുടക്കിയാലെ ഇത്തരത്തിൽ ഒരു അമ്മയെ വാടകയ്ക്ക് കിട്ടുകയുള്ളൂ. ഇവിടെ ചെലവ് അതിന്റെ നാലിലൊന്നേ വരൂ. നിയന്ത്രണങ്ങളില്ലാത്തതുകൊണ്ടു തന്നെ ഇതു സംബന്ധിച്ച കണക്കുകളൊന്നും സർക്കാറിന്റെ പക്കലില്ല.**

ഈ സാഹചര്യത്തിലാണ് 2009 ആഗസ്റ്റ് 5ന് കേന്ദ്രസർക്കാരിന് സമർപ്പിച്ച ഇരുന്നൂറ്റി ഇരുപത്തെട്ടാമത് റിപ്പോർട്ടിൽ പുതിയ നിയമം വേണമെന്ന നിർദ്ദേശം ദേശീയ ലോ കമ്മീഷൻ മുന്നോട്ട് വെച്ചത്. വൻതോതിൽ വാണിജ്യവത്ക്കരിക്കപ്പെടുന്ന ഈ രംഗത്ത് നിയന്ത്രണങ്ങൾ ആവശ്യമുണ്ടെന്ന് മുൻ സുപ്രീംകോടതി ജഡ്ജി ഡോ.എ.ആർ.ലക്ഷ്മണൻ അദ്ധ്യക്ഷനായ കമ്മീഷൻ ചൂണ്ടിക്കാട്ടിയിരുന്നു.

‘ഇതിൽ ഏറെ മനുഷ്യാവകാശ പ്രശ്നങ്ങളും ധാർമ്മികവിഷയങ്ങളും ഉൾച്ചേർന്നിട്ടുണ്ട്. നിയമപരമായ ചട്ടക്കൂട്ടിലല്ലെങ്കിൽ ഒട്ടേറെ സങ്കീർണ്ണതകളുണ്ടാകാം. എന്നാൽ, അവ്യക്തമായ ‘ധാർമ്മിക’ കാരണങ്ങൾ പറഞ്ഞ ഇത്തരം ഗർഭധാരണങ്ങൾ നിരോധിക്കുന്നതിൽ അർത്ഥമില്ല.’ കമ്മീഷൻ വ്യക്തമാക്കി. നിയമത്തിലുണ്ടാകേണ്ടത് എന്തെല്ലാമെന്ന് കമ്മീഷൻ റിപ്പോർട്ടിൽ വിവരിച്ചിരുന്നു. ഇതനുസരിച്ച് നിയമത്തിന്റെ കരട് 2010ൽ തയ്യാറായിരുന്നു. ആ ബില്ലാണ് ഇപ്പോൾ മാറ്റങ്ങളോടെ വീണ്ടും വരുന്നത്.

ആദ്യ ബില്ലിലെ വ്യവസ്ഥകൾ നമുക്ക് പരിശോധിക്കാം. വ്യക്തമായ കരാറിലൂടെയാകണം ഗർഭധാരണം എന്നതാണ് മുഖ്യ വ്യവസ്ഥ. ഗർഭധാരണത്തിന് തയ്യാറാകുന്ന സ്ത്രീയുടെ സമ്മതം കരാറിലുണ്ടാകണം. അവരുടെ ഭർത്താവും കുടുംബാംഗങ്ങളും ഇതിനു സമ്മതം നൽകണം. കൃത്രിമഗർഭധാരണത്തിനുള്ള സമ്മതവും കരാറിലുണ്ടാകണം. കുട്ടിയെ ആഗ്രഹിക്കുന്ന ദമ്പതികളിൽ ഒരാളുടെ അണ്ഡമോ/ബീജമോ ഉപയോഗിച്ചു തന്നെയാകണം കൃത്രിമഗർഭധാരണം. കുട്ടിയുമായി രക്ഷിതാക്കൾക്ക് ജൈവശാസ്ത്രപരമായ ബന്ധം രൂപപ്പെടാൻ ഇതാവശ്യമാണെന്ന് കമ്മീഷൻ കാണുന്നു. പ്രസവചെലവുകളെല്ലാം കുട്ടിയെ ലഭിക്കേണ്ട കുടുംബം വഹിക്കണം. കുട്ടിയെ ആ രക്ഷിതാക്കൾക്കോ രക്ഷിതാവിനോ വിട്ടുകൊടുക്കാൻ തയ്യാറാണെന്ന് ഗർഭം ധരിക്കുന്ന സ്ത്രീയും കരാറിൽ വ്യക്തമാക്കണം. എന്നാൽ, ഈ ഏർപ്പാടുകളൊന്നും വാണിജ്യലക്ഷ്യത്തോടെയാകരുത്.

കുട്ടിയുടെ സാമ്പത്തികരക്ഷ ഉറപ്പാക്കാൻ വ്യവസ്ഥ വേണം. കുട്ടിയെ ഏറ്റെടുക്കേണ്ടയാൾ മരിക്കുകയോ ദമ്പതികളാണെങ്കിൽ അവർ വേർപിരിയുകയോ ചെയ്താൽ കുട്ടി അനാഥ/ അനാഥനാകരുത്. ഗർഭം ധരിക്കുന്ന സ്ത്രീയുടെ ജീവൻ ഇൻഷ്വർ ചെയ്യാൻ വ്യവസ്ഥ ഉണ്ടാകണം. ഏറ്റെടുക്കുന്ന ദമ്പതികളുടെ കുട്ടി എന്നതു തന്നെയായിരിക്കണം ഇത്തരത്തിൽ കൈമാറുന്ന കുട്ടിയുടെ നിയമപരമായ അസ്തിത്വം. ദ

ത്തെടുക്കലിന്റെയോ രക്ഷിതാവായി പ്രഖ്യാപിക്കലിന്റെയോ ആവശ്യമുണ്ടാകരുത്. കുട്ടിയുടെ ജനനസർട്ടിഫിക്കറ്റിൽ ഏറ്റെടുക്കുന്ന ദമ്പതികളായിരിക്കണം അച്ഛനമ്മമാർ. ഗർഭം ധരിക്കുന്ന സ്ത്രീയുടെയും കുട്ടിയെ ഏറ്റെടുക്കുന്ന കുടുംബത്തിന്റേയും വിവരങ്ങൾ രഹസ്യമായിരിക്കണം.

ഈ നിർദ്ദേശങ്ങൾ അംഗീകരിച്ചാണ് ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചി (ICMR) നെ ബിൽ തയ്യാറാക്കാൻ കേന്ദ്രസർക്കാർ ചുമതലപ്പെടുത്തിയത്. പഠനങ്ങൾക്കും തെളിവെടുപ്പുകൾക്കും ശേഷം തയ്യാറാക്കിയ ബിൽ ആണ് പുതിയ മാറ്റങ്ങളോടെ ഇനി പാർലമെന്റിലെത്തുന്നത്.

ഈ മേഖലയിൽ മേൽനോട്ടത്തിനായി കേന്ദ്ര ആരോഗ്യസെക്രട്ടറി ചെയർമാനായി ഒരു ഇരുപത്തൊന്നംഗ ഉപദേശകസമിതി രൂപീകരിക്കാൻ ബിൽ നിർദ്ദേശിക്കുന്നു. സംസ്ഥാനത്തും സമാനമായ സമിതികൾ നിലവിൽ വരും. ഈ രംഗത്തു പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെല്ലാം രജിസ്ട്രേഷൻ നിർബന്ധമാക്കുന്ന വ്യവസ്ഥയും നിയമത്തിലുണ്ട്. വാടക അമ്മമാർക്ക് പിറക്കുന്ന കുഞ്ഞുങ്ങളുടെ പൗരത്വം മുതൽ പിതൃത്വം വരെയുള്ള പ്രശ്നങ്ങൾക്കും ഇനിയും വ്യക്തത വരേണ്ടതുണ്ട്. ഇത്തരം നിയമക്കുരുക്കുകൾ പല രാജ്യങ്ങളിലും ഉണ്ടാകുന്നുണ്ട്. ഇന്ത്യയിൽ ഇത്തരത്തിലൊരു കേസിൽ തീർപ്പുണ്ടാക്കിയത് സുപ്രീംകോടതിയാണ്. 2008ലായിരുന്നു അത്.

ജപ്പാനിലെ ദമ്പതികളായ ഇക്കുഫുമി യമാദയും ഭാര്യ ഡോക്ടർ യുക്കി യമാദയും ഇന്ത്യയിൽ നിന്നും ഒരമ്മയെ വാടകയ്ക്കെടുക്കാൻ തീരുമാനിച്ചു. ബീജം ഇക്കുഫുമി യമാദയിൽ നിന്നുതന്നെയായിരുന്നു. എന്നാൽ അണ്ഡം യുക്കി യമദയുടേതായിരുന്നില്ല. അത് മറ്റൊരു സ്ത്രീയിൽ നിന്നായിരുന്നു. ഗർഭപാത്രം വാടകയ്ക്കു നൽകിയ അമ്മ ഗുജറാ

**കുട്ടിയുടെ സാമ്പത്തികരക്ഷ ഉറപ്പാക്കാൻ വ്യവസ്ഥ വേണം. കുട്ടിയെ ഏറ്റെടുക്കേണ്ടയാൾ മരിക്കുകയോ ദമ്പതികളാണെങ്കിൽ അവർ വേർപിരിയുകയോ ചെയ്താൽ കുട്ടി അനാഥ/ അനാഥനാകരുത്. ഗർഭം ധരിക്കുന്ന സ്ത്രീയുടെ ജീവൻ ഇൻഷൂർ ചെയ്യാൻ വ്യവസ്ഥ ഉണ്ടാകണം. ഏറ്റെടുക്കുന്ന ദമ്പതികളുടെ കുട്ടി എന്നതു തന്നെയായിരിക്കണം ഇത്തരത്തിൽ കൈമാറുന്ന കുട്ടിയുടെ നിയമപരമായ അസ്തിത്വം.**

ത്തിലെ ആനന്ദ് സ്വദേശിനി, പ്രസവം ഈ മേഖലയിൽ ശ്രദ്ധേയമായ ആശുപത്രിയിൽ.

കുട്ടിയുണ്ടായപ്പോഴേക്കും ഇക്കുഫുമി യമാദയും ഭാര്യയും തമ്മിൽ ബന്ധം മോശമായി അവർ ബന്ധം വേർപിരിഞ്ഞു.

2008 ജൂലൈ 25നു കുട്ടി ജനിച്ചു. മഞ്ജി എന്നു പേരുമിട്ടു. യമാദ കുട്ടിയുടെ പാസ്പോർട്ടിനു ശ്രമിച്ചു. എന്നാൽ ജപ്പാൻ എംബസി നൽകിയില്ല. കുട്ടി ഏതു നാട്ടുകാരിയാണെന്ന് നിശ്ചയിക്കാനാകാത്തതാണ് പ്രശ്നമായത്. ജനിച്ചത് ഇന്ത്യക്കാരിക്കായതിനാൽ കുട്ടിക്ക് പാസ്പോർട്ട് നൽകാനാകില്ലെന്ന് എംബസി പറഞ്ഞു. എന്നാൽ കുട്ടിയെ ദത്തെടുക്കാമെന്നായി യമാദ. അത് ഇന്ത്യൻനിയമം അനുവദിക്കുന്നില്ല. വിഭാര്യനായ ആൾക്ക് പെൺകുഞ്ഞിനെ ദത്തെടുക്കാൻ ഗാർഡിയൻസ് & വാർഡ്സ് ആക്ടിൽ വിലക്കുണ്ട്. ഇന്ത്യൻപാസ്പോർട്ടിനുള്ള ശ്രമവും പരാജയപ്പെട്ടു. ആനന്ദ് മുൻസിപ്പാലിറ്റി നൽകിയ ജനനസർട്ടിഫിക്കറ്റിൽ അമ്മയുടെ പേരില്ലാത്തതായിരുന്നു തടസ്സം.

ഇതിനിടെ വിസ കാലാവധി തീർന്നതിനാൽ ഇക്കുഫുമിയമാദയ്ക്ക് ജപ്പാനിലേക്ക് മടങ്ങേണ്ടി വന്നു. കുട്ടിയെ ഏറ്റെടുക്കാനായി യമാദയുടെ അമ്മ എമിക്കോ യമാദ ജപ്പാനിൽ നിന്നു പറന്നെത്തി. അപ്പോൾ പുതിയ പ്രശ്നം. ഈ ഇടപാട് മുഴുവൻ നിയമവിരുദ്ധമാണെന്നും അനധികൃതമായി കുട്ടികളെ ജനിപ്പിച്ച് അവരെ വിദേശികൾക്കു വിൽക്കുന്ന റാക്കറ്റിന്റെ ഭാഗമാണ് പ്രസവം നടന്ന ആശുപത്രിയിലെ ഡോക്ടറും മറ്റുമെന്നാരോപിച്ച് ഒരു സന്നദ്ധസംഘടന ഗുജറാത്ത് ഹൈക്കോടതിയിലെത്തി. ഹൈക്കോടതി കുട്ടിയെ കോടതിയിൽ ഹാജരാക്കാൻ ഉത്തരവായി. എന്നാൽ ഇക്കുഫുമി നൽകിയ ഹരജിയിൽ സുപ്രീംകോടതി കേസിൽ ഇടപെട്ടു. ഹൈക്കോടതി വിധി സുപ്രീംകോടതി സ്റ്റേ ചെയ്തു. എന്നാൽ പൗരത്വപ്രശ്നം സുപ്രീംകോടതിക്കും തലവേദനയായി.

കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കാനുള്ള ദേശീയ കമ്മീഷന്റെ അഭിപ്രായം കൂടി മാനിച്ച് ഒടുവിൽ മഞ്ജിക്ക് പാസ്പോർട്ട് നൽകാൻ തീരുമാനമായി. അമ്മയുടെ പേരോ പൗരത്വമോ വ്യക്തമാക്കാത്ത ഒരു സർട്ടിഫിക്കറ്റ് രാജസ്ഥാൻ പാസ്പോർട്ട് ഓഫീസിൽ നിന്ന് നൽകിയാണ് പാസ്പോർട്ട് ലഭ്യമാക്കിയത്. ഇത്തരത്തിലൊരു സർട്ടിഫിക്കറ്റ് ഇന്ത്യൻ ചരിത്രത്തിലാദ്യം. ജപ്പാനിലേക്കു പോകാൻ മാത്രം ഉപയോഗിക്കാവുന്ന ഒരു ട്രാവൽ വിസയും നൽകി. രണ്ടരമാസം നീ

*ശേഷം പേജ് 36*

# 2015ലെ
# ചരിത്രം സൃഷ്ടിച്ച കോടതിവിധികൾ

## ഗർഭപാത്രദാനത്തിലൂടെ കുഞ്ഞിനെ ലഭിച്ച അമ്മയ്ക്ക് പ്രസവാവധി

മറ്റൊരു സ്ത്രീയുടെ താൽകാലിക ഗർഭപാത്ര ദാനത്തിലൂടെ കുഞ്ഞിനെ ലഭിച്ച സ്ത്രീ പ്രസവാവധിക്കു അപേക്ഷിച്ചപ്പോൾ തൊഴിൽദാതാവായ കേരള ലൈവ്സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡ് അവർക്ക് അവധി നിഷേധിച്ചു. 'സാധാരണ' പ്രസവങ്ങൾക്ക് മാത്രമേ ഈ ആനുകൂല്യം അനുവദിക്കാൻ കഴിയൂ എന്നതായിരുന്നു വാദം. എന്നാൽ കോടതിയെ  സമീപിച്ച  സ്ത്രീ തനിക്കനുകൂലമായ വിധി നേടി. മാതൃത്വം പ്രസവത്തിൽ അവസാനിക്കുന്നില്ലെന്നും കുഞ്ഞിനെ വളർത്തൽ എന്ന ഉത്തരവാദിത്വം അവധി ആവശ്യപ്പെടുന്നതാണെന്നും കോടതി ചൂണ്ടിക്കാട്ടി. പ്രസവിക്കാത്ത പുരുഷന്മാർക്കും  പിതൃത്വ അവധി ലഭിക്കുന്ന സാഹചര്യത്തിൽ ഈ സ്ത്രീക്ക് അവധി നിഷേധിക്കുന്നത് അവരുടെ  അടിസ്ഥാന അവകാശങ്ങൾ നിഷേധിക്കൽ കൂടിയാണെന്നായിരുന്നു കോടതിയുടെ വിലയിരുത്തൽ.

## അവിവാഹിതരായ അമ്മമാർക്ക് കുട്ടികളുടെ മേലുള്ള അവകാശം

അവിവാഹിതയായ അമ്മ സ്വന്തം കുട്ടിയുടെ മേൽ തനിക്ക് മാത്രമുള്ള രക്ഷാകർതൃത്വ അവകാശത്തിനായി കുടുംബകോടതിയെ സമീപിച്ചപ്പോൾ കോടതി കുട്ടിയുടെ അച്ഛന് നോട്ടീസയക്കുകയാണ് ചെയ്തത്. പിന്നീട്  അപക്സ്  കോടതിയെ സമീപിക്കേണ്ടി വന്ന സ്ത്രീക്ക് കുട്ടിയുടെ പിതാവിന്റെ പേര് വെളിപ്പെടുത്താതെത്തന്നെ അവിവാഹിതയായ ഒരു അമ്മക്ക് തന്റെ കുട്ടിയുടെ മേൽ തനിക്കുമാത്രമുള്ള  ഗാർഡിയൻഷിപ്പ് അനുവദിക്കാമെന്ന വിധി ലഭിച്ചു. അവിവാഹിതരായ അമ്മമാർ കുട്ടികൾക്ക് പാസ്പോർട്ടിന് അപേക്ഷിക്കുമ്പോൾ അതല്ലെങ്കിൽ സ്കൂൾ പ്രവേശനത്തിനു ശ്രമിക്കുമ്പോൾ പിതാവിന്റെ അനുവാദം തേടൽ ആവശ്യമായിരുന്നു. തന്നെയോ കുഞ്ഞിനെയോ സംരക്ഷിക്കാൻ തയ്യാറാകാത്ത പുരുഷന്റെ കാരുണ്യത്തിന്  കാത്തുനിൽക്കേണ്ട ഗതികേടിലായിരുന്നു നാളിതു വരെ സ്ത്രീകൾ."നാളിതുവരെ കുഞ്ഞിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ തയ്യാറില്ലാതിരുന്ന പുരുഷന് ആ കുഞ്ഞിന്റെ രക്ഷാകർതൃത്വം  നൽകുന്നതേ പാഴായിപ്പോകുന്ന പ്രവർത്തിയാകും" എന്നു കൂടി ഈ കേസ്സിൽ കോടതി നിരീക്ഷിച്ചു.

## ക്രിസ്ത്യൻ സ്ത്രീകൾ വിവാഹമോചനക്കേസ്സുകളിൽ നേരിടുന്ന വിവേചനത്തിന് പരിഹാരം

ഹിന്ദുവിവാഹനിയമം 1955, പാർസി വിവാഹമോചന നിയമം 1936, സ്പെഷ്യൽ മാര്യേജ് ആക്ട് 1954 തുടങ്ങിയവയിൽ അനുശാസിക്കുന്ന വിവാഹമോചനത്തിനായുള്ള ഒരു വർഷത്തെ കാത്തിരിപ്പ് സമയം അപേക്ഷിച്ച് ക്രിസ്ത്യൻ വിവാഹമോചനനിയമം 1869 ലെ സെക്ഷൻ 10A പ്രകാരം വിവാഹമോചനത്തിന് ക്രിസ്ത്യൻ സ്ത്രീകൾ രണ്ടുവർഷം കാത്തിരിക്കേണ്ടത് ആവശ്യമായിരുന്നു. ഭരണഘടനയുടെ നിയമത്തിനു മുന്നിലെ തുല്യത എന്ന അവകാശം ലംഘിക്കുന്നതാകയാലും കേരളഹൈക്കോടതിയുടെ അനുകൂലവിധി നിലനിൽക്കുന്നതിനാലും കർണ്ണാടക ഹൈക്കോടതി ഒരു വർഷത്തെ കാത്തിരിപ്പ് സമയം എല്ലാ മതസ്ഥരായ സ്ത്രീകൾക്കും ബാധകമാണെന്ന് വിധിച്ചു.

## ലൈംഗികാതിക്രമണങ്ങൾക്ക് വിധേയരായവരുടെ സ്വകാര്യത സംരക്ഷിക്കൽ

സ്വന്തം പിതാവിൽ നിന്ന് ലൈംഗികാതിക്രമണങ്ങൾക്ക്  വിധേയമായ പ്രായപൂർത്തിയാകാത്ത പെൺകുട്ടിയുടെ  പേരുവിവരങ്ങൾ വെളിപ്പെടുത്തിയ പോലീസിനും പ്രക്ഷേപണം ചെയ്ത ദൃശ്യമാധ്യമങ്ങൾക്കുമെതിരെ ഫയൽ ചെയ്ത പരാതിയിൽ ദില്ലി ഹൈക്കോടതിയുടെ അനുകൂലവിധി. സ്വകാര്യത സംരക്ഷിക്കപ്പെടേണ്ട അവകാശം ലംഘിക്കപ്പെടുകയും താമസസ്ഥലം പോലും. മാറിപ്പോകാൻ പ്രേരിപ്പിക്കപ്പെടുകയും ചെയ്യപ്പെട്ട സാഹചര്യത്തിൽ വാദികൾക്ക് 6 ലക്ഷം രൂപ നഷ്ടപരിഹാരം (5 ലക്ഷം സ്വകാര്യ ചാനലുകളും 1 ലക്ഷം പോലീസ് കമ്മീഷണറും) നൽകാനായിരുന്നു വിധി പുറപ്പെടുവിച്ചിരുന്നത്.



അഡ്വ.സവിത
കേരള ഹൈക്കോടതി



# വെളിച്ചത്തിലേക്കുള്ള കനൽവഴികൾ

## അഡ്വ.ലേഖ സുരേഷ് തന്റെ അനുഭവങ്ങൾ പങ്കുവയ്ക്കുന്നു

ഓരോ നിയതിയും ഓരോ നിയോഗമാണ്. അഭിഭാഷക ജീവിതങ്ങൾക്ക് ദൈവിക പരിവേഷമാണ് ചില സാഹചര്യങ്ങളിൽ ലഭിക്കുക. ക്രിസ്ത്യൻ സമുദായത്തിന് ബാധകമായിരുന്ന, 100 കൊല്ലം പഴക്കമുണ്ടായിരുന്ന വിദേശനിർമ്മിത ഇന്ത്യൻ വിവാഹമോചന നിയമവും അതു പോലെ തന്നെ തിരുവിതാംകൂർ ക്രിസ്ത്യൻ പിൻതുടർച്ചാവകാശ നിയമവും സമൂലമായ വരുത്തുവാൻ രണ്ട് സ്ത്രീകളുടെ ജീവിതത്തിലേക്ക് കയറി ചെന്ന് വിജയം കൈവരിച്ച പ്രമുഖ അഭിഭാഷക ശ്രീമതി ലേഖ സുരേഷ് തന്റെ അനുഭവങ്ങൾ പങ്ക് വയ്ക്കുന്നു.

**മേരി റോയ് കേസ്**

ട്രാവൻകൂർ ക്രിസ്ത്യൻ പിൻതുടർച്ചാവകാശ നിയമം സ്ത്രീകളുടെ സ്വത്തവകാശത്തിന് വിവേചനം നൽകിയിരുന്നു. സ്ത്രീകൾ പരമ്പരാഗതസ്വത്തിന്റെ 1/5 മാത്രമേ അർഹരായിരുന്നുള്ളൂ. ഈ സാഹചര്യത്തിലാണ് ഇതിന്റെ ഭരണഘടനാസാധ്യതയെ ചോദ്യം ചെയ്ത് ട്രയൽ കോടതിയും ഹൈക്കോടതിയും കടന്ന് പുരുഷന്റെ ഒപ്പം സ്ത്രീകൾക്കും പരമ്പരാഗത സ്വത്തിന് അവകാശമുണ്ടെന്ന് സ്ഥാപിച്ചെടുക്കാൻ ക

# നിയമപോരാട്ടങ്ങളിലെ

## ഹിന ജലാനി



പാകിസ്ഥാനിലെ ലാഹോറിൽ ആദ്യമായി സ്ത്രീകളുടെ മാത്രമായ നിയമസഹായസ്ഥാപനം ആരംഭിക്കുകയും സ്ത്രീകൾക്ക് സൗജന്യ നിയമപരിരക്ഷ നൽകുന്ന ദസ്തക് എന്ന സംഘടനയ്ക്ക് രൂപം കൊടുക്കുകയും ചെയ്തിരിക്കുന്നു പ്രമുഖ മനുഷ്യാവകാശ പ്രവർത്തകയായ ഹിന ജലാനി. വിമൻസ് ആക്ഷൻ ഫോറം എന്ന പാകിസ്ഥാനി സ്ത്രീ സംഘടനയുടെ സ്ഥാപകരിലൊരാൾ കൂടിയാണ് അഡ്വക്കറ്റ് ഹിന ജലാനി.

## സിന്തിയ ഗോമസ്



കാലിഫോർണിയയിൽ ആദിവാസി ക്ഷേമത്തിനും അവകാശ സ്ഥാപനങ്ങൾക്കും വേണ്ടി പ്രവർത്തിക്കുകയാണ് സിന്തിയ ഗോമസ്. ആദിവാസികളുടെ സ്വയംഭരണ അവകാശങ്ങൾക്കു വേണ്ടിയും ആദിവാസി നിയമങ്ങളുടെ നടത്തിപ്പിനും വേണ്ടി പോരാടുന്ന ഇവർ കാലിഫോർണിയയിലെ പരിസ്ഥിതിനീതിയുടെയും സർക്കാർ ആദിവാസി നയത്തിന്റെയും അസിസ്റ്റന്റ് സെക്രട്ടറിയാണ്.



## ഷിറിൻ എബാദി

2003ലെ നൊബേൽ സമ്മാനജേത്രിയായ ഷിറിൻ എബാദി ഇറാനിലെ മനുഷ്യാവകാശ ധ്വംസനങ്ങളെ എതിർക്കുന്ന ധാരാളം നിയമപോരാട്ടങ്ങൾ ഏറ്റെടുത്തു. ഭരണകൂടത്തിനെതിരായി ശബ്ദിച്ചതിന്റെ പേരിൽ കൊല്ലപ്പെട്ടവരുടെയും ശിക്ഷിക്കപ്പെട്ടവരുടെയും നിയമയുദ്ധങ്ങൾ, കുട്ടികളുടെ അവകാശങ്ങൾ എന്നിവയൊക്കെ ഷിറിന്റെ പ്രത്യേക ഇടപെടലുകളുടെ വിഷയങ്ങളായി. തന്റെ ധീരമായ പ്രവർത്തനങ്ങൾക്ക് കഠിനമായ ഭീഷണികൾ നേരിട്ട ഷിറിൻ അഞ്ചുമാസം ജയിൽവാസം അനുഷ്ഠിക്കേണ്ടി വരികയും അവരുടെ ലൈസൻസ് താല്ക്കാലികമായി പിൻവലിക്കപ്പെടുകയുമുണ്ടായി.

# സാരഥ്യങ്ങൾ

## ഇന്ദിര ജൈസിങ്ങ്



സുറിയാനി ക്രിസ്ത്യാനി സ്ത്രീകളുടെ പിന്തുടർച്ചാവകാശത്തിനുവേണ്ടി മേരി റോയി നടത്തിയ പോരാട്ടം, ഐ.എ.എസ്സുകാരി രൂപൻ ദിയോൾ ബജാജ് തനിക്കെതിരെ ലൈംഗികാതിക്രമണം നടത്തിയ ഉയർന്ന പോലീസുദ്യോഗസ്ഥൻ കെ.പി.എസ്.ഗില്ലിനുനേരെ ഉന്നയിച്ച പരാതി, പ്രായപൂർത്തിയാകാത്ത കുട്ടികളുടെ സ്വാഭാവിക രക്ഷിതാവ് സ്ത്രീകളാണെന്ന് സ്ഥാപിച്ചെടുക്കാനുള്ള ഗീതാഹരിഹരന്റെ ശ്രമങ്ങൾ, ഫാഷിസ്റ്റുഭരണരീതികൾക്കെതിരെ ടീസ്റ്റ സെതൽവാദിന്റെ നിയമപോരാട്ടം– ഇവയ്ക്കൊക്കെ ചുക്കാൻ പിടിച്ചിട്ടുള്ളത് ഇന്ദിര ജൈസിങ്ങാണ്. നീതിയുടെ പുതുവഴികൾ സ്ഥാപിക്കുന്നതിൽ ഏറെ വിജയങ്ങൾ കണ്ടെത്തിയ അഭിഭാഷകയാണ് ഇന്ദിര ജൈസിങ്ങ്.

## വൃന്ദാ ഗ്രോവർ



പ്രമാദമായ സോണി സോറി ബലാത്സംഗക്കേസ്, 1984ലെ സിഖ് വിരുദ്ധകലാപങ്ങൾ, 1987ലെ ഹാഷിംപുര പോലീസ് കൊലപാതങ്ങൾ 2004ലെ ഇഷ്രത്ത് ജഹാൻ ഏറ്റുമുട്ടൽ കേസ് 2008ലെ കന്ദാമൽ ക്രിസ്ത്യൻവിരുദ്ധ കലാപങ്ങൾ എന്നിവയിലൊക്കെ ഇരകളാക്കപ്പെട്ടവർക്ക് വേണ്ടി ഹാജരായ അഭിഭാഷകയാണ് വൃന്ദാ ഗ്രോവർ. 2013 ലെ ക്രിമിനൽ നിയമഭേദഗതിയിലൂടെ കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമണം തടയുന്ന നിയമം (PCSOA) തയ്യാറാക്കുന്നതിൽ പങ്കാളിയായി.

## ഫ്ളാവിയ ആഗ്നസ്



രണ്ടുപതിറ്റാണ്ടിലേറെ കാലമായി മുംബൈ ഹൈക്കോടതിയിൽ അഭിഭാഷകയായ ഫ്ളാവിയ ആഗ്നസ് സ്ത്രീകൾക്ക് വിവാഹം, കുട്ടികളുടെ രക്ഷാകർതൃത്വം തുടങ്ങിയ വിഷയങ്ങളിൽ നിയമസഹായം ലഭ്യമാക്കാൻ മജ്ലിസ് എന്ന സംഘടന (മധുശ്രീ ദത്തയോടൊപ്പം) സ്ഥാപിച്ചു. 1979 സ്ഥാപിക്കപ്പെട്ട ഫോറം എഗൈൻസ്റ്റ് ഒപ്രഷൻ ഓഫ് വിമൻ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളോട് സന്ധിയില്ലാതെ പോരാടുന്ന വേദിയായി മാറി.

ഴിഞ്ഞത്. ഈ വിധി പല ജീവിതങ്ങൾക്കും താങ്ങായി മാറുന്ന കാഴ്ചയാണ് പിന്നീട് കണ്ടത്. എക്സിക്യൂഷൻ നടത്തി സ്വത്തിന് അർഹയായെങ്കിലും സമൂഹം ഇന്നും ആ സ്ത്രീയെ വേട്ടയാടുന്നു എന്നുള്ളത് പറയാതിരിക്കാൻ പറ്റുന്നില്ല.

അഭിഭാഷക ജീവിതത്തിന് മേരി റോയിയുടെ കേസ് പുതിയൊരു മാനം കൈവരുത്തിയെങ്കിലും അനേകം നരകജീവിതങ്ങളെ കൈപിടിച്ചുയർത്തിയ സോണിയ സക്കറിയ എന്ന കേസിനോട് ശ്രീമതി ലേഖയ്ക്ക് മാനസികമായി ഒരു പിടി അടുപ്പം കൂടുതലാണ്.

ദൈവം കൂട്ടിയോജിപ്പിച്ച വിവാഹ ബന്ധത്തെ മനുഷ്യൻ വേർപിരിക്കരുത് എന്ന് പറഞ്ഞ് കൊണ്ട്, 100 കൊല്ലത്തോളം പഴക്കം ചെന്ന വിദേശനിർമ്മിതമായ ഇന്ത്യൻ വിവാഹമോചന നിയമം ക്രിസ്ത്യൻ സ്ത്രീകളുടെ വൈവാഹിക ജീവിതത്തിന് ഇരുൾ പടർത്തിയ സാഹചര്യത്തിൽ സോണിയ എന്ന വനിതയിലൂടെ നീതിദേവതയുടെ മുഖത്തിന് പ്രകാശം പടർത്താൻ കഠിനാധ്വാനം തന്നെ വേണ്ടി വന്നു എന്നതാണ് സത്യം.

ഭർത്താവ് മറ്റൊരു വിവാഹം കഴിച്ചു എന്നതിനു തെളിവ് കിട്ടിയിട്ടും ഡിവോഴ്സ് ലഭിക്കാത്ത സാഹചര്യത്തിലായിരുന്നു ശ്രീമതി ലേഖക്ക് ഈ കേസിൽ ഇടപെടേണ്ടി വന്നത്.

**ദൈവം കൂട്ടിയോജിപ്പിച്ച വിവാഹ ബന്ധത്തെ മനുഷ്യൻ വേർപിരിക്കരുത് എന്ന് പറഞ്ഞ് കൊണ്ട്, 100 കൊല്ലത്തോളം പഴക്കം ചെന്ന വിദേശനിർമ്മിതമായ ഇന്ത്യൻ വിവാഹമോചന നിയമം ക്രിസ്ത്യൻ സ്ത്രീകളുടെ വൈവാഹിക ജീവിതത്തിന് ഇരുൾ പടർത്തിയ സാഹചര്യത്തിൽ സോണിയ എന്ന വനിതയിലൂടെ നീതിദേവതയുടെ മുഖത്തിന് പ്രകാശം പടർത്താൻ കഠിനാധ്വാനം തന്നെ വേണ്ടി വന്നു എന്നതാണ് സത്യം. ഭർത്താവ് മറ്റൊരു വിവാഹം കഴിച്ചു എന്നതിനു തെളിവ് കിട്ടിയിട്ടും ഡിവോഴ്സ് ലഭിക്കാത്ത സാഹചര്യത്തിലായിരുന്നു ശ്രീമതി ലേഖക്ക് ഈ കേസിൽ ഇടപെടേണ്ടി വന്നത്.**

പരസ്ത്രീബന്ധം (Adultery) തെളിയിക്കാൻ പറ്റാത്തതിനാലും ഭർത്താവിന് നോട്ടീസ് അയക്കാൻ പറ്റാത്തതിനാലും സോണിയക്ക് വിവാഹമോചനം നിഷേധിച്ചു. ഈ അവസരത്തിൽ സോണിയ എന്ന സ്ത്രീയുടെ നിരവധി പരിമിതികൾക്കുള്ളിൽ നിന്നു കൊണ്ട് ഇതിനെ ചോദ്യം ചെയ്യാൻ ലേഖയ്ക്ക് സാധിച്ചു. അതിനായി 1939 വരെയുള്ള സമാനകേസുകൾ പരിശോധിച്ചു.

മറ്റ് മതവിഭാഗങ്ങൾക്ക് വിവാഹമോചന കാരണങ്ങൾ കൂടുതലുള്ളതിനാൽ ക്രിസ്ത്യൻ ആക്ടിനെയും പുതുക്കണം എന്ന 1971 ലോ കമ്മീഷൻ റിപ്പോർട്ട് തനിക്കേറെ ഉപകാരപ്പെട്ടെന്ന് അവർ ഓർക്കുന്നു.

ഇന്ത്യ മുഴുവൻ സഞ്ചരിച്ച് അഭിപ്രായ രൂപീകരണങ്ങൾ നടത്തി, പ്രത്യേകിച്ചും ക്രിസ്ത്യൻ കമ്മ്യൂണിറ്റിയിൽ ബോധവത്ക്കരണ ക്ലാസുകൾ നടത്തി ഒട്ടേറെ നല്ല അനുഭവങ്ങൾ ഇതിനോടനുബന്ധിച്ച് സമ്പാദിക്കാൻ സാധിച്ചു.

അങ്ങിനെ സിംഗിൾ ബെഞ്ച്, ഡിവിഷൻ ബെഞ്ച്, ഫുൾ ബെഞ്ച് തീരുമാനങ്ങൾക്ക് ഒടുവിൽ ഇന്ത്യൻ ഡിവോഴ്സ് ആക്ട് നവീകരിക്കാൻ സെൻട്രൽ ഗവൺമെന്റിന് നോട്ടീസ് അയയ്ക്കാൻ ഓർഡർ ആയി.


ഫുൾ ബെഞ്ച് തീരുമാനം ശ്രവിക്കുവാൻ പരേതനായ ബിഷപ്പ് മാർപൗലോസ് വന്ന കാര്യം ഈ അവസരത്തിൽ ഓർക്കുന്നു.

അതോടൊപ്പം മലയാള മനോരമ തുടങ്ങി വലിപ്പച്ചെറുപ്പമില്ലാതെ എല്ലാ പത്രങ്ങളിലും എഡിറ്റോറിയൽ പേജിൽ ഈ വിധി സ്ഥാനം പിടിച്ചു.

ഏറ്റവും അവിസ്മരണീയം എന്നത് ഹൈക്കോർട്ട് ഗോൾഡൻ ജൂബിലിയോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച സുപ്രധാന വിധികളിൽ ഒന്ന് ഈ കേസായിരുന്നു എന്നതാണ്. അതുകൊണ്ടെല്ലാം തന്നെ മാനസികമായി ഒരൽപ്പം അടുപ്പം കൂടുതൽ കാണിക്കുന്നത് ഈ കേസിനോടാണ് എന്ന് ശ്രീമതി ലേഖ അഭിപ്രായപ്പെടുന്നു.

സുപ്രധാനങ്ങളായ വിജയം നേടിയെടുക്കാൻ കൂടെ നിന്ന എല്ലാവരെയും ലൈബ്രറി സ്റ്റാഫ് മുതൽ കോർട്ട് ഓഫീസേഴ്സ്, സീനിയർ അഭിഭാഷകർ കൂടെ നിന്ന സുഹൃത്തുക്കൾ തുടങ്ങിയവരെ നന്ദിയോടെ ഓർക്കുന്നതിനൊപ്പം കഠിനാധ്വാനവും സെൽഫ് റെസ്പെക്ടും ഏതൊരാളെയും ഉയർന്നവൾ ആക്കും എന്ന അവരുടെ ഉപദേശത്തോടെ ഈ ലേഖനം അവസാനിക്കുന്നു. ●

കവിത



# എന്തിനോ വേണ്ടി

നിഷ സി.


എന്റെ സ്വപ്നങ്ങളുറങ്ങുമീ മാവിന്റെ
തണലത്തൊന്നിരുന്നോട്ടെ,
പണ്ടെന്റെ സഹപാഠി വീഴ്ത്തിയ
കണ്ണിമാങ്ങയുടെ ചവർപ്പൊന്നയവിറക്കാൻ
ഇന്നിവിടെയില്ലെന്റെ നാവിൽ
അക്ഷരതേനിറ്റിച്ച ഗുരുനാഥരെങ്കിലും
ഈ മുറ്റത്തേക്കിനിയുമെന്നെ
മാടി വിളിക്കുന്നതെന്തെന്നറിയില്ല
തുള്ളിക്കൊരു കുടം മഴയ്ക്കൊപ്പമെത്തിയ
കൂട്ടുകാരിന്നെവിടെയെന്നറിയില്ല.
ഓലമേഞ്ഞൊരന്നത്തെ പള്ളിക്കൂട
പടിയിറങ്ങിയിട്ടന്നേക്കെത്ര
വർഷം കഴിഞ്ഞെന്നുമറിയില്ല
അന്നത്തെ ഉച്ചക്കഞ്ഞിയുടെ ചൂടുമാത്രം
ഇന്നെന്റെ ഹൃദയത്തെ പൊള്ളിക്കുന്നു.
ഈ ബെഞ്ചിലൊന്നിരുന്നോട്ടെ ഞാൻ
പഴയ സൗഹൃദത്തിന്റെ നോവറിയാൻ
കാലപ്പഴക്കത്തിൽ മാറാല മൂടിയ
ഓർമ്മകളെയൊന്നു വേർതിരിക്കാൻ
ഒരിത്തിരി ചോക്കുതരൂ
ഈ കറുത്ത ബോർഡിന്റെ കവിളത്തെനിക്കെൻ
നഷ്ടസ്മൃതികളുടെ കണക്കെഴുതാൻ

# ആർത്തവത്തെക്കുറിച്ചുള്ള മൗനം തകർക്കാൻ ആഗോളബോധവത്ക്കരണം

സ്ത്രീശരീരത്തിന്റെ തികച്ചും പ്രകൃതിപരമായ ഒരു പ്രക്രിയയെ മൂടുന്ന മൗനവും സമൂഹ അവജ്ഞയും തകർത്തെറിയുക എന്ന ലക്ഷ്യത്തോടെ ഹാർവാർഡ് ബിസിനസ്സ് സ്കൂൾ ബിരുദധാരിയായ 26 കാരി കിരൺ ഗാന്ധി മുന്നിട്ടിറങ്ങിയിരിക്കുകയാണ്. വാദ്യകലാവിദഗ്ദ്ധയും കഴിവു തെളിയിച്ച മാരത്തോൺ ഓട്ടക്കാരിയുമായ ഇവർ ആർത്തവകാലമായിട്ടും പിന്തിരിയാതെ സാനിറ്ററി പാഡിന്റെ ഉരസലിന്റെ അസ്വസ്ഥത പോലുമില്ലാതെ ലണ്ടൻ മാരത്തോണിൽ പങ്കെടുത്തു. രക്തം പുരണ്ട അവരുടെ വസ്ത്രങ്ങൾ അറപ്പുളവാക്കുന്നതായും വൃത്തിഹീനമാണെന്നുമൊക്കെയുള്ള പ്രതികരണങ്ങൾക്ക് കാരണമായെ




ങ്കിലും തന്റെ ഈ നടപടി ലോകത്തിന്റെ പലഭാഗത്തുള്ള പെൺകുട്ടികൾക്കും സ്ത്രീകൾക്കും ആത്മധൈര്യം പകരുന്നതായിരുന്നുവെന്ന് അവർ വെളിപ്പെടുത്തി. ഇന്ത്യ, പാക്കിസ്ഥാൻ മുതൽ ക്രോയേഷ്യ തുടങ്ങിയ രാജ്യങ്ങളിൽ നിന്നു പോലും ആയിരക്കണക്കിന് പ്രോത്സാഹന ജനകമായതും നന്ദിസൂചകമായതുമായ എഴുത്തുകൾ അവർക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത് ഒരു മാറ്റത്തിന്റെ ആരംഭ സൂചന തന്നെ.




# പ്രണയം തേടുന്നവർ



എം.ഡി.രാധിക

*പുരുഷാധിപത്യസംസ്ക്കാരത്തിനു കീഴിൽ നടക്കുന്ന വിവാഹങ്ങളുടെ ഏറ്റവും വലിയ ദുരന്തം എത്രയോ ദമ്പതിമാർ വിവാഹമോചനം നേടുന്നു എന്നതല്ല, അതിലും എത്രയോ അധികം പേർ അന്യോന്യം സ്നേഹിക്കാതെ ഒരുമിച്ചു കഴിഞ്ഞു കൂടുന്നു എന്നതാണ്.*
*-പുസ്തകത്തിൽ*

സ്ത്രീക്ക് സ്വാതന്ത്ര്യം മാത്രം പോരാ, പ്രണയവും വേണം എന്നുറപ്പിച്ചു പറയുന്ന കൃതിയാണ്. 'കമ്യൂണിയൻ'. കാല്പനികപ്രണയത്തിലെ കള്ളത്തരങ്ങൾ ഒന്നൊന്നായി തുറന്നുകാട്ടിയ സ്ത്രീവാദം അതിനു പകരമായി ആരോഗ്യകരമായ പ്രണയരീതികൾ മുന്നോട്ടുവെച്ചില്ല എന്ന പരാതിയുണ്ട് ആഫ്രോ-അമേരിക്കൻ ഫെമിനിസ്റ്റായ ബെൽ ഹുക്സിന്.

കാല്പനികപ്രണയ സങ്കല്പം യൗവ്വനത്തേയും സ്ത്രീയുടെ ശാരീരികസൗന്ദര്യത്തേയും കൊണ്ടാടുന്നു. അന്യോന്യമുള്ള ആഴത്തിലുള്ള മനസ്സിലാക്കൽ അത് ഉന്നം വെക്കുന്നില്ല. പകരം പ്രണയിയെ ഒരു മായികപ്രഭയിൽ കുളിപ്പിച്ച് തൃഷ്ണയെ ജ്വലിപ്പിക്കുകയാണ് അത് ചെയ്യുന്നത്. ഒരു സാധാരണസൗഹൃദത്തിൽ പോലും നാം സഹിക്കാൻ തയ്യാറാവാത്ത മര്യാദകേടുകളും വൈകാരിക പീഡനങ്ങളും പ്രണയത്തിന്റെ പേരിൽ നാം നിശ്ശബ്ദം സഹിക്കുന്നു.

സ്വയം കണ്ടെത്തലാണ്, ഒരു പുരുഷനുവേണ്ടിയുള്ള കാത്തിരിപ്പല്ല സ്ത്രീയുടെ ജീവിതം എന്നീ പുസ്തകം ഉച്ചത്തിൽ പറയുന്നു. എന്റെ ജീവിതത്തിന് അർത്ഥം നൽകേണ്ടത് ഞാൻ തന്നെയാണ് മറ്റൊരാളല്ല. ആദ്യം നമ്മൾ നമ്മെ തന്നെ പൂർണ്ണമായും സ്വീകരിക്കാനും സ്നേഹിക്കാനും പഠിക്കണം. അങ്ങനെ കൈവരിക്കുന്ന ആത്മവിശ്വാസത്തിന്റെ ഉറച്ച അടിത്തറയിലേ ഏതു പ്രണയവും നിലനിൽക്കൂ,

എന്നാൽ സ്വയം സ്നേഹിക്കാനല്ല, വെറുക്കാനാണ് പലപ്പോഴും കുടുംബത്തിൽനിന്നും പുറംലോകത്തു നിന്നും പെൺകുട്ടികൾ പഠിക്കുന്നത്. തൊലിനിറത്തേയും ശരീരഭാഗങ്ങളേയുമൊക്കെ വിമർശിക്കുന്നതിൽ അവരുടെ മാതാപിതാക്കൾ പോലും പിറകിലല്ല. ശരീരസൗന്ദര്യമെന്നാൽ ആരോഗ്യമാണെന്നും, യഥാർത്ഥസൗന്ദര്യപരിരക്ഷ ആരോഗ്യദായകവും, സമയവും പണവും ഊർജ്ജവും ദുർവ്യയം ചെയ്യാത്തതുമായിരിക്കണമെന്നും ആരും അവരെ ബോധ്യപ്പെടുത്തുന്നില്ല. പാദരക്ഷകൾ തെരഞ്ഞെടുക്കുമ്പോൾ പോലും ഭംഗിയുടെ പേരിൽ വേദനയും വൈഷമ്യവും ഉണ്ടാക്കുന്നവ വാങ്ങാൻ അവർ വ്യഗ്രത കാട്ടുന്നു.

സ്നേഹവാഞ്ഛ സ്ത്രീക്കും ഉത്കർഷേഛ പുരുഷനും കൃത്രിമമായി വിഭജിച്ചു കൊടുക്കുന്നു പുരുഷാധിപത്യം. എന്നാൽ രണ്ടും രണ്ടുപേരിലും ഉണ്ട് എന്നതാണ് പച്ചയായ ജീവിത യാഥാർത്ഥ്യം. തന്റെ സ്നേഹാർഹത നഷ്ടമാകുമോ എന്ന് പേടിച്ച് ജീവിതത്തിൽ ഉയരാൻ മടിക്കുന്ന സ്ത്രീകളുണ്ട്. വിജയിക്കുന്നവൾക്ക് സ്നേഹം ആവശ്യമില്ലെന്ന മുൻവിധിയുമുണ്ട് സമൂഹത്തിന്. ഒരു പരമ്പരാഗത വിവാഹത്തിൽ കുരുങ്ങി സ്വന്തം വ്യക്തിത്വം നേർപ്പിച്ചു കളയാൻ അവബോധമുള്ളവർ ആഗ്രഹിക്കുന്നില്ല എന്ന വസ്തുതയുമുണ്ട്. പുരുഷനുമായി തുല്യതയും പരസ്പരബഹുമാനവുമുള്ള ഒരു ബന്ധമാണ് അവൾ സ്വപ്നം കാണുന്നത്.

വിവാഹത്തോടെ മറ്റു ബന്ധങ്ങൾ താനേ അപ്രസക്തമാകുന്നു മിക്ക പെൺകുട്ടികൾക്കും. എന്നാൽ ആഴമേറിയ മറ്റേതു ബന്ധവും പ്രണയം പോലെത്തന്നെ പ്രധാനം എന്ന് തിരിച്ചറിയണം. സ്ത്രീക്ക് മറ്റൊരു സ്ത്രീയെ അംഗീകരിക്കാൻ കഴിയുക, അവളുടെ വിജയത്തിൽ അസൂയയില്ലാതെ സന്തോഷിക്കാൻ കഴിയുക അവൾ സ്വയം സ്നേഹിക്കുകയും സ്വന്തം ആന്തരവികാസത്തിൽ ശ്രദ്ധാലുവായിരിക്കുകയും ചെയ്യുമ്പോഴാണ്. ഒരു പിടി സ്നേഹബന്ധങ്ങളുടെ വലയത്തിൽ കഴിയുമ്പോൾ ഇണയില്ലായ്മപോലും ജീവിതാസ്വാദനത്തിന് തടസ്സമാകുന്നില്ല. മറ്റെന്തെല്ലാം അനുഗ്രഹങ്ങൾ നമുക്ക് ചുറ്റും ഉണ്ട്. പുസ്തകം വായിക്കാം, സിനിമ കാണാം, കടൽത്തീരത്തുകൂടെ നടക്കാം- ഓരോ നിമിഷവും നമ്മുടേതുമാത്രമായ രീതിയിൽ സുന്ദരമാക്കാം. അങ്ങനെ ജീവൻ എന്ന വലിയ അനുഗ്രഹത്തെ ആഘോഷിക്കാം. 'ഉണ്മയുടെ കാമശാസ്ത്രം' (An Erotica of Being) എന്നാണ് ഹൂക്സ് ഈ മനോഭാവത്തെ വിളിക്കുന്നത്.



പുരുഷാധിപത്യം പുരുഷനെയും ചതിക്കുന്നുണ്ട്- അവന്റെ വൈകാരികവളർച്ചയ്ക്ക് വിഘാതം സൃഷ്ടിച്ചുകൊണ്ട്. ഇത് പ്രണയത്തിൽ പോലും സ്വയംപ്രകാശനവിമുഖനായ ഒരു പുരുഷനെ ഉണ്ടാക്കുന്നു. സ്വന്തം പുരുഷനുമായി വൈകാരികസംവേദനം സാധ്യമാകാതെ നിരാശരാവുന്ന എത്രയോ സ്ത്രീകളുണ്ട്. പുരുഷനെന്ന വ്യക്തിയെ ഇക്കാര്യത്തിൽ മുഴുവനായും കുറ്റപ്പെടുത്തുന്നതിൽ അർത്ഥമില്ല. സ്നേഹിക്കുക എന്നത് സ്ത്രീയുടെ മാത്രം കർത്തവ്യമാണെന്ന് കരുതുന്ന ഒരു വ്യവസ്ഥയുടെ ഇരയാണയാൾ. ചില സ്ത്രീകളെങ്കിലും ലെസ്ബിയൻ ബന്ധങ്ങളിലേക്ക് തിരിയുന്നത് ആണുങ്ങളിൽ നിന്നും അവർക്ക് ലഭിക്കാത്ത വൈകാരികോഷ്മളത തേടിയാണ്. ആധിപത്യമനോഭാവമുള്ള പുരുഷൻ നിങ്ങളോട് പ്രസംഗിക്കും, കഥകൾ പറയും. എന്നാൽ ഒരു യഥാർത്ഥ സംഭാഷണം അയാളുമായി സാധ്യമല്ല എന്ന് ഹൂക്സ്. അയാൾ ഉള്ളുകൊണ്ട് നിങ്ങളെ കേൾക്കുകയോ സ്വന്തം അകം നിങ്ങൾക്കുമുമ്പിൽ അനാവൃതമാക്കുകയോ ചെയ്യില്ല എന്നു സാരം. 'എനിക്കതൊന്നും പറയാനുമറിയില്ല' എന്ന വാക്കുകളോടെ അയാൾ വർത്തമാനത്തിന് വിരാമമിടുന്നു.

പലപ്പോഴും സ്വവർഗ്ഗസ്നേഹികളായ പുരുഷന്മാരുമായി സ്ത്രീകൾക്ക് ഗാഢമായ സൗഹൃദം സാധ്യമാകുന്നതായി കാണാം. മറ്റു പുരുഷന്മാർക്ക് മാതൃകയാക്കാവുന്നതാണിത്. ലൈംഗികതയില്ലാതെയും പ്രണയപൂർവ്വമായ സൗഹൃദങ്ങൾ സ്ത്രീപുരുഷന്മാർക്കിടയിൽ, സ്ത്രീകൾക്ക് തമ്മിൽ തമ്മിലും ഉണ്ടാവാം എന്ന് ബെൽ ഹൂക്സ് വിശ്വസിക്കുന്നു. 'കാല്പനിക സൗഹൃദങ്ങൾ' എന്നവർ അവയെ പേരിട്ടു വിളിക്കുന്നു. ഒരുപക്ഷേ, ഉദ്ദേശശുദ്ധിയുള്ള ആത്മീയഗുരുക്കന്മാരിൽ നിന്ന് തീവ്രമായ അന്തർജീവിതമുള്ള കലാകാരികൾക്കും മറ്റും ലഭിക്കുന്നതും ഈയൊരു, അന്യഥാ ലഭ്യമല്ലാത്ത, ആഴമേറിയ പാരസ്പര്യമായിരിക്കാം എന്നു തോന്നുന്നു.

സ്ത്രീ അവളുടെ ആത്മീയവളർച്ചയിൽ ശ്രദ്ധിക്കണം എന്ന് സ്ത്രീവാദം ആവശ്യപ്പെടുന്നു. തന്നിൽതന്നെ വേരുകളുണ്ടാകേണ്ടത് അത്യാവശ്യമാണ്. അത്തരത്തിലൊരുവളെയാണ് പുരുഷാധിപത്യം ഏറ്റവുമധികം പേടിക്കുന്നതും. തന്നോട് എല്ലാതരത്തിലും നീതികാണിക്കുന്ന ഒരു പുരുഷനെ മാത്രമേ അവൾ പ്രണയിക്കുകയുള്ളൂ. അവൾക്കുവേണ്ടിമാത്രം മാറിയ പുരുഷനായിരിക്കരുത് അയാൾ. സ്വന്തം ബോധ്യങ്ങളാവണം അയാളിലെ പരിണാമത്തിന്റെ പ്രേരണ. എന്നാലെ അത് സ്ഥായിയായിരിക്കൂ.

സ്ത്രൈണത പലപ്പോഴും ഒരഭിനയമാണ്. തന്നോട് തന്നെ കളവ് പറഞ്ഞുകൊണ്ട് മറ്റുള്ളവരുടെ കണ്ണിൽ നല്ലവളായി സ്ത്രീ ജീവിക്കുന്നു. അതേ സമയം, സ്ത്രീസ്വാതന്ത്ര്യം നമ്മെ നയിക്കേണ്ടത് ലൈംഗികമായ അരാജകത്വത്തിലേക്കാവരുത്. അത് സ്ത്രീയെ ചൂഷണം ചെയ്യാൻ പുരുഷന് കൂടുതൽ അവസരം നൽകും. നമുക്ക് വേണ്ടത് ആത്മാവിനും ഭാഗഭാക്കാവാൻ

കഴിയുന്ന തരം ലൈംഗികാനന്ദ മാണ്. അത്തരമൊരു സ്ത്രീപുരു ഷബന്ധം സാധ്യമാവാൻ ഒരു പുതിയ പുരുഷൻ രൂപപ്പെടേണ്ട തുണ്ട്. പുരുഷാധിപത്യത്തിന്റെ അമാനവികത തിരിച്ചറിഞ്ഞ്, സ്ത്രീയോടൊപ്പം അതിന്റെ ചങ്ങലകളിൽ നിന്ന് കുതറിമാറിയ ഒരാൾ. ആത്മാവിഷ്കാരവും പ്രണയവും രണ്ടും മനുഷ്യന് പ്രാണവായു പോലെയെന്ന് അവളോടൊപ്പം ആഴത്തിൽ വിശ്വസിക്കുന്ന ഒരാൾ. ●

പേജ് 27 തുടർച്ച

ണ്ട നിയമക്കുരുക്കുകൾ അഴിച്ച് 2008 സെപ്തംബർ 15ന് അമ്മൂമ്മ കുട്ടിയുമായി ജപ്പാനിലെ ഒസാക്കയിലേക്കു പോയി. ഇതിനിടെ അവിടെ കുട്ടിക്ക് പൗരത്വം നൽകാനാകുമെന്ന് ജപ്പാൻ സർക്കാരും വ്യക്തമാക്കിയിരുന്നു.

എന്നാൽ മറ്റൊരു കേസിൽ ഇന്ത്യക്കാരായ മാറ്റമ്മമാർക്ക് ജനിക്കുന്ന കുഞ്ഞുങ്ങൾ ഇന്ത്യക്കാരാണെന്നും അവർക്ക് ഇന്ത്യൻ പാസ്പോർട്ട് നൽകണമെന്നും ഗുജറാത്ത് ഹൈക്കോടതിയിൽ നിന്ന് 2009ൽ വിധിയുണ്ടായി. പക്ഷേ ഈ വിധി സുപ്രീംകോടതി സ്റ്റേ ചെയ്തു. ജർമ്മൻ ദമ്പതികൾക്ക് ഇന്ത്യൻ മാറ്റമ്മയിൽ ജനിച്ച ഇരട്ടകളുടെ പൗരത്വമായിരുന്നു തർക്കവിഷയം. പൗരത്വം തർക്കവിഷയമായി നിലനിൽക്കുമ്പോൾ തന്നെ ഈ കുട്ടികൾക്കും ജർമ്മനിക്കു പോകാൻ സുപ്രീംകോടതി അനുമതി നൽകി.

ഈ രണ്ടു കേസിലും പ്രശ്നം അങ്ങനെ പരിഹരിക്കപ്പെട്ടു. എന്നാൽ ഇനിയും ഒരു തർക്കമുണ്ടായാൽ ഇതേ നിയമക്കുരുക്കുകൾ വീണ്ടും ഉണ്ടാകും എന്നതാണ് സ്ഥിതി. പുതിയ നിയമം അന്തിമമായി അംഗീകരിക്കപ്പെടുമ്പോൾ ഈ പ്രശ്നങ്ങളും പരിഹരിക്കപ്പെടുമെന്ന് കരുതാം. ●






# സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ



ജെ. സന്ധ്യ

അക്രമത്തിനിരയാകുന്ന സ്ത്രീകൾക്കുള്ള നിയമപരിരക്ഷ എന്ന വിഷയത്തെ സംബന്ധിച്ച് ഒരു ലേഖനമെഴുതണമെന്ന് അന്വേഷിയിൽ നിന്നാവശ്യപ്പെട്ട തനുസരിച്ച് ഞാനൊരു പത്തുദിവസമെങ്കിലും എന്താണ് പ്രത്യേകിച്ചെഴുതേണ്ടതെന്ന് ആലോചിച്ച് മനസ്സിനെ മഥിച്ചു. എത്ര ആലോചിച്ചിട്ടും ഇതേ പോലൊരു വിഷയത്തിനെ സംബന്ധിച്ച് രണ്ടായിരമാണ്ടിൽ എഴുതിയ ഒരു ലേഖനത്തിൽ നിന്നു വ്യത്യസ്തമായി സംഘടിതയുടെ വായനക്കാർക്ക് പ്രത്യേകമായി അറിവ് പകരുന്ന പുതുമയുള്ള ഒന്നും കണ്ടെത്താൻ കഴിഞ്ഞില്ല എന്നത് മനസ്സിൽ ഒരു വലിയ ആശയ സംഘട്ടനം തന്നെ ഉണ്ടാക്കി. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ പ്രതിപാദിക്കുന്ന ക്രിമിനൽ നിയമങ്ങൾ അടിമുടി മാറ്റിമറിച്ചുകൊണ്ടുള്ള 2013 ലെ ക്രിമിനൽ നിയമ ഭേദഗതി, ജോലി സ്ഥലത്തെ ലൈംഗിക അതിക്രമങ്ങൾ തടയുന്നതിനുള്ള 2013 ലെ തന്നെ മറ്റൊരു നിയമം, 2005 ലെ ഗാർഹിക പീഡനങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം എന്നിങ്ങനെ സ്ത്രീകൾക്കെതിരെ പൊതു-സ്വകാര്യ ഇടങ്ങളിൽ ഉണ്ടാകുന്ന അതിക്രമങ്ങളെ ചെറുക്കുന്നതി

നുള്ള ശക്തമായ നിയമവ്യവസ്ഥകൾ നിയമപുസ്തകങ്ങളിൽ കഴിഞ്ഞ 10 വർഷത്തിൽ ഇടം പിടിച്ചിട്ടും, കേരളത്തിൽ എറണാകുളത്തും, ഇപ്പോൾ തിരുവനന്തപുരത്തും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ മാത്രം പരിഗണിക്കുന്ന സ്പെഷ്യൽ കോടതികൾ ഉണ്ടായിട്ടും, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളെ സംബന്ധിച്ച കേസുകൾ മാത്രം കൈകാര്യം ചെയ്യാനായി ഹൈക്കോടതിയിൽ പ്രത്യേക ഡിവിഷൻ ബെഞ്ച് ഉണ്ടായിട്ടും, ലൈംഗിക അതിക്രമങ്ങൾ പ്രത്യേകമായി കൈകാര്യം ചെയ്യാനായി സംസ്ഥാന സർക്കാർ ഒരു പ്രോജക്ട് തന്നെ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തിയിട്ടും ആക്ഷൻ ഹീറോ ബിജു എന്ന ചിത്രത്തിലെ നായകനെപ്പോലെ മനുഷ്യാവകാശങ്ങളെ കാറ്റിൽപറത്തി സ്ത്രീകളുടെ രക്ഷകരായി സ്വയം അവരോധിക്കുന്ന ചില പോലീസുകാർ സ്ത്രീകൾക്കെതിരെ അതിക്രമം നടത്തുന്ന പ്രതികൾക്കെതിരെ തേങ്ങ കൊണ്ട് പുറത്തിടിച്ച് പ്രത്യേകമായി നിയമപാലനം നടത്തിയിട്ടും പിന്നെയും ശങ്കരൻ തെങ്ങേൽ തന്നെ എന്ന പറയേണ്ടി വരുന്നല്ലോ എന്റെ വായനക്കാരേ.

രണ്ടായിരമാണ്ടിലെയും രണ്ടായിരത്തി പതിനഞ്ചിലെയും സംസ്ഥാന പോലീസിന്റെ കണക്കുകൾ തന്നെ എടുത്താൽ മതിയാകും (2000 ത്തിൽ 7621, 2015 ൽ 12383) അക്രമ രഹിത ലോകം സൃഷ്ടിക്കാൻ നമ്മൾ ബഹുകാതം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന യാഥാർത്ഥ്യം മനസ്സിലാക്കാൻ. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളുടെ എണ്ണവും, അതിന്റെ സ്വഭാവവും കഴിഞ്ഞ 15വർഷത്തിനുള്ളിൽ ഏതാണ്ട് ഇരട്ടിയും, പുതുശൈലികളിലുമായിരിക്കുന്നു.




യഥാർത്ഥത്തിൽ അതിക്രമങ്ങൾ കൂടുന്നില്ലെന്നും സ്ത്രീകൾ കൂടുതൽ ശാക്തീകരിക്കപ്പെട്ടതുകൊണ്ട് റിപ്പോർട്ടിംഗാണ് കൂടുന്നതെന്നുമാണ് അതിക്രമങ്ങളെ സംബന്ധിച്ച് നിലനിൽക്കുന്ന ഒരു വാദം. രണ്ടായിരത്തി ഒന്നിലേയും രണ്ടായിരത്തി പതിനൊന്നിലേയും സെൻസസ് പ്രകാരമുള്ള സ്ത്രീകളുടെ സാക്ഷരതാ നിരക്ക് പരിശോധിക്കുക. ഇതിൽ വലിയ അന്തരമില്ല. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്കിലും കാര്യമായവർദ്ധനയില്ല. പിന്നെയെന്ത് ശാക്തീകരണം?

യഥാർത്ഥത്തിൽ അതിക്രമങ്ങൾ കൂടുന്നില്ലെന്നും സ്ത്രീകൾ കൂടുതൽ ശാക്തീകരിക്കപ്പെട്ടതുകൊണ്ട് റിപ്പോർട്ടിംഗാണ് കൂടുന്നതെന്നുമാണ് അതിക്രമങ്ങളെ സംബന്ധിച്ച് നിലനിൽക്കുന്ന ഒരു വാദം. രണ്ടായിരത്തി ഒന്നിലേയും രണ്ടായിരത്തി പതിനൊന്നിലേയും സെൻസസ് പ്രകാരമുള്ള സ്ത്രീകളുടെ സാക്ഷരതാ നിരക്ക് പരിശോധിക്കുക. ഇതിൽ വലിയ അന്തരമില്ല. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്കിലും കാര്യമായവർദ്ധനയില്ല. പിന്നെയെന്ത് ശാക്തീകരണം?

മുൻകാലങ്ങളെ അപേക്ഷിച്ച് സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചു എന്ന വസ്തുത ഭരണ സംവിധാനങ്ങൾ തിരസ്കരിച്ചുകൊണ്ടേയിരിക്കുന്നു. ഈ തിരസ്കരണവും യാഥാർത്ഥ്യങ്ങളെ മൂടിവെക്കാനുള്ള വ്യഗ്രതയും തന്നെയാണ് ആദ്യം മാറ്റിയെടുക്കപ്പെടേണ്ടത്. സുശക്തമായ നിയമങ്ങൾ നടപ്പിൽവരുത്താൻ ഒരുഭാഗത്ത് ശ്രമം നടക്കുമ്പോൾ മറുഭാഗത്ത് സ്ത്രീകൾ ഈ ലോകത്ത് ജനിക്കേണ്ടവരെ അല്ല എന്നും ജനിച്ചുപോയ സ്ഥിതിക്ക് അവരുടെ ഇടം 'അടുക്കള' യിലാണെന്നും, അതിനപ്പുറത്തേക്ക് കടക്കണമെന്ന് വിചാരിക്കുന്ന സ്ത്രീകൾ ശാരീരിക-മാനസിക-ലൈംഗിക അതിക്രമങ്ങൾക്ക് വിധേയരാകാൻ ബാധ്യസ്ഥരാണെന്നും അത്തരം അതിക്രമങ്ങൾക്ക് വലിയ പ്രാധാന്യം

നൽകുന്നതിന്റെ ആവശ്യകതയേ ഇല്ലെന്നുമുള്ള ചിന്താഗതികൾ പോത്സാഹിപ്പിക്കുന്ന ഗൂഢവും നിരർത്ഥകവുമായ പ്രചരണങ്ങൾ മാധ്യമങ്ങളിലൂടെ സീരിയലുകൾ വഴിയായും മറ്റും നടക്കുന്നു. ഇത്തരം ചിന്താഗതികൾ പോലീസും, ജുഡീഷ്യറിയിലുമുള്ളവർ സ്വായത്തമാക്കുമ്പോൾ നിയമം പലപ്പോഴും പ്രയോഗത്തിൽ സ്ത്രീവിരുദ്ധമാകുന്നു. സ്വകാര്യ ഇടങ്ങളിൽ പ്രത്യേകിച്ചും സ്ത്രീകളുടെ സുരക്ഷ ഉറപ്പുവരുത്താൻ ഭരണകൂടത്തിന്റെ പോലീസിംഗിന് പരിമിതികളുണ്ട്. തങ്ങളുടെ കുടുംബങ്ങളിലെ സ്ത്രീകളോടും, ജോലിസ്ഥലത്ത് സഹപ്രവർത്തകരായ സ്ത്രീകളോടും, പൊതുനിരത്തിൽ കാണുന്ന സ്ത്രീകളോടും അരുതാത്ത പെരുമാറ്റങ്ങൾ നടത്തരുതെന്ന ചിന്താഗതി ഓരോരുത്തർക്കും ഉണ്ടാകണം. ഇനി കുട്ടികളിലാണ് നമ്മുടെ ഏക പ്രതീക്ഷ. റോഡ് മുറിച്ച് കടക്കവേ വാഹനം വരുന്നുണ്ടോ എന്ന് ഇടതും വലതും അറിയാതെ നോക്കിപോകുന്നതുപാലെ താനുപയോഗിക്കുന്ന ഭാഷ, തന്റെ പ്രവൃത്തികൾ സ്ത്രീവിരുദ്ധമാകാതെ നോക്കാൻ ആൺപെൺഭേദമില്ലാതെ നമ്മുടെ ഓരോ കുട്ടിക്കും കഴിയണം. നാളത്തെ ലോകത്തെ സ്ത്രീപുരുഷ കലഹങ്ങൾ ഇന്നത്തേതിലും മോശമാകാതിരിക്കണമെങ്കിൽ അത്തരം ഇടപെടലുകൾ കൂടിയേ തീരൂ.കുറച്ചുകാലത്തെ അഭിഭാഷക വൃത്തിയിൽ നിന്നും, സാമൂഹ്യ ഇടപെടലുകളിൽ നിന്നും ഞാൻ മനസ്സിലാക്കുന്നത് ഒരു സ്ത്രീസൗഹൃദ ലോകം കെട്ടിപ്പടുക്കാൻ അതിക്രമത്തിനിരയാകുന്ന സ്ത്രീകൾക്ക് നിയമപരിരക്ഷ എന്ന ആശയത്തിനുമപ്പുറം സ്ത്രീകൾ അതിക്രമത്തിനിരയാകാതെ അവർക്ക് സാമൂഹിക പരിരക്ഷ ഉറപ്പുവരുത്തുന്നതിനാകണം ഊന്നൽ നൽകേണ്ടത് എന്നാണ്.

## ശിപ്രാഗോസ്വാമി, ബംഗ്ലാദേശ്



16 വർഷമായി പ്രാക്ടീസ് ചെയ്യുന്നു. നിയമബിരുദം കിട്ടുവാൻ എളുപ്പമാണ്. പക്ഷേ ഒരു സ്ത്രീയെന്ന നിലയിൽ പ്രാക്ടീസ് ചെയ്യുവാൻ ബുദ്ധിമുട്ടാണ്. പ്രത്യേകിച്ചും ഗ്രാമീണമേഖലയിൽ. ധാക്കയിൽ നിന്നും സൗത്തിലേക്ക് നാലുമണിക്കൂർ യാത്ര ചെയ്യണം. ധാക്കയിൽ വലിയ പ്രശ്നമില്ല. പക്ഷേ, ഗ്രാമീണമേഖലയിലെ അഭിഭാഷകർക്ക് സ്വന്തമായി ഒരു വിശ്രമമുറിയോ ബാത്ത്റൂമോ ഒന്നുമില്ല. അവർ കക്ഷികൾ ഉൾപ്പെടെ എല്ലാവരും ഉപയോഗിക്കുന്ന ബാത്ത്റൂം ആണ് ഉപയോഗിക്കുന്നത്. പുരുഷാധിപത്യപ്രവണത ഇവിടെയും ഉണ്ട്. സ്ത്രീകൾ പുരുഷന്മാരേക്കാൾ നന്നായി തൊഴിലെടുക്കുകയും വൈദഗ്ധ്യം നേടുകയും ചെയ്താലും ഓ അവൾ സ്ത്രീയല്ലേ, എങ്ങനെ കേസ്സ് ഏല്പിക്കും എന്ന ചിന്താഗതി പൊതുവെയുണ്ട്. ഗാർഹികപീഡനം, സ്ത്രീധനനിരോധനം കുടുംബസംബന്ധമായ നിയമങ്ങൾ, സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ എന്നിവയെല്ലാം ഉണ്ട്. പക്ഷേ, ഫലപ്രദമായി നടപ്പിലാക്കുന്നതിലും നീതി ലഭ്യമാകുന്നതിലും തീർത്തും പരാജയമാണ്.

കഴിഞ്ഞ 13 വർഷമായി ഞാൻ ബംഗ്ലാദേശ് ലീഗൽ സർവ്വീസസ് ട്രസ്റ്റിൽ (ബ്ലാസ്റ്റ്) ജോലി ചെയ്യുന്നു. സ്ത്രീകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, ഭാഷ വേറെ, ദേശം വേറെ പക്ഷേ ഒരേ സ്വരം.

കവിത

ലത പി.ജി.

# കറുപ്പിന്റെ തുടിതാളം



തുടിതാളമിന്നു തെറ്റുന്നു കാളന്റെ[1]
“ഗദ്ദിക’യ്ക്കിടയിൽ “തേവി തപ്പുന്നു
എവിടെ ഞാനീ വിയർപ്പെറിഞ്ഞെന്റെ
യീർഷ്യയാരോടുതീർക്കവേണ്ടെന്നു
മാരിയമ്മതൻ  കനലെരിയ്ക്കുന്നു!
[2]“കാക്കപ്പൊല’ പൊലിച്ചൊരാമണ്ണിലൂ-
ടൊഴുകിയെത്തുന്നൊരടിയാന്റെ
തേങ്ങലിന്നടിയിലൂറുന്ന
പഴമതൻ സ്വപ്നം
പിതൃപിണ്ഡമർപ്പിച്ചു പിരിയുന്നവന്നോ
പിതാവാരെന്ന ചോദ്യം
തികട്ടുന്ന സ്വത്വം!
വഴിപിഴച്ചുള്ള മേലാള രാഗം
ചുവടുറപ്പിച്ച പെണ്ണിന്റെ നെഞ്ചിൽ
പാലുവറ്റിയ ഞരമ്പിന്റെ വള്ളികൾക്കി-
ടയിലെവിടെയോ ചുണ്ടുരുമ്മുന്ന പൈതൽ
കണ്ണിലേക്കുറ്റു നോക്കുന്ന നേരമവൾക്കെ-
ണ്ണമന്യമായതിലാശ്വസിക്കുന്നു ഞാൻ!

കുറിപ്പ് :
1) കാളൻ : പ്രശസ്ത ഗദ്ദിക കലാകാരനായിരുന്ന പി.കെ.കാളൻ
2) കാക്കപ്പൊല : പ്രിയപ്പെട്ടവരുടെ ആത്മാക്കൾക്കായി  അടിയാർ നടത്തുന്ന  ചടങ്ങ്.

ഉപ്പും മുളകും


ഗീത

# ആർക്കു വേണ്ടിയാണു വനിതാകമ്മീഷൻ?

തെരഞ്ഞെടുപ്പു വരുന്നു. അതു കഴിയുമ്പോൾ പല സമിതികളും പുനഃസംഘടിപ്പിക്കപ്പെടും. എന്തിനാണ് ഇത്തരമൊരു പുനഃസംഘടന? സമിതികളുടെ കാലാവധി തീർന്നതു കൊണ്ടു മാത്രമായിരിക്കുമോ? അല്ലെന്ന് സാമാന്യബുദ്ധിയുള്ളവർക്കറിയാം. ഭരണകക്ഷിയിൽപ്പെട്ട രാഷ്ട്രീയസംഘടനകളുടെ 'വേണ്ടപ്പെട്ട' പ്രതിനിധികളെ വിന്യസിക്കലാണ് പുനഃസംഘാടനം എന്നതുകൊണ്ടുദ്ദേശിക്കുന്നത്.

ഇനി വനിതാകമ്മീഷനിലേക്കു വരാം. പേരു സൂചിപ്പിക്കുന്നതുപോലെത്തന്നെ വനിതകൾക്കു വേണ്ടിയുള്ള കമ്മീഷനാണിത്. വിധി നടപ്പിലാക്കാനുള്ള അവകാശം നൽകിയിട്ടില്ല എന്നതു ശ്രദ്ധേയമാണ്. എങ്കിലും പെണ്ണുങ്ങളെ പീഡിപ്പിക്കുന്ന പുരുഷന്മാർക്ക് പേടിസ്വപ്നമായിരുന്നു വനിതാകമ്മീഷൻ. വളരെ ബോധപൂർവ്വമാണ് 'ആയിരുന്നു' എന്ന ഭൂതകാലക്രിയ ഉപയോഗിച്ചത്. കാരണം ഇപ്പോളത് അങ്ങനെയല്ല എന്നതു തന്നെ.

എന്തുകൊണ്ട് അങ്ങനെ സംഭവിച്ചു? വനിതാകമ്മീഷൻ ഒരു കടലാസുപുലിയാണെന്ന് വളരെ പെട്ടെന്ന് പൊതുസമൂഹം തിരിച്ചറിഞ്ഞു. എങ്ങനെയാണതു കടലാസുപുലിയായത്? ആരാണതിനെ കടലാസുപുലിയാക്കിയത്?

സുഗതകുമാരിയായിരുന്നു കേരള വനിതാകമ്മീഷന്റെ ആദ്യത്തെ ചെയർപേഴ്സൺ. ഐസ്ക്രീംപാർലർ കേസിന്റെ കാര്യത്തിൽ അവരെ അന്നത്തെ സർക്കാർ വെള്ളം കുടിപ്പിച്ചത് മറക്കാറായിട്ടില്ല. കയറില്ലാതെ കെട്ടിയിടുകയായിരുന്നു. തുടർന്നുണ്ടായ അധ്യക്ഷകളെല്ലാം പൂർണ്ണമായും അതതു സന്ദർഭങ്ങളിൽ ഭരിക്കുന്ന പാർട്ടികളുടെ വിശ്വസ്തരായ നോമിനികളായിരുന്നു. അംഗങ്ങളുടെ കഥയും വ്യത്യസ്തമായിരുന്നില്ല. ഭരണത്തിലുള്ള മുഖ്യകക്ഷിക്കും ഘടകകക്ഷികൾക്കുമായി വിഭജിക്കപ്പെട്ട ഒരു സുരക്ഷിത ലാവണമായി കേരളവനിതാകമ്മീഷനും ജാഗ്രതാസമിതികളും മാറുകയായിരുന്നു. പാർട്ടികളുടെ നോമിനികൾ മാത്രമേ അതിലുണ്ടാകാറുള്ളൂ. തെരഞ്ഞെടുപ്പുകളിൽ സീറ്റുകിട്ടാത്തവരും തോറ്റവരുമായ 'സ്ഥാനാർത്ഥി'കളുടെ സ്വസ്ഥവേദിയായിത്തീർന്നു അത്.

വനിതാകമ്മീഷനിലേക്കുള്ള സ്ത്രീകൾ ആരെന്നു തീരുമാനിച്ചത് ആണുങ്ങളായിരുന്നു. അധികാരം കൈയ്യാളുന്ന ആണുങ്ങൾ. അതുകൊണ്ടു തന്നെ പെണ്ണുങ്ങളുടെ സങ്കടങ്ങൾ പരിഹരിക്കപ്പെടുകയല്ല, ആണുങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കപ്പെടുകയായിരുന്നു സംഭവിച്ചത്. സ്ത്രീപീഡനത്തിന്റെ പരാതികൾ തീർപ്പായില്ല എന്നതിനപ്പുറം പലപ്പോഴും സ്വീകരിക്കപ്പെടുക തന്നെ ഉണ്ടായില്ല. മറ്റേതു സംവിധാനവും പോലെ ധാരാളം പ്രതിഫലം കൈപ്പറ്റുന്ന താപ്പാനയായി വനിതാകമ്മീഷനും അലങ്കരിക്കപ്പെട്ടു. ആണുങ്ങളുടെ സ്വേച്ഛാനുസരണം പ്രവർത്തിക്കുന്ന വിനീതവിധേയ ദാസ്യത്തിലേക്ക് വനിതാകമ്മീഷൻ അധഃപതിച്ചു പോവുകയായിരുന്നു. പലപ്പോഴും രാഷ്ട്രീയ പാർട്ടികളുടെ അജണ്ട നടപ്പിലാക്കാൻ മാത്രമുള്ള വേദിയായി അതു പ്രവർത്തിച്ചു. ഐസ്ക്രീംപാർലർ കേസ്, കവിയൂർ-കിളിരൂർ കേസ് എന്നിവയുടെ പരാതികൾക്ക് വനിതാകമ്മീഷനിൽ സംഭവിച്ച ദുര്യോഗം ഓർക്കുക. ●



# ഒടുവിലത്തെ വിരുന്നുകാർ



ഇ.പി.ജ്യോതി

നേർത്ത മഞ്ഞുപുതപ്പ് വലിച്ചൂരി ഫെബ്രുവരിയുടെ ആയുസ്സു പുസ്തകത്തിൽ നിന്നും ഒരേടുകൂടി പറിഞ്ഞു വീണു. വരകളും വർണങ്ങളും തപ്പിക്കൊണ്ട് പുതുവിത്തുകൾ. അനുസരണക്കേടോടെ ഇളവെയിൽ ചീളുകൾ കുതറി.

ഗോവണിയോടു ചേർന്നുള്ള  ജനാലകൾ തുറന്നു കിടക്കുകയായിരുന്നു. മുറിയിൽ ചാലുകീറിയ ചുമരിൽ ഘടികാരം ചിലച്ചു കൊണ്ടേയിരുന്നു. നേരം വെളുക്കുവോളവും ആശിശ് ചുരുട്ടുമായിക്കഴിയുകയായിരുന്നു എന്നത് വ്യക്തം. മേശപ്പുറത്ത് അലക്ഷ്യമായി നിരത്തിയിട്ടിരിക്കുന്ന പുസ്തകങ്ങൾ.  ഇടയിൽ ഫ്രഞ്ചുവിപ്ലവത്തിന്റെ വക്കൊടിഞ്ഞ രണ്ടു താളുകളും.  പഴകിയകോട്ടിന്റെ പൊട്ടിയ കുടുക്കുകൾ മലർന്നു കിടന്നു. തലേന്നു മോന്തിയ മദ്യക്കുപ്പിയിലൊരു തുള്ളി വിറങ്ങലിച്ചു കിടന്നു. ശാഠ്യങ്ങളും ശീലങ്ങളും അയാൾ എന്നേ ഉപേക്ഷിച്ചിരിക്കുന്നു.

കൃതിക ഭർത്താവിന്റെ അരികിലെത്തി. നെറുകയിൽ പതുക്കെ തലോടി. നിദ്ര പതുക്കെ അയാളെ പുൽകി തുടങ്ങിയിരുന്നു. വീതികൂടിയ ജനലഴികൾക്കിടയിലൂടെ മുറിയിലേക്ക് കടന്നു വരാൻ തുടങ്ങിയിരിക്കുന്നു. തണുത്തകാറ്റിന് ക്ഷമ കെട്ടിരുന്നു. ഉറങ്ങുന്ന അയാളുടെ മുഖത്തെ നിഷ്കളങ്കത അവരിലേക്ക് ആവാഹിക്കപ്പെടുകയായിരുന്നോ എന്നു തോന്നിച്ചു. ഉറക്കം കെടുത്തേണ്ടെന്നു കരുതി പതുക്കെ എഴു

ന്നേറ്റു. പുസ്തകങ്ങൾ ഓരോന്നോരോന്നായി അടുക്കിവെച്ചു. ഒന്നുകൂടി അയാളെ നോക്കിയ ശേഷം കതക് പതുക്കെ ചാരി പുറത്തേക്കു കടന്നു.

മുപ്പത് വർഷം മുമ്പ് ഇതുപോലൊരു തണുത്ത രാത്രിയിലായിരുന്നല്ലോ ആശിശ് മെഹ്ത്ത സഹധർമ്മിണിയുടെ കരം പിടിച്ച് ഗുജറാത്ത് റെയിൽവെസ്റ്റേഷൻ വിട്ടത്. ജന്മനാട്ടിലേക്കൊരു മടങ്ങിവരവില്ലെന്ന ചിന്തയോ, വാശിയോ ഒന്നുമായിരുന്നില്ല. ഇതിന്റെയൊന്നും പിറകിൽ നാടുവിട്ടോടിയതുമല്ല. സഹപാഠിയായ പെൺകുട്ടിയെ ജീവിതസഖിയാക്കിയപ്പോൾ എന്തുകണ്ടിട്ടാണിതൊക്കെ എന്ന ഭാവമായിരുന്നു ബന്ധുക്കളുടെ മുഖത്ത്. വിവാഹം, കുടുംബം എന്നതിന്റെയൊക്കെ ഗൗരവവും ഉത്തരവാദിത്വവും മെഹ്ത അറിഞ്ഞു തുടങ്ങിയതും വിവാഹശേഷമാണെന്നതിൽ അല്പം യാഥാർത്ഥ്യമുണ്ട് താനും.

ഗിരിജൻകുമാറെന്ന സുഹൃത്തിന്റെ ജൗളിക്കടയിൽ സെയിൽസ്മാനായ അച്ഛന് കിട്ടുന്ന തുലോം തുച്ഛമായ വരുമാനത്തെ സംബന്ധിച്ച ചർച്ചകൾ ഒരനിവാര്യതയെക്കുറിച്ചുള്ള ബോധ്യപ്പെടലുകൂടിയായിരുന്നു ആശിശിന്. ആ തിരിച്ചറിവാണ് തന്റെ ആദ്യത്തെ വഴികാട്ടിയെന്ന് അയാളിടയ്ക്കിടെ പറയാറുമുണ്ടായിരുന്നു. പ്രിയപത്നിയുടെ വിരൽ കോർത്ത് പിടിച്ച് കോഴിക്കോട് റെയിൽവെസ്റ്റേഷനിലിറങ്ങുമ്പോഴും മനസ്സ് ശൂന്യമായിരുന്നു. അപരിചിതദേശവും ഭാഷയും മുന്നിലൊരു ചോദ്യചിഹ്നമായപ്പോഴും ആശ്വാസവും ധൈര്യവും പകർന്നത് ചേർത്തുവെച്ച മറുപാതിയായിരുന്നു എന്നത് ആത്മവിശ്വാസം വർദ്ധിപ്പിച്ചിട്ടേയുള്ളൂ എന്ന് അവളുടെ മുഖത്തുനോക്കി പറയാനും അയാൾ മടി കാണിച്ചില്ല. സമ്പന്നനായ തുണിവ്യാപാരിയുടെ ഒരേയൊരു പുത്രിയ്ക്ക് സ്വന്തം നാട്ടിലെ ജീവിതസാഹചര്യം

**"നമ്മൾ വേരിൽ നിന്നേ തുടങ്ങേണ്ടിയിരിക്കുന്നു." ആ വാക്കുകൾ ആശിശ്മെഹ്തയ്ക്ക് ഊർജ്ജമായി. കലണ്ടറിൽ ഫെബ്രുവരി 14ന് ചുറ്റും കൃത്രിക ഒരു വൃത്തം വരച്ചും. അതിനു ചുറ്റും വീണ്ടുമൊരു വൃത്തം. വൃത്തത്തിനു ചുറ്റും വൃത്തങ്ങൾ. ഒടുവിൽ വൃത്തങ്ങൾക്കിടയിൽ അവൾ പച്ചമഷിയിൽ കുറിച്ചിട്ടു. " ഏഴുവൻകരകളുടെ വാലുകൾ കൂട്ടിത്തുന്നാനെത്ര പാടുപെട്ടു."**

അനുകൂലമായിട്ടും വ്യാപാരമേഖലയിലൊന്നും താൽപര്യമുണ്ടായില്ല എന്നത് ബന്ധുക്കളിൽ ഉളവാക്കിയ ഈർഷ്യ കുറച്ചൊന്നുമായിരുന്നില്ല. ഓട്ടക്കയ്യനായ ഒരുവനോടൊപ്പം ഇറങ്ങിപോന്നിട്ട് എന്തു കിട്ടിയെന്ന ചോദ്യത്തിന് "എല്ലാം" എന്നായിരുന്നു കൃതികയ്ക്കുള്ള ഉത്തരം. ഉപരിവർഗ്ഗത്തിന്റെ നയങ്ങളിൽ മനം മടുത്തെങ്കിലും പണിയെടുക്കുന്ന, കീഴ്പ്പെട്ടു ജീവിക്കുന്ന പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനുവേണ്ടി, ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുക എന്നതായിരുന്നു അവളുടെ ലക്ഷ്യം.

പെൺകുട്ടികളോടും സ്ത്രീകളോടുമുള്ള മേലാളവർഗ്ഗത്തിന്റെ അധമസമീപനത്തിനെതിരെ ഒരു പെൺകുട്ടി പോരാടി. പിതാവിന്റെ സാമ്രാജ്യത്തിനടിപതറുന്നതോ, സ്വകാര്യമായി സൂക്ഷിച്ച പ്രണയത്തിന്റെ ഭാവിയോ ലക്ഷ്യത്തിനൊരു തടസ്സമായതേയില്ല. പെൺസ്വരമുയർന്നു. ആവിഷ്കാരസ്വാതന്ത്ര്യവും സഞ്ചാരസ്വാതന്ത്ര്യവും തിരസ്കരിച്ച സമൂഹത്തിനു മുന്നിൽ പെൺശക്തി ഉയർന്നു. സംഘടനകൾക്കും പോഷകസംഘടനകൾക്കുമുള്ള വിത്തു മുളച്ചു തുടങ്ങി. സ്ത്രീകൾ സ്വന്തമായി വരുമാനമുണ്ടാക്കിത്തുടങ്ങി. ചാരിതാർത്ഥ്യത്തോടെ അവർക്കു നടുവിൽ ഒരു പെൺകുട്ടിയും.

മലയാളമണ്ണിൽ പകച്ചു നിന്ന ഭർത്താവിന് ശക്തിയും ധൈര്യവുമവളായിരുന്നു.

"നമ്മൾ വേരിൽ നിന്നേ തുടങ്ങേണ്ടിയിരിക്കുന്നു." ആ വാക്കുകൾ ആശിശ്മെഹ്തയ്ക്ക് ഊർജ്ജമായി.

കലണ്ടറിൽ ഫെബ്രുവരി 14ന് ചുറ്റും കൃത്രിക ഒരു വൃത്തം വരച്ചു അതിനു ചുറ്റും വീണ്ടുമൊരു വൃത്തം. വൃത്തത്തിനു ചുറ്റും വൃത്തങ്ങൾ. ഒടുവിൽ വൃത്തങ്ങൾക്കിടയിൽ അവൾ പച്ചമഷിയിൽ കുറിച്ചിട്ടു. 'ഏഴുവൻകരകളുടെ വാലുകൾ കൂട്ടിത്തുന്നാനെത്ര പാടുപെട്ടു.'

കലണ്ടർ നിവർത്തി ചുമരിലെ കൊളുത്തിലിട്ട് എഴുന്നേറ്റു. ഇളം കാപ്പിപ്പൊടി നിറത്തിലുള്ള നരച്ച തുകൽചെരുപ്പുമിട്ട് മുറിക്ക് പുറത്തു കടന്നു. നരച്ചതെങ്കിലും അവ ആ കാലുകളുടെ ഭംഗി ഒട്ടും കുറയ്ക്കുന്നില്ലെന്നു തോന്നിച്ചു.

നേരം നന്നായി വെളുത്തിരിക്കുന്നു. ആശിശ് ഉണർന്നിരിക്കുമെന്ന് കരുതി കൃതിക അയാളുടെ മുറി ലക്ഷ്യമാക്കി നടന്നു. പ്രതീക്ഷിച്ചതൊന്നും അസ്ഥാനത്തായില്ല. എരിഞ്ഞു തീരാറായ ചുരുട്ട് ആഞ്ഞുവലിച്ച് പുറത്തേക്ക് തള്ളിക്കൊണ്ടയാൾ ചിന്താധീനനായിരിക്കുന്നു. മുമ്പിൽ ചുമരിനു മുകളിൽ തൂക്കിയിട്ടിരുന്ന പല്ലിളകിയ കണ്ണാടിയിൽ അയാളുടെ മുഖം വ്യക്തമായിരുന്നു. അവൾ പതുക്കെ അയാളുടെ പിറകി

ലെത്തി ഇടതുതോളിൽ വിരലമർത്തി. ഒരു ഞെട്ടലോടെ അയാളവളെ തുറിച്ചു നോക്കി. അപ്പോൾ അനിർവചനീയമായതെന്തോ ആ കണ്ണുകളിൽ അവൾ കണ്ടു.

“ഈ പ്രായത്തിലും നീ സുന്ദരിയായിരിക്കുന്നു പക്ഷേ... ഒരു ഉടുപ്പ് വാങ്ങിത്തരാൻ പോലും എനിക്കു കഴിയാതായിരിക്കുന്നു.” ഇളം റോസ് നിറത്തിലുള്ള ഗൗൺ ധരിച്ച അവളെ അയാൾ അടിമുടിയൊന്നു നോക്കി.

“പടിഞ്ഞാറ് നിന്നുള്ള ഓർഡർ കുറഞ്ഞിരിക്കുന്നു. പിടിച്ചു നിൽക്കണ്ടേ.”

തലകുലുക്കി നെറ്റിയിൽ ചൂണ്ടുവിരലമർത്തിക്കൊണ്ടയാളെഴുന്നേറ്റു. ഒപ്പം നിന്ന് കച്ചവടത്തിന്റെ സകല അരികും പടിച്ചെടുത്ത സൂക്ഷ്മദൃക്കായ ഒരുവൻ ആശിശ്മെഹ്ത എന്ന നാടൊട്ടുക്കറിയുന്ന തുണി വ്യാപാരിയായത് ബുദ്ധിയും സാമർത്ഥ്യവും കൊണ്ടാണെന്ന് സേട്ടുവിന് നന്നായറിയാം. സ്വന്തമായി വ്യാപാരം തുടങ്ങിയ സമയത്തായിരുന്നു പെൺകുഞ്ഞിന്റെ പിറവി.

കച്ചവടരംഗത്തെ മത്സരത്തിനിടയിൽ ഉറപ്പു നിൽക്കാൻ കഴിഞ്ഞെങ്കിലും എവിടെയൊക്കെയോ പിഴക്കുന്നത് അയാളറിയുന്നുണ്ടായിരുന്നു. കച്ചവടം തകർന്നു തുടങ്ങുകയും കടം കൂടി വരികയും ചെയ്തപ്പോഴാണ് വീട് വിൽക്കേണ്ടി വന്നത്. സേട്ടുവിനോട് സഹായമഭ്യർത്ഥിക്കാൻ അഭിമാനമനുവദിച്ചില്ലെന്നത് യാഥാർത്ഥ്യം. ഭർത്താവിനൊരു കൈത്താങ്ങായി എന്തെങ്കിലുമൊക്കെ ചെയ്തു തുടങ്ങണമെന്ന് കൃതിക ചിന്തിച്ചു തുടങ്ങിയതും അപ്പോഴായിരുന്നു.

മനസ്സുകൊണ്ട് പൊതിഞ്ഞു വെച്ച കൂര വിടാനിനിയെത്ര നിമിഷങ്ങൾ. പിരിയാൻ മണ്ണിനും മടി.

“ഇനിയുള്ള നിമിഷങ്ങൾ ആനന്ദം നിറഞ്ഞതാകണം. തിരക്കേറണം. ഇന്നത്തെ വിരുന്നുകാരെ ആവോളം ഊട്ടണം.”

ഒറ്റ ശ്വാസത്തിൽ പറഞ്ഞെങ്കിലും ഇടയിലൂറിയ ചിരിയെ മായ്ച്ച് കണ്ണുകളിൽ നിന്നടർന്നു വീണ രണ്ടുതുള്ളികൾ ഗൗണിനിടയിലെവിടെയോ പോയൊളിച്ചു.

ഗ്ലാസ്സിന്റെ അരികിലൊട്ടിപ്പിടിച്ച വീഞ്ഞിന്റെ അവസാനത്തെ തുള്ളിയും വലിച്ചൂറ്റിക്കൊണ്ടയാൾ കസേരയിൽ ചാരിയിരുന്നു. അതിഥി സൽക്കാരത്തിൽ യാതൊരു കുറവും വന്നുകൂടാ.

**"ഇനിയുള്ള നിമിഷങ്ങൾ ആനന്ദം നിറഞ്ഞതാകണം. തിരക്കേറണം. ഇന്നത്തെ വിരുന്നുകാരെ ആവോളം ഊട്ടണം." ഒറ്റ ശ്വാസത്തിൽ പറഞ്ഞെങ്കിലും ഇടയിലൂറിയ ചിരിയെ മായ്ച്ച് കണ്ണുകളിൽ നിന്നടർന്നു വീണ രണ്ടുതുള്ളികൾ ഗൗണിനിടയിലെവിടെയോ പോയൊളിച്ചു. ഗ്ലാസ്സിന്റെ അരികിലൊട്ടിപ്പിടിച്ച വീഞ്ഞിന്റെ അവസാനത്തെ തുള്ളിയും വലിച്ചൂറ്റിക്കൊണ്ടയാൾ കസേരയിൽ ചാരിയിരുന്നു. അതിഥി സൽക്കാരത്തിൽ യാതൊരു കുറവും വന്നുകൂടാ.**

നീണ്ടുകൊലുന്നനെയുള്ള വെടിപ്പാർന്ന മുടി പിന്നുകൊണ്ട് പിറകോട്ടു കൊളുത്തി കൃതിക ജോലിയിൽ വ്യാപൃതയായി. മസാലചപ്പാത്തി, ഉലുവച്ചീരാപച്ചടി, പൂരി, പുലാവ് എന്നിവ ഓരോന്നോരോന്നായി മേശമേൽ നിരന്നു. രാത്രി വൈകിയില്ല. ഏഴരമണിയായപ്പോഴേക്കും വീട്ടിനുള്ളിലെ മണി മുഴങ്ങി. അതിഥിയെ വരവേൽക്കാനുള്ള സന്തോഷത്തോടെ കൃതിക ഓടിച്ചെന്നു കതകു തുറന്നു. മുന്നിൽ പുഞ്ചിരിയോടെ മാർഗരറ്റ്. മാർഗരറ്റിന്റെ വിരലിൽ തൂങ്ങി കുഞ്ഞു കരോളിൻ.

മെഹ്ത്ത കുടുംബം മലയാളമണ്ണിൽ താമസം തുടങ്ങിയതു മുതലുള്ളതാണ് മാർഗരറ്റുമായുള്ള സൗഹൃദം. ഭർത്താവുപേക്ഷിച്ചതിൽ പിന്നെ അവരൊറ്റയ്ക്കാണ് താമസം. ഒരേ ഒരു മകൾ റോസ ഭർത്താവിനൊപ്പം സ്വിറ്റ്സർലാണ്ടിലാണ്. മരിച്ചുപോയ ഇളയ സഹോദരിയുടെ മകളാണ് കരോളിൻ. അവളെക്കൂടി ഒരു കൈകളിൽ ഏൽപ്പിച്ചേ തനിക്ക് ഭൂമിയിൽ നിന്നൊരു മടക്കമാകാവൂ എന്നതാണ് മാർഗരറ്റിന്റെ പ്രാർത്ഥന.

തമ്മിൽ കണ്ടതും കൃതികയും മാർഗരറ്റും പരസ്പരം പുണർന്നു. പറയാനുള്ളതെല്ലാം അസാധാരണമായ മൗനം പറഞ്ഞു. പുഞ്ചിരിമായാത്ത മുഖമെങ്കിലും അതിഥിയുടെ മുഖത്തും വികാരത്തിന്റെ വേലിയേറ്റം.

“ഈ മടക്കം അനിവാര്യമാണോ?”

“അതാണ് വിവേകമെന്നു തോന്നുന്നു.”

തൊട്ടടുത്ത മുറിയിൽ ആശിശ് മൗനിയായിരുന്നു. ചുരുട്ടിന്റെ അനുസരണയില്ലാത്ത കട്ടപ്പുകയെ ഊക്കോടെ അകത്തേക്കു വലിച്ചു ബന്ധിക്കാനൊരുങ്ങുകയായിരുന്നു അയാൾ.

മാർഗരറ്റിനെ കണ്ടതും അയാൾ കസേരയിൽ നിന്നുമെഴുന്നേറ്റു.

“പ്രിയപ്പെട്ടവർക്കു സ്വാഗതം”

അയാൾ തെല്ലു കുനിഞ്ഞു നിന്നുകൊണ്ട് കൈകൾ കൂപ്പി. മാർഗരറ്റ് തിരിച്ചും.

പുഞ്ചിരിയോടെ വിഭവങ്ങൾ ഒരുക്കിവെക്കുമ്പോഴും സഹധർമ്മിണിയുടെ മുഖത്തെ വറ്റിയ നീർച്ചാലുകൾ അയാൾ കാണാതിരുന്നില്ല.

"കൃതികാ"

കാതരമായ വിളി. അവളുടെ ഈ മുഖം തനിക്കപരിചിതമാണല്ലോ എന്നയാളോർത്തു. അവൾ ക്ഷീണിതയാണെന്നും. അവളുടെ മുഖം പതുക്കെ തലോടി. ചുരുട്ട് ചുണ്ടിൽ നിന്നുമെടുത്ത് വീടിന്റെ മട്ടുപ്പാവിലേക്ക്. ശ്വാസത്തിന്റെ ചൂടും, ഹൃദയതാളവും അറിയാവുന്ന ചുമരുകൾ അന്യമാകുന്നു.

"ഭായിക്കു വിഷമമുണ്ട്"

"ഹൃദയം വലിഞ്ഞുമുറുകുമ്പോഴും ചിരിക്കും. എത്ര ദിവസമാണ് നാം നമുക്കു വേണ്ടി ജീവിക്കുന്നത്?"

'നമ്മളെല്ലാവരും തീർത്ഥാടകരാണ്. അങ്ങനെ ചിന്തിക്കാം.'

അതുപറയുമ്പോഴും കൃതികയുടെ മുഖത്ത് പുഞ്ചിരി. 'മടക്കം ഒഴിവാക്കിക്കൂടെ'

'പോയേ തീരൂ'

"കച്ചവടത്തിൽനിന്നധികമൊന്നും പ്രതീക്ഷിക്കാനില്ല. കടം തലകാർന്നു തിന്നു തുടങ്ങിയിരിക്കുന്നു. ആരുടെ മുന്നിലും കൈനീട്ടി ശീലവുമില്ല. അല്ലെങ്കിൽ ഇതു വിൽക്കുമായിരുന്നോ".

നെഞ്ച് കീറിമുറിയുന്ന നോവോടെയാണ് കൃതിക അതു പറഞ്ഞതെന്നു മാർഗരറ്റിനു മനസ്സിലായി.

നാട്ടിലുള്ള സുഹൃത്തിന്റെ മകനുമായുള്ള മകളുടെ വിവാഹ നിശ്ചയം കഴിഞ്ഞ അവധിക്കാലത്താണ് നടന്നത്. ഇവിടെ കച്ചവടം മോശമായത് അവരെ ബാധിക്കുമത്രെ. പക്ഷെ മകൻ ഉറച്ചു നിൽക്കുന്നു. അതും ഒറ്റ നിബന്ധനയിൽ. പെൺകുട്ടി ജോലിക്കു പോകരുത്. കൂടുതൽ പഠിക്കുകയുമരുത്. ഭർത്താവിനൊപ്പം കച്ചവടരംഗത്ത് നിൽക്കുക. ഉന്നതപഠനവും ജോലിയുമൊന്നും വേണ്ട. അതും പറഞ്ഞ് കുടുംബത്തിനു നാണക്കേടുണ്ടാക്കരുതെന്നാണവർ പറയുന്നത്. ആശിശിന്റെ സ്ഥിതി ഇങ്ങനെയല്ലേ. അവിടെ കുടുംബക്കാരും ബന്ധുക്കളുമുണ്ടല്ലോ എന്നാണ് പറയുന്നത്. അല്പനേരത്തേക്ക് ഇരുവർക്കുമിടയിൽ മൗനം.

"പപ്പാ"

പൂജ ഓടിയെത്തി. ആശിശിന്റെ മടിയിൽ മുഖമമർത്തിയിരുന്നു. അയാൾ മകളുടെ മുടിയിഴകൾക്കിടയിലൂടെ മൃദുവായി തലോടി.

ഭർത്താവിനൊരു കൈത്താങ്ങായാണ് കൃതിക മധുരപലഹാര വില്പന തുടങ്ങിയത്. വിശേഷാവസരങ്ങളിലായിരുന്നു ആവശ്യക്കാരേറിയിരുന്നതും. എന്നാൽ ഈയിടെയായി അതിലുള്ള ആത്മവിശ്വാസവും കുറഞ്ഞിരിക്കുന്നു. മകളുടെ വിവാഹം, ഭാവി എന്നത് വലിയ ചോദ്യചിഹ്നമായി. വീടു വാങ്ങിയ ആളാകട്ടെ അതൊഴിഞ്ഞു കൊടുക്കുവാൻ നിർബന്ധിക്കുകയും ചെയ്യുന്നു.

ആശിശിന്റെ മുഖത്തെ ഉത്സാഹമൊക്കെ മങ്ങിയിരിക്കുന്നു. തലയിൽ വെള്ളിനാരുകൾ കൂടുതൽ ഊർജ്ജസ്വലതയോടെ തലയുയർത്തി നിൽക്കുന്നു. സേട്ടുവിനൊപ്പം നിന്ന് എല്ലാ അടവും പഠിച്ച് തെളിയിച്ച അതികായനല്ല അയാളിന്ന്. ജീവിക്കാനുള്ള വെമ്പലിൽ നിമിഷങ്ങൾ ഉരച്ചുരച്ചിരിക്കുന്ന പച്ചയായ മനുഷ്യനാണ്.

രാത്രി ഒമ്പതുമണിയോടടുക്കവെ മർഗരറ്റ് മടങ്ങാനൊരുങ്ങി. അവരെ ആവോളമൂട്ടിയതിന്റെ ചാരിതാർത്ഥ്യത്തോടെ മെഹ്ത കുടുംബം. നേരത്തെ കരുതി വെച്ചിരുന്ന പലഹാരപൊതി അവർ വിരുന്നുകാരുടെ കയ്യിലേൽപ്പിച്ചു.

"ഇതു നിങ്ങൾക്കുള്ള സമ്മാനം. ഇതിലെന്റെ സ്നേഹത്തിന്റെ മധുരമുണ്ട്. നോവിന്റെ കയ്പുണ്ട്. രക്തത്തിന്റെ ഉപ്പുണ്ട്."

അവരത് സന്തോഷത്തോടെ സ്വീകരിച്ചു. 'സ്വച്ഛന്ദജീവിതം സ്വപ്നമല്ലെന്ന്' പഠിപ്പിച്ച കേരളത്തിൽ നിന്നൊരു വിടവാങ്ങൽ വേദനയിൽ നിന്നും ഉന്മാദത്തിലേക്കുള്ള പ്രയാണത്തിന്റെ അനുഭവമാണയാൾക്ക് സമ്മാനിച്ചതെന്നു തോന്നി.

മാർഗരറ്റ് മടങ്ങിയതിനു ശേഷം അവർ മൂവരും ഒന്നിച്ചിരുന്നു. ഭാവിയോ വർത്തമാനമോ, ഭൂതമോ ഒന്നും അവർക്കിടയിൽ കടന്നു വന്നില്ല. അവർക്കുവേണ്ടി ആ രാത്രികൂടി കഴിച്ചുകൂട്ടി.

ഉള്ളതിൽ വെച്ചേറ്റവും നല്ല കുർത്ത ധരിച്ച് അടുത്ത പകൽ കൃതിക ഭർത്താവിന്റെ വിരൽ പിടിച്ചിറങ്ങി. ചാവി ഉടമസ്ഥനെ ഏൽപ്പിക്കുമ്പോൾ മകളുടെ പിൻവിളി. അവളുടെ മുഖത്ത് അനിർവചനീയമായ ഭാവങ്ങൾ വിരിയുന്നുവെന്നയാൾക്കു തോന്നി.

വീട്ടുസാധനങ്ങൾ മാർഗരറ്റിന്റെ വീടിനോടു ചേർന്ന ചായ്പിലാണ് സൂക്ഷിച്ചത്. ഇക്കാലമത്രയും പേറിയ ജീവിതത്തിന്റെ

**"കൃതികാ"**

**കാതരമായ വിളി. അവളുടെ ഈ മുഖം തനിക്കപരിചിതമാണല്ലോ എന്നയാളോർത്തു. അവൾ ക്ഷീണിതയാണെന്നും. അവളുടെ മുഖം പതുക്കെ തലോടി. ചുരുട്ട് ചുണ്ടിൽ നിന്നുമെടുത്ത് വീടിന്റെ മട്ടുപ്പാവിലേക്ക്. ശ്വാസത്തിന്റെ ചൂടും, ഹൃദയതാളവും അറിയാവുന്ന ചുമരുകൾ അന്യമാകുന്നു.**

അവശേഷിപ്പ്. അതിനരികത്തേക്ക് എന്നു മടങ്ങിവരുമെന്നറിയില്ല.

ആശിശിന്റെ കൈകൾ വിറച്ചു. റെയിൽവെ സ്റ്റേഷനിൽ ഇറക്കാൻ വന്ന ഓട്ടോറിക്ഷയിലേക്ക് ആദ്യം അയാൾ കയറി.

കൃതിക കയറാനൊരുങ്ങവേ മാർഗരറ്റ് തടഞ്ഞു.

'രാശിയോ കാലമോ നോക്കിയില്ല. ഈ കൊച്ചുകൂര നിങ്ങൾക്കൊരു തണലാകുമെങ്കിൽ വരൂ.'

മാർഗരറ്റിന്റെ വാക്കുകൾ ജീവാമൃതമായി അവരിലേക്കൊഴുകി. കുമ്പിട്ടിരിക്കുന്ന ഭർത്താവിനു നേരെ അവളുടെ കൈകൾ നീണ്ടു.

പുഞ്ചിരിയോടെ മാർഗരറ്റ് മുമ്പിൽ നടന്നു. അനുഗമിച്ചു കൊണ്ട് മെഹ്ത കുടുംബവും. ●

**അന്വേഷി വാർത്തകൾ**

# മാനസികരോഗ വിമുക്തർക്ക് അന്വേഷിയിൽ ആശ്രയം




കുതിരവട്ടം മാനസികരോഗാശുപത്രിയിലെ രോഗം മാറിയെങ്കിലും പോകാനിടമില്ലാത്ത ആറു പേരെ അന്വേഷി ഷോർട്ട് സ്റ്റേ ഹോമിലേക്ക് കൂട്ടിക്കൊണ്ടു പോകുന്ന ചടങ്ങ് 31.3.2016 വൈകു. 4 മണിക്ക് ആശുപത്രി ഓഡിറ്റോറിയത്തിൽ നടന്നു. രോഗം പൂർണ്ണമായും മാറിയ നൂറിലധികം പേർ അവിടെയുണ്ട്. വീട്ടുകാരും ബന്ധുക്കളും അവരെ കൂട്ടിക്കൊണ്ടു പോകാൻ മടി കാണിക്കുകയാണ്. ചിലർക്കാണെങ്കിൽ ബന്ധുക്കളെപ്പറ്റി ഒരറിവുമില്ല. അന്വേഷിയുടെ സ്നേഹസംരക്ഷണത്തിലേക്കാണ് അവരിൽ ആറുപേർ പോകുന്നത്. വികാരനിർഭരമായ ആ ചടങ്ങിൽ കലക്ടർ എൻ.പ്രശാന്ത് മുഖ്യാഥിതിയായി. ആശുപത്രി സൂപ്രണ്ട് എൻ.രാജേന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. ഡി.എം.ഒ. ഡോ.ആർ. എൽ.സരിത, അന്വേഷി പ്രസിഡണ്ട് കെ.അജിത, ഡോ. കെ.സുരേഷ് കുമാർ, ഡോ.ശിവദാസൻ, ഡോ.അനിത, ശോഭിത, ലിസി വർഗ്ഗീസ് തുടങ്ങിയവർ സംസാരിച്ചു.

# സീറോ വയലൻസ് ശിൽപശാല




നാഷണൽ മിഷൻ ഫോർ എംപവർമെന്റ് ഓഫ് വിമൻ (NMEW)ന്റെ സ്ത്രീകൾക്കെതിരെയുള്ള അതിക്രമരഹിത പഞ്ചായത്തുകൾ സൃഷ്ടിക്കുക എന്ന ഉദ്ദേശത്തോടെയുള്ള സീറോ വയലൻസ് പദ്ധതിയുടെ അഞ്ച് ദിവസത്തെ ശില്പശാല മാർച്ച് 10, 11, 12, 29,30 എന്നീ തിയ്യതികളിൽ കോഴിക്കോട് കാലിക്കറ്റ് ടവറിൽ നടന്നു.

ജില്ല പ്രൊബേഷൻ ഓഫീസർ അഷ്റഫ് കാവിൽ, ഗീത (തിരുവനന്തപുരം), ശ്രീജ (അന്വേഷി), അഡ്വ.പ്രീത (അന്വേഷി), പ്രമീള (നിർഭയ) തുടങ്ങിയവർ ശില്പശാലയ്ക്ക് നേതൃത്വം നൽകി. അന്വേഷി പ്രസിഡണ്ട് കെ.അജിത ഉദ്ഘാടനം നിർവ്വഹിച്ചു.



# വാസ്തവം



ഡോ.ജാൻസി ജോസ്

കേരളത്തിൽ ഇക്കൊല്ലം പൊതുവെ ചൂട് കൂടുതലാണ്. അതിനിടയിലാണ് തെരഞ്ഞെടുപ്പു ചൂടും. തീർച്ചയായും ചെളി വാരിയെറിയലും വിടുവായത്തരവുമെല്ലാം ആ ചൂടിനെ കുറച്ചുകൊണ്ടേയിരിക്കുന്നു. പാവം പിടിച്ച ജനങ്ങളെ വഞ്ചിക്കാൻ വാക്കുകൾ പരതി നടക്കുന്ന രാഷ്ട്രീയ പാർട്ടികളെ കണ്ടു മടുത്തു. സ്ത്രീ സംവരണവും സ്ത്രീ മുന്നേറ്റവുമൊക്കെ ഉയർത്തിപ്പിടിച്ച പാർട്ടികളുടെ വാല് പിടിച്ചു നടന്ന പെണ്ണുങ്ങളൊക്കെ കരുതി തങ്ങൾക്കൊരു സീറ്റു കിട്ടുമെന്ന്. അടി ഉറപ്പായപ്പോൾ നാവിറങ്ങിപ്പോയ പെൺപട തന്നെ നമ്മുടെ കൂട്ടത്തിലുണ്ട്. എന്തായാലും പെണ്ണുങ്ങളെ, നമ്മുടെ അവകാശങ്ങൾക്കു വേണ്ടി നാം തന്നെ ശബ്ദമുയർത്തണം എന്നേ പറയാനുള്ളൂ. നമ്മുടെ സി. കെ.ജാനു വെച്ചുനീട്ടിയ സീറ്റു വാങ്ങി സവർണ്ണയാവാൻ മനസ്സുകാണിക്കാതിരുന്നത് നമ്മുടെ ഭാഗ്യം. അല്ലെങ്കിൽ നമ്മുടെ കാടും നമ്മുടേതല്ലാതാകുമായിരുന്നു. ജയിക്കണം എന്നത് മാത്രമാണ് മുന്നോട്ട് വെക്കുന്ന അജണ്ട. അതിനായി ആരേയും അവർ ആശ്രയിക്കും. എങ്കിലും ചുണക്കുട്ടികളായ രണ്ടുമൂന്നു പുതിയ സ്ഥാനാർത്ഥികളെ നമുക്ക് ലഭിക്കും എന്നത് ഉറപ്പാണ്. വീണാ ജോർജ്ജും നികേഷുമൊക്കെ അക്കൂട്ടത്തിൽപ്പെടും. അടി വാങ്ങാനായി വടി കൊടുത്തുകൊണ്ടിരുന്ന ചില മാന്യന്മാർക്ക് അടി കിട്ടിയതിൽ സന്തോഷമുണ്ട്. എന്തെങ്കിലുമൊന്നുമില്ലാതെ (ഉളുപ്പ്) സ്ഥാനാർത്ഥിയാകാമെന്ന് ശ്രീശാന്തും തെളിയിച്ചിരിക്കുകയാണ്. കേരളത്തെ ഗുജറാത്താക്കും പോലും! കേരളത്തിലെ ബുദ്ധിയുള്ള ആളുകൾക്ക് ഗുജറാത്തെന്നാൽ ഒന്നേയുള്ളൂ. കലാപ നാട്. എന്തായാലും സംഘികൾ ഇത്തവണ എന്നത്തേക്കാളും അധികം നാണംകെടുമെന്നത് സംശയമില്ല. അഴിമതിരഹിതഭരണം, സഹിതഭരണം,എന്നിങ്ങനെ രണ്ട് ഓപ്ഷണുകളാണ് നമുക്കുള്ളത്. അതിലൊന്ന് തെരഞ്ഞെടുക്കാം.

ഇതിനിടക്കാണ് പരിണാമസിദ്ധാന്തവും മഹാവിസ്ഫോടന സിദ്ധാന്തവും ശരിയാണ് എന്നും ദൈവം മാന്ത്രികനല്ല എന്നും പറഞ്ഞുകൊണ്ട് വിപ്ലവപ്രതീകമായി മാർപ്പാപ്പ കടന്നുവരുന്നത്. നഖശിഖാന്തം എതിർക്കുന്ന അച്ചന്മാരോട് ഒന്നേ പറയാനുള്ളു. പോപ്പിനെ കുർബാന പഠിപ്പിക്കേണ്ട എന്നു തന്നെ. മതാന്ധനല്ലാത്ത നല്ല അദ്ധ്യക്ഷന്മാരെ കിട്ടാനാവണം ഇനി നമ്മുടെ പ്രാർത്ഥന. അഹങ്കാരം വെടിഞ്ഞ ഒരു പുരുഷ സമൂഹത്തെ രൂപപ്പെടുത്തുവാനും.

സ്ത്രീപീഡനങ്ങളും അവഹേളനങ്ങളും കൂടി വരുന്ന നമ്മുടെ കേരളത്തിൽ അടുത്തയിടെ ഉണ്ടായ സംഭവം കുറേയാളുകളെയെങ്കിലും സന്തോഷിപ്പിച്ചിരിക്കണം. കോളേജിലേക്കെന്നും പറഞ്ഞു പോയ മകൾ റോഡിൽ നിന്ന് ഫ്ളാഷ് മോബ് കളിക്കുന്നതു കണ്ട അമ്മ കരണത്ത് കൊടുത്തു എന്നതിൽ. ഈ സംഭവം ശരി വെച്ചവരോടും ശരി വെക്കാത്തവരോടും എനിക്കൊന്നേ പറയാനുള്ളൂ. സ്വയം ചീഞ്ഞു നാറാതിരിക്കട്ടെ അടിക്കുന്നവരും അടി കൊള്ളുന്നവരും. ഒന്നുപറയാമായിരുന്നു മകൾക്ക്. അമ്മ രാഷ്ട്രീയ പ്രവർത്തകയായിരുന്നെങ്കിൽ ഒന്നു മനസ്സിലാക്കാമായിരുന്നു. കേരളത്തിൽ നടക്കുന്ന ധാരാളം സമരങ്ങളിൽ ഒന്നാണ് നഴ്സുമാരുടെ സമരം. നിസ്സാരശമ്പളത്തിന് ജോലി ചെയ്യുന്നവർക്ക് ഗവൺമെന്റ് സ്കെയിൽ തന്നെ നടപ്പിലാക്കേണ്ടതുണ്ട്. നല്ല പരിചരണം ലഭിക്കാൻ വമ്പൻ സ്രാവുകളും ശ്രേഷ്ഠരുമെല്ലാം മുന്തിയ ആശുപത്രിയിൽ നിറയെ പണം കൊടുത്തു ചെല്ലുമ്പോൾ നല്ല പരിചരണം ലഭിക്കുന്നതിന്റെ പിന്നിലെ ചൂഷണം ആരെങ്കിലും അറിയുന്നുണ്ടോ. എന്തായാലും സമരത്തിനിറങ്ങുന്ന വിവിധ വിഭാഗങ്ങളിലെ സ്ത്രീകളോട് എനിക്കൊന്ന് പറയാനുണ്ട്. ഞങ്ങൾ കുറേ കാലങ്ങളായി സ്ത്രീകളുടെയും കുട്ടികളുടെയും പ്രശ്നങ്ങളിൽ ഇറങ്ങുകയും സമരം ചെയ്യുകയും ചെയ്യുമ്പോൾ മൂക്കത്തു വിരൽവെച്ചും കാറിത്തുപ്പിയും മുമ്പേ നടന്നുപോയ ചിലരെങ്കിലും സ്വന്തം ആവശ്യങ്ങൾക്കു വേണ്ടി സമരം ചെയ്യുന്നത് കാണുമ്പോൾ ചാരിതാർത്ഥ്യം ഉണ്ട് എന്നത്. ഇനി എന്നാണ് നമ്മുടെ ആവശ്യങ്ങൾക്കു വേണ്ടി നാം പോരാടാൻ ആരംഭിക്കുക.

●





റഷീദ ഗഫൂർ തൈവളപ്പിൽ

# ഭർത്താവുള്ള വിധവകൾ

വെളിയോരം നാട്ടിലെ അയൽവാസികളാണ് സുശീലയും നെബീസയും. രണ്ടു പേരും തുല്യദുഃഖിതരാണ്. അവർക്ക് എല്ലാം ഉണ്ട്, എന്നാൽ ഒന്നുമില്ല. അതാണ് അവസ്ഥ.

രണ്ടുപേർക്കും ഭർത്താവും മക്കളും ഉണ്ട്. സുശീലയുടെ ഭർത്താവാണ് രാമൻ. നല്ലവൻ. സ്നേഹനിധിയായ  പുരുഷൻ. അയാൾ പകലന്തിയോളം ജോലിയെടുക്കും. കൈനിറയെ കാശും കിട്ടും. പക്ഷെ പണി കഴിഞ്ഞാൽ പോക്ക് വീട്ടിലേക്കല്ല, ഷാപ്പിലേക്കാ. കയ്യിൽ കാശ് കിട്ടിയാലുടൻ അയാൾ കള്ള് ഷാപ്പിലേക്കൊരു കേറ്റമാണ്. പിന്നെ മൂക്കറ്റം കള്ളും കുടിച്ചിട്ടേ പുറത്തിറങ്ങൂ. ഭാര്യ സുശീലയെയും പിഞ്ചുമക്കളായ ശാലിനിയെയും ശശിയെയും മതിവരുവോളം അടിച്ചും തൊഴിച്ചും കൊണ്ടിരിക്കും. മിക്ക ദിവസങ്ങളിലും ഇതായിരുന്നു പതിവ്.  തന്റെ കുട്ടികൾക്കും ഭാര്യയ്ക്കും ഭക്ഷണം വാങ്ങിക്കൊടുക്കാനോ നല്ലൊരു വസ്ത്രം വാങ്ങിക്കൊടുക്കാനോ അയാൾ മെനക്കെടാറില്ല. മറ്റുള്ള കുട്ടികൾ പുത്തനുടുപ്പും പുതിയ പാഠപുസ്തകങ്ങളുമായി സ്കൂളിലേക്ക് പോകുമ്പോൾ തന്റെ മക്കൾ താൻ ജോലിക്ക് പോകുന്ന വീടുകളിലെ കുട്ടികളുടെ പഴയ വസ്ത്രങ്ങളും പുസ്തകങ്ങളും ധരിച്ചാണ് സ്കൂളിൽ പോകുന്നത്. അവളുടെ അവസ്ഥ അറിയുന്നവർ പലരും അവൾക്ക് ചെറിയ സഹായങ്ങൾ ചെയ്തു കൊടുക്കാറുണ്ട്. അങ്ങിനെ തട്ടിയും മുട്ടിയും നാളുകൾ കടന്ന് പൊയ്ക്കൊണ്ടിരുന്നു.

അച്ഛനെ കാണുന്നത് തന്നെ കുട്ടികളായ ശാലിനിക്കും ശശിക്കും പേടിയാണ്. തൊട്ടടുത്ത വീട്ടിലെ കുട്ടികൾക്കെല്ലാം അവരുടെ അച്ഛന്റെ സ്നേഹവും ലാളനയും കിട്ടുമ്പോൾ തനിക്കും മക്കൾക്കും വന്ന ഗതിയോർത്ത് സുശീലയുടെ മനസ്സ് വിങ്ങിപ്പൊട്ടും. ഭർത്താവിന്റെ മദ്യപാനമൊന്ന് മാറി കിട്ടുവാനായി അവളെന്നും പ്രാർത്ഥിക്കും. രാമനി

പ്പോൾ മുഴുകുടിയനായി മാറിയിരിക്കുന്നു.

ഒരു ദിവസം അയൽവീട്ടിലെ ജോലിയെല്ലാം കഴിഞ്ഞ് അവിടെ നിന്ന് കിട്ടിയ ഭക്ഷണപ്പൊതിയുമായി വീട്ടിൽ വന്നുകയറിയ ശാലിനിയുടെ ദേഹത്തേക്ക് അയാൾ അടുപ്പത്തിരുന്ന ചൂടുവെള്ളം എടുത്തൊഴിക്കുകയാണ് ചെയ്തത് അവളുടെ നിലവിളി കേട്ട് ഓടിവന്നവർ ഉടനെ ആശുപത്രിയിൽ സമയത്ത് എത്തിച്ചതിനാൽ അവൾ രക്ഷിക്കപ്പെട്ടു. ജീവിക്കുന്ന രക്തസാക്ഷിയായി അവൾ കഴിയുന്നു. തന്റെ മക്കൾക്ക് വേണ്ടി മാത്രമാണവർ ജീവിക്കുന്നത്. സുശീലയുടെ കൂട്ടുകാരിയാണ് നെബീസ. രണ്ടുപേർക്കും ചെണ്ടക്കും മദ്ദളത്തിനും കിട്ടുന്ന കൊട്ട് പോലെ തന്നെയാണ് സ്ഥിതി.

നെബീസാന്റെ ഭർത്താവാണ് അബ്ദു. ഓട്ടോഡ്രൈവറാണ്. അവർക്ക് ഒരു മകനും ഉണ്ട്. നെബീസാന്റെ ഭർത്താവായ അബ്ദുവിന് സ്വന്തമായി ഒരു ഓട്ടോറിക്ഷയുണ്ട്. വണ്ടി ഓടിക്കിട്ടുന്ന കാശ് കൊണ്ട് അയാൾ വീട്ടിലേക്ക് അവശ്യസാധനങ്ങളെല്ലാം കൊണ്ടുവരാറുണ്ട്. പക്ഷെ 'ഭാര്യയെ സംശയം' അതാണയാളുടെ കുഴപ്പം. നെബീസാന്റെ വീട്ടുമുറ്റത്തെ ഓരോ കാൽപാടും കാണുമ്പോൾ അയാൾക്കു സംശയമാണ്. നെബീസ അയൽവീട്ടിലെ ആണുങ്ങളോടും തന്റെ കൂട്ടുകാരോടും മിണ്ടുന്നതും അവരെ നോക്കുന്നതുപോലും സംശയത്തിന്റെ കണ്ണിലൂടെ കാണുകയും അതിനയാൾ വഴക്കിടുകയും അവളെ മർദ്ദിക്കുകയും ചെയ്യും. കോപം വരുമ്പോളയാൾ വീട്ടിലെ പാത്രങ്ങളും മകൻ റഷീദിന്റെ പുസ്തകവും കണ്ണിൽ കാണുന്നതും കയ്യിൽ കിട്ടിയതുമെല്ലാം എടുത്ത് നശിപ്പിക്കും. റഷീദിന് അയാളെ കാണുന്നത് തന്നെ വെറുപ്പായിരുന്നു.

നാളുകൾ കടന്നുപോയി. അബ്ദുവിന്റെ മകൻ റഷീദ് വളർന്നു. തന്റെ ഉമ്മയെ സംശയരോഗത്തോടു കൂടി കാണുകയും അടിക്കുകയും ചെയ്യുന്ന അബ്ദുവിന്റെ ചെയ്തികൾ അവനിൽ അതൃപ്തിയും രോഷവും വളർത്തി. തന്റെ കൂടെയുള്ള സുഹൃത്തുക്കളുടെയിടയിലും മറ്റും ഇക്കാര്യം അവനെ വല്ലാതെ ജാള്യതക്കാരനാക്കി. പലപ്പോഴും ഉപ്പയോടുള്ള കോപം അവൻ അടക്കിപ്പിടിച്ചു നടന്നു. ഉപ്പയായിപ്പോയില്ലേ. അയൽവീട്ടിലെ ആരെയോ നോക്കി എന്ന് പറഞ്ഞ് അന്നും അയാൾ നെബീസയെ മർദ്ദിച്ചു. എതിർത്ത അവളെ അയാൾ വലിച്ചിഴച്ച് പുറത്തേക്കെറിഞ്ഞു. വേദന സഹിക്കവയ്യാതെ നെബീസ ഉച്ചത്തിൽ നിലവിളിച്ചു. കരച്ചിൽ കേട്ട് ഓടിവന്ന റഷീദിന് ഈ കാഴ്ചകൾ സഹിക്കാവുന്നതിലും അപ്പുറമായിരുന്നു. പെട്ടെന്ന് നിയന്ത്രണം വിട്ട് ഉപ്പയ്ക്ക് നേരെ ചീറിയടുത്ത അവൻ സർവ്വശക്തിയുമെടുത്ത് അയാളുടെ കരണം നോക്കി തലങ്ങും വിലങ്ങും അടിച്ചു. അടിയിൽ അബ്ദുവിന്റെ പല്ലുകൾ തെറിച്ചുവീണു. അടികൊണ്ട അബ്ദു പകച്ചുപോയി.

തന്റെ മകൻ ഒരുത്തനോളം വളർന്നിരിക്കുന്നു. തണ്ടും തടിയും ആത്മാഭിമാനവും ഉള്ളവനായിരിക്കുന്നു. തന്നെ തല്ലാൻ വരെ വളർന്നു കുറെ നാളുകളായി സഹിച്ചു മടുത്ത റഷീദിന്റെ പ്രതികരണം ഇങ്ങനെയാകുമെന്ന് അയാൾ ഒരിക്കലും വിചാരിച്ചിരുന്നതല്ല.

**ബഹളം കേട്ട് ആളുകൾ ഓടിക്കൂടി. കൂട്ടത്തിൽ തലമൂത്ത ഉപ്പാപ്പ റഷീദിനെ പിടിച്ചുമാറ്റി സമാധാനിപ്പിച്ചു. ആളുകൾ അബ്ദുവിനെ പിടിച്ച് അടുത്ത പീടികയിലേക്ക് മാറ്റി. റഷീദിന്റെയടുത്തെത്തിയ ആ ഉപ്പാപ്പ അവനോടുപദേശിച്ചു. "ഏറെ സഹിച്ചെങ്കിലും ഉപ്പയെ തല്ലണ്ടായിരുന്നു." "തല്ലണമെന്ന് ആലോചിച്ചതല്ല. പക്ഷെ ഈ തള്ളയുടെ ജീവിതത്തിൽ ഇത്തിരി സമാധാനം കൊടുക്കണം. അതിനാണ് തല്ലിയത്. ഇനിയും നന്നാവാൻ കൂട്ടാക്കിയില്ലെങ്കിൽ എന്റെ തന്തയെ നന്നാക്കുന്ന കാര്യം ഇക്കൂടിയവർക്ക് ഏറ്റെടുക്കാം."**

ബഹളം കേട്ട് ആളുകൾ ഓടിക്കൂടി. കൂട്ടത്തിൽ തലമൂത്ത ഉപ്പാപ്പ റഷീദിനെ പിടിച്ചുമാറ്റി സമാധാനിപ്പിച്ചു. ആളുകൾ അബ്ദുവിനെ പിടിച്ച് അടുത്ത പീടികയിലേക്ക് മാറ്റി. റഷീദിന്റെയടുത്തെത്തിയ ആ ഉപ്പാപ്പ അവനോടുപദേശിച്ചു.

'ഏറെ സഹിച്ചെങ്കിലും ഉപ്പയെ തല്ലണ്ടായിരുന്നു.'

'തല്ലണമെന്ന് ആലോചിച്ചതല്ല. പക്ഷെ ഈ തള്ളയുടെ ജീവിതത്തിൽ ഇത്തിരി സമാധാനം കൊടുക്കണം. അതിനാണ് തല്ലിയത്. ഇനിയും നന്നാവാൻ കൂട്ടാക്കിയില്ലെങ്കിൽ എന്റെ തന്തയെ നന്നാക്കുന്ന കാര്യം ഇക്കൂടിയവർക്ക് ഏറ്റെടുക്കാം.'

ഇതുകേട്ടതും അവന്റെ മുഖത്തേക്ക് കാർക്കിച്ചുതുപ്പി അബ്ദു ഓട്ടോയുമെടുത്ത് സ്ഥലം വിട്ടു.

റഷീദിനെ സമാധാനിപ്പിച്ചതിനു ശേഷം ഉപ്പാപ്പ പറഞ്ഞു 'പുകഞ്ഞ കൊള്ളി പുറത്ത്.'




# ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ അതിർത്തികൾ

**കെ.ആർ. മീരയുടെ ഓർമയുടെ ഞരമ്പ്, കെ.രേഖയുടെ നല്ല നടി എന്നീ കഥകളെ മുൻനിർത്തിയുള്ള പഠനം.**

**ഡോ. ദിവ്യ ധർമ്മദത്തൻ**

അടിയന്തരാവസ്ഥകാലത്ത് ബുദ്ധിജീവികളുടെയും, കലാകാരൻമാരുടെയും ആവിഷ്ക്കാരത്തിനുള്ള സ്വാതന്ത്ര്യത്തിന് വിലങ്ങ് വീണിരുന്നു.പല എഴുത്തുകാരും ജയിലിൽ അടയ്ക്കപ്പെടുകയോ,പീഡിപ്പിക്കപ്പെടുകയോ ചെയ്തിരുന്നു. ചിന്തകരും കലാകാരൻമാരും എല്ലാം ഭരണകൂടത്തിന്റെ കർക്കശമായ നിരീക്ഷണത്തിലായിരുന്നു.ആ കാലഘട്ടത്തിന് ശേഷം മോദിഭരണം ഇന്ത്യയിൽ ആവിഷ്ക്കാരസ്വാതന്ത്ര്യം ഇപ്പോൾ കൂടുതൽ പ്രശ്നവൽക്കരിക്കപ്പെട്ടു കൊണ്ടിരിക്കുകയാണ്. പെരുമാൾ മുരുകൻ എന്ന തമിഴ് എഴുത്തുകാരന് മതതീവ്രവാദികളെ ഭയന്ന് എന്നെന്നേക്കുമായി തന്റെ എഴുത്ത് അവസാനിപ്പിക്കേണ്ടി വന്നു. അദ്ദേഹത്തിന്റെ മാതൊരുഭഗൻ എന്ന നോവൽ മതതീവ്രവാദികൾ തീയിട്ട് നശിപ്പിക്കുകയും അദ്ദേഹത്തിനെ ഭീഷണിപ്പെടുത്തുകയും ചെയ്തു. ഒരു എഴുത്തുകാരൻ തന്റെ എഴുത്ത് നിർത്തുക എന്നത് മറ്റൊരർത്ഥത്തിൽ അയാളുടെ മരണം തന്നെയാണ്. 2015 ജനുവരിയിൽ മുരുകൻ തന്റെ ഫെയ്സ്ബുക്ക് പേജിൽ ഇങ്ങനെ എഴുതി "പെരുമാൾ മുരുകൻ എന്ന എഴുത്തുകാരൻ മരിച്ചു. അയാൾ ദൈവമല്ലാത്തതിനാൽ ഉയർത്തെഴുന്നേൽക്കില്ല. അയാൾക്ക് പുനർജന്മത്തിൽ വിശ്വാസവുമില്ല., ഒരു സാധാരണക്കാരനായ അദ്ധ്യാപകൻ. അയാൾ പി.മുരുകനായി ജീവിക്കും. അയാളെ വെറുതെ വിടുക" എന്നാൽ മുരുകന്റെ ആവിഷ്കാരസ്വാതന്ത്ര്യത്തിനു വേണ്ടി ഒരു രാഷ്ട്രീയ പാർട്ടിയും ശബ്ദമുയർത്തിയില്ല എന്നത് ഇന്ത്യൻ ജനാധിപത്യത്തിന് ഏറ്റ ഒരു വലിയ പ്രഹരമാണ്.

മഹാരാഷ്ട്രയിൽ നരേന്ദ്ര ബോൽക്കറുടെ കൊലപാതകത്തോടെയാണ് വർഗീയവാദികൾ ചിന്തകരെയും സാഹിത്യകാരന്മാരെയും വേരോടെ പിഴുതെറിയുന്ന സാംസ്കാരികഫാഷിസത്തിന് തുടക്കം കുറിച്ചത്. മഹാരാഷ്ട്രയിലെ ഇടതുചിന്തകനായി

രുന്ന ഗോവിന്ദ് പൻസാരെയു ടേയും കന്നഡ പുരോഗമന സാഹിത്യകാരനായിരുന്ന എം. എം. കാൽബുർഗിയുടെ കൊല പാതകങ്ങൾ, കന്നഡ എഴുത്തു കാരനായ കെ.എസ്.ഭഗവാന് നേരെയുള്ള വധഭീഷണി, ഗുലാം അലി മുംബൈയിൽ പാടരുതെ ന്നുള്ള ഭീഷണി, മജീദ് മജീദി യുടെ ചിത്രത്തിന് സംഗീതം നൽകിയതിന് സംഗീതസംവിധാ യകൻ എ.ആർ.റഹ്മാന് നേരെ മതപണ്ഡിതന്മാരുടെ നീക്ക ങ്ങൾ എന്നിവയെല്ലാം ആവി ഷ്കാരസ്വാതന്ത്ര്യത്തെ വെല്ലുവി ളിക്കുന്ന പ്രതിലോമകരമായ നീക്കങ്ങളാണ്. ചരിത്രത്തിന്റെ പല ഘട്ടങ്ങളിലും ഇത്തരം സാംസ്കാരികഫാഷിസങ്ങൾ കടന്നു വന്നിട്ടുണ്ട്. ആവിഷ്കാര സ്വാതന്ത്ര്യം പുരുഷന്മാരേക്കാൾ കൂടുതൽ ബാധിച്ചിട്ടുള്ളത് സ്ത്രീകളെയാണെന്ന് ചരിത്രം പരിശോധിച്ചാൽ വ്യക്തമാവും. മലയാളത്തിൽ രാജലക്ഷ്മിയും, മാധവിക്കുട്ടിയുമെല്ലാം ക്രൂശിക്ക പ്പെട്ട എഴുത്തുകാരികളാണ്, സര സ്വതിയമ്മയെ പോലുള്ള ആദ്യ കാലകഥാകാരികൾ എഴുത്ത് എന്നെന്നേക്കുമായി ഉപേക്ഷിച്ച് മൗനത്തിന്റെ വാത്മീകത്തിൽ ഒളിച്ചു. എന്നാൽ പുതുതലമുറ യിലെ എഴുത്തുകാരികൾ മാധവി ക്കുട്ടി തെളിച്ച വഴിയിലൂടെ ഏറെ മുന്നോട്ടുപോയി. സിതാര യെയും, ഇന്ദുമേനോനെയും, സി. എസ്. ചന്ദ്രികയെയും പോലുള്ള എഴുത്തുകാരികൾ ലൈംഗികത യെയും സ്വവർഗ്ഗരതി യെയുമെല്ലാം തുറന്ന് ആവിഷ്ക്ക രിച്ചു.

**കെ.ആർ.മീരയുടെ "ഓർമയുടെ ഞരമ്പ് ശീർഷകം സൂചിപ്പിക്കുന്ന പോലെ ഓർമകളി ലൂടെ മുന്നോട്ടു നീങ്ങുന്ന ആഖ്യാനമാണ്. എന്നാൽ ഓർമയുടെ ഞരമ്പ് മറ്റ് പലതിന്റെയും സൂചകമാണ്. സരസ്വതി എന്ന വൃദ്ധയെയും അവരോട് സംസാരിക്കുന്ന പെൺകുട്ടിയെയും സമാന്തര രേഖകളായിട്ടാണ് കഥയുടെ ആദ്യം അവതരിപ്പിക്കുന്നത്.സംസാരിക്കുമ്പോൾ ഇടക്കി ടെ പല്ല്സെറ്റ് ഉന്തുന്ന വൃദ്ധയെ അറപ്പോടെയാണ് പെൺകുട്ടി ആദ്യം വീക്ഷിച്ചത്.**

കെ.ആർ.മീരയുടെ **ഓർമ യുടെ ഞരമ്പ്** ശീർഷകം സൂചി പ്പിക്കുന്ന പോലെ ഓർമകളിലൂടെ മുന്നോട്ടു നീങ്ങുന്ന ആഖ്യാനമാ ണ്. എന്നാൽ **ഓർമയുടെ ഞരമ്പ്** മറ്റ് പലതിന്റെയും സൂച കമാണ്. സരസ്വതി എന്ന വൃദ്ധ യെയും അവരോട് സംസാരി ക്കുന്ന പെൺകുട്ടിയെയും സമാ ന്തര രേഖകളായിട്ടാണ് കഥയുടെ ആദ്യം അവതരിപ്പിക്കുന്നത്.സം സാരിക്കുമ്പോൾ ഇടക്കിടെ പല്ല്സെറ്റ് ഉന്തുന്ന വൃദ്ധയെ അറ പ്പോടെയാണ് പെൺകുട്ടി ആദ്യം വീക്ഷിച്ചത്.എന്നാൽ വൃദ്ധയുടെ അനുഭവങ്ങൾക്ക് തന്റെ അനുഭവ ങ്ങളുമായി സാമ്യമുണ്ടെന്ന് മന സ്സിലാക്കുന്നതോടെ കഥാഗതി മാറുന്നു. വള്ളത്തോൾ പങ്കെ ടുത്ത ചടങ്ങിൽ കവിത ചൊല്ലിയ സരസ്വതിയെ, സരസ്വതി സാക്ഷാൽ സരസ്വതി തന്നെ എന്ന് വള്ളത്തോൾ ആഗ്രഹിച്ചി രുന്നു. ആ കവിത കേട്ടാണ് ഭർത്താവ് തന്നെ വിവാഹമാലോ ചിച്ചത് പോലുംഎന്ന് സരസ്വതി പെൺകുട്ടിയോട് പറയുന്നുണ്ട്. എന്നാൽ വിവാഹശേഷം എന്താണ് അവരുടെ ജീവിത ത്തിൽ സംഭവിച്ചതെന്ന് വളരെ ധ്വന്യാത്മകമായി കഥയിൽ പറയു ന്നുണ്ട്. എല്ലാവരും ഉറങ്ങിക്കഴി ഞ്ഞതിനു ശേഷം മകന്റെ നോട്ട്ബുക്കിലാണ് താൻ കുത്തി ക്കുറിച്ചിരുന്നതെന്ന് അവർ ഓർക്കുന്നുണ്ട്. വളരെ നിഗൂഢമാ യി, മറ്റാരും കാണാതെ ചെയ്യേണ്ടി വരുന്ന ഒരു ഒളിപ്ര വർത്തനമായി ഇവിടെ സരസ്വ തിയുടെ കഥയെഴുത്ത് മാറുന്നു.ഒളി ഞ്ഞിരുന്ന് കഥകൾ എഴുതേണ്ടി വന്നതിന്റെ കാരണം തെളിച്ചു പറയാതെ തന്നെ വായനകാർക്ക് വ്യക്തമാകുന്നു. സരസ്വതിയുടെ ഭർത്താവും, ഭർത്തൃവീട്ടുകാരും ഉൾപ്പെടുന്ന യാഥാസ്ഥിതിക-പു രുഷാധിപത്യസമൂഹം അവളുടെ എഴുത്തിനെതിരായിരുന്നു എന്ന സൂചനയാണ് കഥയിൽ നിന്നും കിട്ടുന്നത്. സരസ്വതിക്ക് അവ രുടെ ഭർത്തൃഗൃഹത്തിൽ ആവി ഷ്ക്കാര സ്വതന്ത്ര്യം ഇല്ലായിരു ന്നു. പല എഴുത്തുകാരികൾക്കും ഭർത്തൃഗൃഹം മാത്രമല്ല സമൂഹം തന്നെ എതിരായിരുന്നു.

സാങ്കൽപ്പിക കഥാപാത്രങ്ങളെ സൃഷ്ടിച്ചു വിറ്റു. അതു തെറ്റാണോ ? പക്ഷേ, കിട്ടിയത് ചീത്തപ്പേരാണ്. എന്റെ കവിതക ളിൽ മുഴുവൻ പ്രേമമാണ്. പ്രേമ മെന്ന രഥത്തിന്റെ കൊടിക്കൂറ യാണ് കാമം. പ്രേമത്തിന് കാമം കൂടിയെ തീരുവെന്ന് ഞാൻ വിശ്വസിക്കുന്നു തനിക്കുകിട്ടിയ ചീത്തപേരിനെ കുറിച്ച് കമല സുരയ്യ എന്ന എഴുത്തുകാരി യുടെ വാക്കുകൾ കേരളീയരുടെ കപടസദാചാര മൂല്യങ്ങളിലേ ക്കാണ് വിരൽ ചൂണ്ടുന്നത്. തുറ ന്നെഴുത്തിന്റെ പേരിൽ മാധവികുട്ടിയെ മലയാളികൾ ക്രൂശിലേറ്റിയിരുന്നു.പുരുഷാധിപ ത്യത്തിനെതിരെ ശക്തമായ രച നകൾ നടത്തിയ കെ.സരസ്വതി

യമ്മ എന്ന ആദ്യകാല കഥാകാരി പൊതുജനത്തിന്റെയും കുടുംബത്തിന്റെയും മാനസിക പിന്തുണ ഒരു ഘട്ടത്തിലും ഇല്ലാതെ വന്നതോടെ എഴുത്ത് നിർത്തി. **ഉച്ചവെയിലും ഇളനിലാവും ഖണ്ഡശ:** പ്രസിദ്ധീകരിച്ചു വന്നിരുന്നത് നിർത്തി വയ്ക്കാൻ ആവശ്യപ്പെട്ടതിനു ശേഷമാണ് പ്രശസ്ത കഥാകാരി രാജലക്ഷ്മി ആത്മഹത്യ ചെയ്തത്. എഴുതാതിരിക്കാൻ വയ്യ, ജീവിച്ചിരുന്നാൽ ഇനിയും പലരെ കുറിച്ചും എഴുതും. അതുകൊണ്ട് ഞാൻ ഈ ലോകത്തു നിന്ന് യാത്ര പറയുന്നു. 1965ൽ രാജലക്ഷ്മി എഴുതിവെച്ച ആത്മഹത്യാകുറിപ്പിലെ വാചകങ്ങളാണ് ഇവ.ആവിഷ്കാരത്തിന് വിലക്കുകൾ വീണ ഒരു കലാകാരിയുടെ കലാപമായി രാജലക്ഷ്മിയുടെ ആത്മഹത്യയെ കണക്കാക്കാം. അതിനാലാണ് കവി ഡി. വിനയചന്ദ്രൻ ആത്മഹത്യ ചരിത്രദൗത്യമാകുന്ന ഒന്നാണ് രാജലക്ഷ്മിയുടെത് എന്ന് വിശേഷിപ്പിച്ചത്.

ഓർമയുടെ ഞരമ്പിൽ ഭർത്താവ് ജയിലിലായിരുന്നപ്പോഴാണ് താൻ ആദ്യത്തെ കഥ എഴുതിയതെന്ന് സരസ്വതി എന്ന വൃദ്ധ പെൺകുട്ടിയോട് പറയുന്നുണ്ട്.ഭർത്താവിന്റെ അസാന്നിധ്യമാണ് അവരുടെ കഥാരചനയ്ക്കുള്ള ഭൗതിക സാഹചര്യം ഒരുക്കിയത്. സ്ത്രീയുടെ സർഗാത്മകമായ കഴിവുകൾക്ക് ഏറ്റവും വലിയ വിലങ്ങുതടികളാകുന്നത് പുരുഷാധിപത്യസമൂഹം വാർത്തെടുത്ത കുടുംബഘടനയാണ്, ഗാർഹിക ജോലികളെല്ലാം സ്ത്രീകളിൽ അടിച്ചേൽപ്പിക്കുന്നത് പുരുഷൻ പുറത്തു പോയി അദ്ധ്വാനിച്ചു കൊണ്ടുവരുവാനും സ്ത്രീ വീടിന്റെ അകത്തളങ്ങളിൽ മാത്രം ഒതുങ്ങിയിരിക്കുവാനുമാണ് എന്ന പഴഞ്ചൻ കാഴ്ചപ്പാടിലാണ്. സ്ത്രീകൾ എന്നാൽ കുട്ടികളെ പ്രസവിച്ച് വളർത്താനും, വീട്ടുജോലികൾ ചെയ്യാനുള്ളവരുമാണെന്ന യാഥാ

**ആദ്യകാല എഴുത്തുകാരികൾ പലരും കുടുംബത്തിന്റെ ലോകത്ത് ഒതുങ്ങിയാണ് എഴുത്ത് അവസാനിപ്പിക്കേണ്ടി വന്നത്. സ്ത്രീത്വത്തിന്റെ ഉന്നത ലക്ഷ്യമായി മാതൃത്വത്തെ മഹത്വവൽക്കരിക്കുന്നതോടൊപ്പം അവളുടെ സർഗാത്മകശേഷികൾ പലതും തമസ്കരിക്കുകയാണ് കൂട്ടുകുടുംബവ്യവസ്ഥ ചെയ്തിരുന്നത്.മാതൃത്വം മഹനീയമാണ്. എന്നാൽ വിവാഹമോ, മാതൃത്വമോ അല്ല സ്ത്രീജീവിതത്തിന്റെ ആത്യന്തികലക്ഷ്യങ്ങൾ എന്ന് പുതുതലമുറയിലെ  പെൺകുട്ടികൾ മനസ്സിലാക്കുന്നുണ്ട്.**

സ്ഥിതിക വീക്ഷണം **ഓർമയുടെ ഞരമ്പിലും** കാണാം. ഇത്തരം യാഥാസ്ഥിതികത്വമനോഭാവം പുലർത്തിയിരുന്ന ഭർത്തൃഗൃഹത്തിൽ എഴുത്ത് എന്നത് സരസ്വതിയെ സംബന്ധിച്ച് വളരെ നിഗൂഢമായ ഒരു പ്രവർത്തനമായിരുന്നു. ഇവിടുത്തെ അമ്മ കാണാതെ രാത്രില് ദാ മുറീടെ മൂലേല് വിളക്ക് കത്തിച്ച് വായിച്ചിരുന്ന് എഴുത്യ കഥ. ഇവിടുത്തെ അമ്മയ്ക്ക് എഴുതണതും വായിക്കണതും കണ്ടാൽ കലിയിളകും. അതുകൊണ്ടു തറവാട്ടിലേക്ക് എന്താപ്രയോജനംന്ന് അമ്മ ചോദിക്കും.

5. എന്തിനാ പാട്ടും കഥോം ? അമ്മ പറേണതു പോലെ, പെണ്ണായാൽ ചോറും കറീം വയ്ക്കണം, പെറണം....

6. ഞാനും കൂടിപോയാൽ പശുക്കളെ ആര് നോക്കും. അച്ഛന്റെ അസ്ഥിതറയിൽ ആര് തിരികൊളുത്തും എന്നൊക്കെ ചോദിച്ചു ഇവിടുത്തെ അമ്മ..... ഏതായാലും എന്റെ പോക്ക് നടന്നില്ല.

7. ഈ സന്ദർഭങ്ങളെല്ലാം തന്നെ സരസ്വതിയുടെ ഭർത്താവും ഭർത്തൃകുടുംബവും വിച്ചുപുലർത്തിയിരുന്ന യാഥാസ്ഥിതിക വീക്ഷണത്തെ തുറന്നു കാണിക്കുന്നവയാണ്. മാതൃത്വത്തെ മഹത്വവൽക്കരിച്ച് സ്ത്രീയെ ബന്ധനസ്ഥയാക്കുകയാണ് സമൂഹം പലപ്പോഴും ചെയ്തിരുന്നത്. ആദ്യകാല എഴുത്തുകാരികൾ പലരും കുടുംബത്തിന്റെ ലോകത്ത് ഒതുങ്ങിയാണ് എഴുത്ത് അവസാനിപ്പിക്കേണ്ടി വന്നത്. സ്ത്രീത്വത്തിന്റെ ഉന്നത ലക്ഷ്യമായി മാതൃത്വത്തെ മഹത്വവൽക്കരിക്കുന്നതോടൊപ്പം അവളുടെ സർഗാത്മകശേഷികൾ പലതും തമസ്കരിക്കുകയാണ് കൂട്ടുകുടുംബവ്യവസ്ഥ ചെയ്തിരുന്നത്.മാതൃത്വം മഹനീയമാണ്. എന്നാൽ വിവാഹമോ, മാതൃത്വമോ അല്ല സ്ത്രീജീവിതത്തിന്റെ ആത്യന്തികലക്ഷ്യങ്ങൾ എന്ന് പുതുതലമുറയിലെ പെൺകുട്ടികൾ മനസ്സിലാക്കുന്നുണ്ട്. പുരുഷന്റെ അപ്രീതിയേയും, കർശനമായ അടിച്ചമർത്തലുകളെയും അതിജീവിച്ചു കൊണ്ടാണ് സ്ത്രീ, സാഹിത്യലോകത്ത് കടന്നു വരുന്നത് എന്നതിനാൽ,അവരുടെ ഓരോ രചനാശ്രമവും പുരുഷാധിപത്യത്തിനെതിരായ വെല്ലുവിളികളായി വ്യഖ്യാനിക്കപ്പെടേണ്ടതുണ്ട് 8എന്ന ഡോ. ജി. ഹേമലതാദേവിയുടെ അഭിപ്രായം ഇവിടെ പ്രസക്തമാണ്. ഓർമയുടെ ഞരമ്പിലെ സരസ്വതിയുടെ

ആവിഷ്ക്കാര സ്വതന്ത്ര്യത്തിനു വിലങ്ങുതടിയായി നിന്നത് പുരുഷാധിപത്യസമൂഹമാണ്. അതിനാൽ അവരുടെ രഹസ്യപ്രവർത്തനമായിരുന്ന എഴുത്തിനെ പുരുഷാധിപത്യ സമൂഹത്തിനു നേരെയുള്ള വെല്ലുവിളിയായി കണക്കാക്കാം. വ്യാജപേരിൽ കഥകൾ എഴുതിയിരുന്ന അവരെ തേടി അംഗീകാരം എത്തിയപ്പോൾ കഥകൾ താൻ എഴുതിയതാണെന്ന പേരിൽ ഭർത്താവ് ആ അംഗീകാരം തട്ടിയെടുക്കുകയാണുണ്ടായത്. എന്നാൽ ഇത്, താനെഴുതിയ ഒരു കഥയെന്ന മട്ടിലാണ് വൃദ്ധ പെൺകുട്ടിയോട് പറയുന്നത്.

മൂന്നാമത്തെ കഥയായ ദുർമരണത്തെ കുറിച്ചാണ് വൃദ്ധ പെൺകുട്ടിയോട് പിന്നീട് പറയുന്നത്. കഴുത്തിൽ കുരുക്കിട്ട് ആത്മഹത്യ ചെയ്യാനൊരുങ്ങിയതും ഞരമ്പ് തെറ്റി അവരുടെ ഓർമ്മകളുടെ താളം നഷ്ടമായതുമെല്ലാമാണ് ധ്വന്യാത്മകമായി ദുർമരണം എന്ന ശീർഷകത്തിലൂടെ സൂചിപ്പിക്കുന്നത്. കഴുത്തിൽ കുരുക്കിടുമ്പോൾ ഞരമ്പ് കൃത്യമായിരിക്കണം എന്ന് വൃദ്ധ സൂചിപ്പിക്കുന്നുണ്ട്. വൃദ്ധയെ ആത്മഹത്യശ്രമത്തിലേക്ക് നയിച്ച കാര്യങ്ങൾ എന്തെന്ന കൃത്യമായ വിവരങ്ങൾ കഥയിലില്ല . തന്റെ എഴുത്തിനെ എതിർത്ത ഭർത്താവിനോടും, ഭർത്തൃവീട്ടുകാരോടുമുള്ള വൃദ്ധയുടെ കലാപമായിട്ട് ആ ആത്മഹത്യ ശ്രമത്തെ വ്യാഖ്യാനിക്കാവുന്നതാണ്. ആത്മഹത്യാശ്രമം എന്നത് ആ വൃദ്ധയുടെ സർഗാത്മകമായ മരണം തന്നെയാണെന്ന് പറയാം. എന്നാൽ എന്തുകൊണ്ട് ഈ വൃദ്ധ വൈവാഹിക ജീവിതത്തിൽ നിന്നു മാറി നിന്നു സ്വതന്ത്രമായി ജീവിക്കാൻ തയ്യാറായില്ല എന്ന ഒരു ചോദ്യം ഉയർന്നു വരാം. സാമ്പത്തികമായി ഭർത്തൃസഹായം ഇല്ലാതെ കഴിയാൻ സാധിക്കാതെ വന്നതാകാം അതിനു കാരണം. വിവാഹം സ്ത്രീക്ക് സംരക്ഷണവും സ്നേഹവും നൽകുന്നുവെന്ന് പൊതുവെ വിശ്വസിക്കപ്പെടുന്നു. വിധേയത്വവും നിത്യാധ്വാനവും മാത്രം വിധിക്കപ്പെട്ട ഒരു വ്യക്തിക്കു നൽകുന്ന സംരക്ഷണവും സ്നേഹവുമാണതെന്ന് സൂക്ഷ്മമായി നോക്കിയാൽ വ്യക്തമാകും. വിവാഹത്തെ തകർച്ചയിൽ നിന്നും മോചിപ്പിക്കുവാൻ മറ്റു ഘടകങ്ങളൊന്നുമില്ലെന്നു വന്നപ്പോൾ കൃത്രിമമായി കൂട്ടിച്ചോർക്കപ്പെട്ട ഒന്നായിരുന്നു കാൽപനിക പ്രണയമെന്ന് പല പാഠങ്ങളും തെളിച്ചിട്ടുണ്ട്. 9വിവാഹത്തിലൂടെ വിധേയത്വവും നിത്യാധ്വാനവും വിധിക്കപ്പെട്ട സരസ്വതിക്ക് തന്റെ ആവിഷ്ക്കാരസ്വതന്ത്ര്യത്തിന് വിലക്ക് വന്നപ്പോൾ ഭർത്തൃസ്നേഹം, സംരക്ഷണം എന്നിവയെക്കാൾ തന്റെ സ്വത്വത്തിന് വില കൽപ്പിക്കേണ്ടതായി വന്നു. ഇത്തരമൊരു സ്വത്വസംഘർഷമാകാം അവരെ ആത്മഹത്യാ ശ്രമത്തിലേക്കു നയിച്ചത്. ചുവന്ന ചട്ടയുള്ള കാണാതായ അവരുടെ നോട്ടുപുസ്തകം പല സൂചനകളിലേക്കും വായനക്കാരെ നയിക്കുന്നു.

കഴിഞ്ഞ നൂറ്റാണ്ടിലെ ഏറ്റവും പ്രധാനപ്പെട്ട തത്ത്വചിന്താപരമായ പ്രശ്നം ആത്മഹത്യയാണെന്ന് പ്രഖ്യാപിച്ച കമ്യു, എല്ലാ മികച്ച കലാസൃഷ്ടിയുമെന്ന പോലെ സ്വയം ഹത്യയും ഹൃദയത്തിന്റെ നിശബ്ദതയിൽ നിന്നാണ് ജനിക്കുന്നതെന്ന് ചൂണ്ടികാണിക്കുകയുണ്ടായി. ഒരു കലാകാരന്റെ/കലാകാരിയുടെ ആത്മഹത്യയാണെങ്കിൽ അതിന് സാധാരണക്കാരന്റെ ആത്മഹത്യയിൽ നിന്ന് വ്യത്യസ്തമായ ദൗത്യങ്ങളുണ്ടാവാം. വെർജിനീയ വൂൾഫ്, സിൽവിയാ പ്ലാത്ത്,വിൻസെന്റ് വാൻഗോഗ്, മയക്കോവ്സ്കി തുടങ്ങിയ സർഗപ്രതിഭകളുടെ ജീവിത ത്യാഗങ്ങളെല്ലാം ഇതിന് ഉദാഹരണങ്ങളാണ്. മലയാളത്തിൽ ഇടപ്പള്ളി രാഘവൻപ്പിള്ള, രാജലക്ഷ്മി, നന്തനാർ,ടി.പി. കിഷോർ തുടങ്ങി ആത്മഹത്യ ചെയ്ത എഴുത്തുകാരുടെ നീണ്ടനിര ഉണ്ട്. വൈയക്തിക പ്രശനങ്ങളെക്കാൾ,സർഗാത്മകമായി ബന്ധപ്പെട്ടിരിക്കുന്നു എന്നതാണ് ഈ ആത്മഹത്യകളുടെ പെതുവായ സവിശേഷത.സർഗ്ഗാത്മകതയും ഉന്മാദവും,സർഗാത്മകതയും ആത്മഹത്യയും എന്നീ വിഷയങ്ങളിൽ നിരവധിപ്പഠനങ്ങൾ നടന്നീട്ടുണ്ട്. **ഓർമയുടെ ഞരമ്പിലെ** എഴുത്തുകാരിയായ സരസ്വതിയുടെ ആത്മഹത്യാശ്രമത്തെ ഇതിനോട് ചേർത്തുവയ്ക്കാവുന്നതാണ്. എഴുത്തുകാരിയുടെ ആത്മഹത്യാശ്രമങ്ങൾ അസഹനീയമായ വിഷാദത്തിന്റെ പരകോടിയാണ്. മോചനമില്ലാത്ത നിരാശയും അപ്രസക്തവും പ്രത്യശാരഹിതവുമായ ജീവിതത്തിലെ വികാരങ്ങളും

**വിവാഹത്തെ തകർച്ചയിൽ നിന്നും മോചിപ്പിക്കുവാൻ മറ്റു ഘടകങ്ങളൊന്നുമില്ലെന്നു വന്നപ്പോൾ കൃത്രിമമായി കൂട്ടിച്ചോർക്കപ്പെട്ട ഒന്നായിരുന്നു കാൽപനിക പ്രണയമെന്ന് പല പാഠങ്ങളും തെളിച്ചിട്ടുണ്ട്. വിവാഹത്തിലൂടെ വിധേയത്വവും നിത്യാധ്വാനവും വിധിക്കപ്പെട്ട സരസ്വതിക്ക് തന്റെ ആവിഷ്ക്കാരസ്വതന്ത്ര്യത്തിന് വിലക്ക് വന്നപ്പോൾ ഭർത്തൃസ്നേഹം, സംരക്ഷണം എന്നിവയെക്കാൾ തന്റെ സ്വത്വത്തിന് വില കൽപ്പിക്കേണ്ടതായി വന്നു.**

ആത്മഹത്യയിൽ അവസാനിക്കുന്നു 10. സരസ്വതിയുടെ എഴുത്തുജീവിതത്തിൽ നേരിട്ട എതിർപ്പുകളാണ് അവരുടെ ആത്മഹത്യശ്രമത്തിൽ കലാശിച്ചത്. എന്നാൽ പുതുതലമുറയിലെ പെൺകുട്ടിയുടെ അനുഭവവും വൃദ്ധയുടെതിൽ നിന്ന് വലിയ അന്തരമില്ല എന്ന സൂചനോയോടെയാണ് കഥ അവസാനിക്കുന്നത്. ഇത് കഥയുടെ പ്രതിലോമകരമായ ഒരു വശമാണെന്ന് പറയാം. ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങളും,സാക്ഷരതാ പ്രവർത്തനങ്ങളും ഏറെ മുന്നിട്ടു നിൽക്കുന്ന കേരളം പോലൊരു സംസ്ഥാനത്തിൽ സ്ത്രീജീവിതങ്ങൾ അടിമകൾക്കു സമാനമാണെന്ന പുരുഷപക്ഷ വീക്ഷണത്തോടെയാണ് കഥ അവസാനിക്കുന്നത്. പുതിയ തലമുറയിലെ പെൺകുട്ടികളെ കരുത്തിന്റെയും പ്രതിരോധത്തിന്റെയും ചിഹ്നങ്ങളായി ആവിഷ്ക്കരിക്കാതെ, ആത്മഹത്യ ചെയ്യാനുള്ള ഞരമ്പ് ഏതെന്ന് കൃത്യമായി കണ്ടുപിടിക്കുന്നവർ മാത്രമായി ഒതുക്കിക്കളയുകയല്ലേ കഥാകാരി ചെയ്തത് ?

ആവിഷ്കാരസ്വാതന്ത്ര്യം പ്രമേയമായ മറ്റൊരു കഥയാണ് കെ.രേഖയുടെ **നല്ല നടി.** ഇതിൽ പ്രധാന കഥാപാത്രമായിരുന്ന സുജാതയുടെ കവിതാവാസനയാണ് അവളുടെ ജീവിതത്തിന്റെ ഗതി മാറ്റിയത്. കൗമാരകാലഘട്ടത്തിൽ അവൾ രഹസ്യമായി എഴുതിയിരുന്ന പ്രണയകവിതകളുടെ നോട്ട്ബുക്ക് നാട്ടിൽ പ്രചരിച്ചപ്പോൾ വീട്ടുകാർ അവളെ ഉടനെ വിവാഹം കഴിപ്പിക്കുകയാണുണ്ടായത്. പ്രണയ കവിതകൾ എഴുതുന്ന അവൾ വഴിതെറ്റി പോകാൻ സാധ്യതയുണ്ട് എന്ന യാഥാസ്ഥിതിക വീക്ഷണമാണ് അവളുടെ ജീവിതത്തെ തടവറയിലാക്കിയത്. എഴുത്ത് എന്നത് സ്ത്രീകൾക്ക് പൗരാണിക കാലം മുതൽക്കേ വിലക്കപ്പെട്ട ഒന്നായിരുന്നു. ലോകത്തിലെ ഏതുഭാഷയിലെയും സ്ത്രീകൾക്ക് എഴുത്തിൽ നേരിടേണ്ടിവന്ന വെല്ലുവിളികൾക്ക് സമാനസ്വഭാവമുണ്ട്.കുടുംബത്തിന്റെ വിലക്കും,സമൂഹത്തിന്റെ വിലക്കും,രാഷ്ട്രത്തിന്റെ വിലക്കുമെല്ലാം അതിൽ ഉൾപ്പെടും.രേഖയുടെ കഥയിലെ സുജാതയ്ക്ക് വിവാഹത്തോടുകൂടി കവിതയെഴുത്ത് അവസാനിപ്പിക്കേണ്ടിവന്നു. എന്നാൽ ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന് ഏറ്റ വിഘാതം അവളെ ആന്തരിക സംഘർഷത്തിന് അടിമയാക്കി.

**കേവലം വീട്ടമ്മയായി ഒതുങ്ങിയിരുന്ന സുജാതയ്ക്ക് അവളിലെ സൃഷ്ട്യുൻമുഖതയെ പരിപൂർണമാക്കാൻ സാധിച്ചത് നാടകാഭിനയത്തിലൂടെയാണ്. വിവാഹത്തിനുമുമ്പ് കഥകൾ എഴുതിയിരുന്ന അവൾ വിവാഹാനന്തരം എഴുതിയതായി കഥയിൽ സൂചനയില്ല. പുരുഷൻമാരെഴുതു പോലെ എന്തും തുറന്നെഴുതുന്നതിലുള്ള വിലക്കുകൾ,സ്വന്തം കുടുംബജീവിതം തകരാറിലാകുമോ എന്ന ഭീതി, പൊതുജീവിതവുമായി പരിചയപ്പെടാനുള്ള അവസരങ്ങളുടെ കുറവ് ഇവയൊക്കെ സ്ത്രീകളുടെ സാഹിത്യവിജയത്തിന് തടസ്സമാകുന്നുണ്ട്.**

ബോധം... നിരസനത്തിന്റെയും നിഷേധത്തിന്റെയും സ്ഥിരമായ സാദ്ധ്യതയാണ്. അത് ഒരിക്കലും ലഭിക്കാത്ത ഐഡന്റിറ്റിക്കുവേണ്ടിയുള്ള നിരന്തരമായ അന്വേഷണമാണ് എന്ന് സഭാജിത്മിശ്ര ചൂണ്ടിക്കാട്ടുന്നു .11 ഇത്തരത്തിൽ തന്റെ സ്വത്തിന് വേണ്ടിയുള്ള അന്വേഷണമാണ് സുജാതയെ ചികിത്സയ്ക്കെന്ന് നുണ പറഞ്ഞ് ഭർത്തൃഗൃഹം വിട്ടിറങ്ങാനും, നാട്ടിൽ തനിക്ക് പരിചയമുള്ള നാടകസംഘത്തിനൊപ്പം ചേരാനും പ്രേരണയായത്. ഭർത്തൃഗൃഹത്തിലെ ഏകാന്തതയും, അവഗണനയും അവളിലെ സർഗ്ഗശേഷിയെ തളർത്തിയില്ല. നാടകസംഘത്തിനൊപ്പം തെരുവുനാടകം അവതരിപ്പിക്കുന്ന അവൾ തന്നിലെ അഭിനേത്രിയെ മറ്റുള്ളവർ അഭിനന്ദിക്കുമ്പോൾ ഒരു കലാകാരിയുടെ ആത്മഹർഷം കണ്ടെത്തുന്നു. എന്നാൽ ഭർത്താവിന്റെ സുഹൃത്ത് അവളെ തെരുവിൽ കണ്ടെത്തി വിവരമറിയിക്കുന്നതോടെ ആ ആനന്ദം അവസാനിക്കുന്നു.

കേവലം വീട്ടമ്മയായി ഒതുങ്ങിയിരുന്ന സുജാതയ്ക്ക് അവളിലെ സൃഷ്ട്യുൻ മുഖതയെ പരിപൂർണമാക്കാൻ സാധിച്ചത് നാടകാഭിനയത്തിലൂടെയാണ്.വിവാഹത്തിനുമുമ്പ് കഥകൾ എഴുതിയിരുന്ന അവൾ വിവാഹാനന്തരം എഴുതിയതായി കഥയിൽ സൂചനയില്ല. പുരുഷൻമാരെഴുതു പോലെ എന്തും തുറന്നെഴുതുന്നതിലുള്ള വിലക്കുകൾ, സ്വന്തം കുടുംബജീവിതം തകരാറിലാകുമോ എന്ന ഭീതി, പൊതുജീവിതവുമായി പരിചയപ്പെടാനുള്ള അവസരങ്ങളുടെ കുറവ് ഇവയൊക്കെ സ്ത്രീകളുടെ സാഹിത്യവിജയത്തിന് തടസ്സമാകുന്നുണ്ട്. എന്നാൽ ജോലിയിൽനിന്നും സ്വയം വിരമിച്ച അവൾ വീണ്ടും എഴുത്തിലേക്ക് വരുന്നു. സുജാതയുടെ സർഗാത്മകമായ കഴിവുകൾ അവളുടെ നാടകാഭിനയത്തിലൂടെ സാക്ഷാത്കരിക്കാൻ ശ്രമിക്കുന്നതായി കഥയിൽ കാണാം. സുജാതയുടെ നെടുവീർപ്പുകളും ആത്മഗതങ്ങളും നാടക സംഘത്തിൽ

തമാശകളായി പരിഗണിക്കപ്പെട്ടു.ഒരു പ്രയോജനവുമുണ്ടാകില്ലെന്നു കരുതി സുജാത സൂക്ഷിച്ചിരുന്ന കുറിപ്പുകൾ നാടകസംഘത്തിൽ പലപ്പോഴും ചർച്ചയായി. അങ്ങനെ സുജാതയ്ക്ക് ഈ ലോകത്തോട് മുഴുവൻ പ്രേമം തോന്നി തുടങ്ങി എന്ന് കഥയിൽ പറയുന്നുണ്ട്. സ്ത്രീയുടെ ലോകം കുടുംബത്തിൽ നിന്നും പുറത്തേക്കു വ്യാപിക്കുമ്പോൾ അവളുടെ വ്യക്തിത്വത്തിനുണ്ടാകുന്ന വികാസമാണ് ഇതിലൂടെ വെളിവാകുന്നത്. എന്നും ഒരേ രീതിയിൽ വിരസതാളത്തിൽ നീങ്ങിയ ജീവിതം സുജാതക്ക് അർത്ഥവത്തായി തോന്നിയത് നാടകസംഘത്തിനോടൊപ്പം ചേർന്നപ്പോഴാണ്.ജോലിയിൽ നിന്നും കുടുംബത്തിനു വേണ്ടി സ്വയം വിരമിച്ചു കഴിയവേ ആണ് സുജാത ജീവിതത്തിൽ പറയാതെ സൂക്ഷിച്ച ഡയലോഗുകൾ നാടകരൂപത്തിൽ എഴുതിത്തുടങ്ങിയത്. പിന്നീട് ഒരു തെരുവുനാടകസംഘവുമായി ബന്ധം സ്ഥാപിച്ച് ചികിത്സക്കെന്ന വ്യാജേന വീട്ടിൽ നിന്നിറങ്ങിയതാണവൾ. എന്നാൽ കള്ളം പിടിക്കപ്പെട്ടതോടെ അവളുടെ ജീവിതം കൂട്ടിലടക്കപ്പെട്ട കിളിയുടേതായി. തുടർന്നുള്ള അവളുടെ ജീവിതം നാടകത്തിലെ രംഗങ്ങൾ എന്ന പോലെയാണ് ആഖ്യാനം ചെയ്തിരിക്കുന്നത്. മനോരോഗിയായി മുദ്രകുത്തി സുജാതയെ സൈക്യാട്രിസ്റ്റിനടുത്ത് കൊണ്ടു പോകുന്നു.പ്രണയരഹിതമായുള്ള അവളുടെ ദാമ്പത്യത്തെ കുറിച്ചുള്ള സൂചനകൾ കഥയിലുണ്ട്. വിരമിക്കുന്ന വേളയിൽ സഹപ്രവർത്തകർ അവളെ **ഉത്തമകുടുംബിനി**യായി പ്രശംസിക്കുന്നുണ്ട്.എന്നാൽ തന്റെ ആത്മാർത്ഥ സേവനങ്ങളെ അവർ പരിഗണിച്ചില്ല എന്നവൾ മനസ്സിലാക്കുന്നുമുണ്ട്.

കുടുംബം എന്ന വ്യവസ്ഥയിൽ നിന്നു മാറി സ്വതന്ത്രമായി നാടക പ്രവർത്തനങ്ങളിൽ

**കുടുംബം എന്ന വ്യവസ്ഥയിൽ നിന്നു മാറി സ്വതന്ത്രമായി നാടക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടപ്പോഴാണ് സുജാതയെ മനോരോഗിയായി ചിത്രീകരിച്ചതും, സൈക്യാട്രിസ്റ്റിനെ കാണിക്കുന്നതും. തന്റെ ഉള്ളിലുണ്ടായിരുന്ന സർഗ്ഗാത്മകമായ കഴിവുകളെ വിവാഹശേഷം ദമനം ചെയ്ത് ജീവിച്ചവളാണ് സുജാത. ഒടുവിൽ അവൾ കുടുംബം എന്ന വ്യവസ്ഥക്ക് പുറത്തു പോകാൻ തുനിയുന്നത് അവളിലെ സർഗ്ഗാത്മക വ്യക്തിത്വത്തിന്റെ പ്രതിഷേധം കൂടിയാണ്.**

ഏർപ്പെട്ടപ്പോഴാണ് സുജാതയെ മനോരോഗിയായി ചിത്രീകരിച്ചതും, സൈക്യാട്രിസ്റ്റിനെ കാണിക്കുന്നതും. തന്റെ ഉള്ളിലുണ്ടായിരുന്ന സർഗ്ഗാത്മകമായ കഴിവുകളെ വിവാഹശേഷം ദമനം ചെയ്ത് ജീവിച്ചവളാണ് സുജാത. ഒടുവിൽ അവൾ കുടുംബം എന്ന വ്യവസ്ഥക്ക് പുറത്തു പോകാൻ തുനിയുന്നത് അവളിലെ സർഗ്ഗാത്മക വ്യക്തിത്വത്തിന്റെ പ്രതിഷേധം കൂടിയാണ്. എന്നാൽ കഥയുടെ അവസാനം വായനക്കാരന് വിട്ടുകൊടുത്തുകൊണ്ടാണ് കഥ അവസാനിക്കുന്നത്. സുജാതയുടെ ആത്മഹത്യയോ, ഇറങ്ങിപ്പോക്കോ എങ്ങനെ വേണമെങ്കിലും കഥ അവസാനിപ്പിക്കാമെന്ന് കഥാകൃത്ത് പറയുന്നുണ്ട്. കഥാന്ത്യം വായമക്കാരന് പൂരിപ്പിക്കാൻ വിടുന്നത് ഉത്തരാധുനികമായ ഒരു ആഖ്യാനതന്ത്രമാണ്. എന്നാൽ ഈ കഥയിൽ സുജാത എന്ന കഥാപാത്രത്തിന്റെ സ്വത്വാന്വേഷണം പൂർണമാകുന്നുണ്ടോ എന്ന് വ്യക്തമാവുന്നില്ല. നാടകത്തെയാണ് സ്വത്വാന്വേഷണത്തിനുള്ള ഉപാധിയായി അവൾ കണ്ടെത്തിയത്. എന്നാൽ എഴുത്തുകാരി എന്ന അവളുടെ സ്വത്വത്തെ ഇല്ലായ്മ ചെയ്യാൻ കുടുംബം ശ്രമിച്ചതാണ് അവളുടെ വിവാഹത്തിൽ കലാശിച്ചത്. കുടുംബം,കുട്ടികൾ,ഭർത്താവ്,പ്രേമം എല്ലാം ചില കുറ്റങ്ങൾക്ക് ലഭിക്കുന്ന ശിക്ഷകളായിട്ടാണ് അവൾക്ക് അനുഭവപ്പെട്ടത്. കുടുംബം എന്ന ഉണക്കമരത്തിൽ എളുപ്പം ചാരിവെക്കാവുന്ന ഏണി മാത്രമാണ് പെണ്ണുങ്ങളെന്ന് വരുത്തിത്തീർത്താൽ എല്ലാമായി 13 എന്ന് കഥയിൽ പറയുന്നുണ്ട്. അവളുടെ ആവിഷ്കാരസ്വാതന്ത്ര്യത്തിനാണ് വിവാഹത്തിലൂടെ വിലങ്ങ് വീണത്. ഇതേ ആവിഷ്ക്കാരസ്വാതന്ത്ര്യത്തിന്റെ പൂരണത്തിനായിട്ടാണ് വിരമിച്ചതിനു ശേഷം നുണ പറഞ്ഞ് അവൾ ഭർത്തൃഗൃഹത്തിൽ നിന്നിറങ്ങിയതും. കുടുംബം സ്ത്രീയുടെ ആവിഷ്ക്കാരസ്വാതന്ത്ര്യത്തിന് പ്രതിബന്ധമാകുന്നത് ഈ കഥയിലും കാണാം.

**ഓർമയുടെ ഞരമ്പി**ലും **നല്ലനടി**യിലും കുടുംബം സ്ത്രീകളുടെ ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന് വിലങ്ങു തീർക്കുന്നതായി കാണാം. ഓർമയുടെ ഞരമ്പിലെ സരസ്വതി ആത്മഹത്യയിലൂടെ അതിനെ പ്രതിരോധിക്കാൻ ശ്രമിച്ചപ്പോൾ നല്ലനടിയിലെ സുജാതയാകട്ടെ തെരുവ് നാടകസംഘത്തിനൊപ്പം ചേർന്ന് നാടകങ്ങളിൽ എഴുതുകയും അഭിനയിക്കുകയുമാണുണ്ടായത്. എന്നാൽ ഭർത്താവ് അവളെ ഉന്മാദിനിയെന്ന് പറഞ്ഞ് മനോരോഗവിദഗ്ധന്റെ അടുത്തേക്ക് കൊണ്ടുപോകയാണുണ്ടായത്. രണ്ടു കഥകളിലും

ഭാര്യ-ഭർത്തൃബന്ധം അടിമ-ഉടമബന്ധം പോലെയായിരുന്നു എന്ന് കഥകൾ സൂചിപ്പിക്കുന്നുണ്ട്. അസംതൃപ്ത ദാമ്പത്യവും ആവിഷ്ക്കാര സ്വതന്ത്ര്യമില്ലായ്മയും രണ്ടു കഥകളുടെയും പൊതുസവിശേഷതയാണ്. രണ്ടു കഥകളിലെയും സ്ത്രീകഥാപാത്രങ്ങൾ സാധാരണമനോനിലയിൽ നിന്ന് വ്യത്യസ്തമായി കടന്നു പോകുന്നവരാണ്. ചുരുക്കത്തിൽ ഓർമയുടെ ഞരമ്പും നല്ലനടിയും വിഷാദഭരിതവും, അസംതൃപ്തവുമായ സ്ത്രൈണ ചേതനകളെ ആവിഷ്ക്കരിക്കുന്നു. ●

*ഗ്രന്ഥസൂചി.*


*1. പെരുമാൾ മുരുകൻ,2015,പച്ചക്കുതിര മാസിക, ഫെബ്രുവരി ലക്കം.*

*2. കമലാസുറയ്യ,2003,സാംസ്ക്കാരിക ഫാഷിസം:ഒരു എഴുത്തച്ഛൻ പുരസ്ക്കാരം സ്വീകരിച്ച് കമല നടത്തിയ പ്രസംഗം,പാപ്പിയോൺ,കോഴിക്കോട് പുറം 78.*

*3. രശ്മി ബിനോയ്,2008,ചരിത്രത്തിലെ പെണ്ണിടങ്ങൾ ആധുനിക സ്ത്രീപഠനത്തിന് ഒരാ മുഖം,കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം പുറം 79.*

*4. വിനയചന്ദ്രൻ.ഡി,2014,ആത്മഹത്യ, എഡി:ഷാനവാസ്.എൻ.പി പ്രണതബുക്സ്, കൊച്ചി പുറം 95.*

*5. മീര.കെ.ആർ,2014,ഓർമയുടെ ഞരമ്പ്, കറന്റ് ബുക്ക്സ്, കോട്ടയം പുറം 45.*

*6. മീര.കെ.ആർ,2014,ഓർമയുടെ ഞരമ്പ്, കറന്റ് ബുക്സ്, കോട്ടയം പുറം 46.*

*7. മീര.കെ.ആർ,2014,ഓർമയുടെ ഞരമ്പ്, കറന്റ് ബുക്സ്, കോട്ടയം പുറം 47.*

*8. രശ്മി ബിനോയ്,2008, ചരിത്രത്തിലെ പെണ്ണിടങ്ങൾ,ആധുനിക സ്ത്രീപഠനത്തിന് ഒരാമുഖം, പുറം 75.*

*9. എൻ.കെ.രവീന്ദ്രൻ,2010,പെണ്ണെഴുതുന്ന ജീവിതം,മാതൃഭൂമി ബുക്സ്,കോഴിക്കോട്, പുറം 117.*


*10. പ്രശാന്ത് കുമാർ.എൻ, 2008, സ്ത്രീരചനയുടെ സൗന്ദര്യശാസ്ത്രം റെയ്ൻബോ പബ്ലിഷേഴ്സ് ചങ്ങനാശ്ശേരി പുറം 75.*

*11. നുജും.എ, 2006, പെണ്ണും അധികാരവും,ഒലീവ് ബുക്ക്സ് കോഴിക്കോട്, പുറം 154.*

*12. സച്ചിദാനന്ദൻ, 2011, പാപത്തറ, അവതാരിക,കറന്റ് ബുക്സ്,തൃശ്ശൂർ പുറം 17.*

*13. രേഖ.കെ,2014,നല്ല നടി,നിന്നിൽ ചാരുന്നനേരത്ത്, മാതൃഭൂമി ബുക്സ് കോഴിക്കോട് പേജ് 25.*


## ജെറഷാ താമ്പിയ (ശ്രീലങ്ക)



ഞാൻ 6 വർഷമായി ശ്രീലങ്കൻ കോടതിയിൽ പ്രാക്ടീസു ചെയ്യുന്നു. പുരുഷാധിപത്യ പ്രവണതയാണ് ഇവിടെയും. സുപ്രീംകോടതിയിൽ ഒരു വനിതാ ജഡ്ജി മാത്രം. ഞാൻ മൈനോരിറ്റി എത്ത്നിക് ഗ്രൂപ്പിൽപ്പെട്ടയാളാണ്. (തമിഴ്) എനിക്ക് മൂന്ന് ഭാഷകൾ അറിയാം. ആയിരത്തോളം പേർ സ്കൂൾ നിയമബിരുദം എടുക്കുന്നുണ്ടെങ്കിലും വളരെ കുറച്ചു പേർ മാത്രമാണ് പ്രാക്ടീസ് ചെയ്യുന്നത്. കോടതിയിലും മൈനോരിറ്റിയാണ്. ഗാർഹികപീഡനനിരോധന നിയമം-2005, വിവാഹമോചനനിയമം, ജീവനാംശനിയമം1999 എന്നിവയാണ് സ്ത്രീകൾക്ക് വേണ്ടിയുള്ള പ്രധാനനിയമങ്ങൾ എങ്കിലും ജീവനാംശം ലഭിക്കുന്നതിന് വളരെയേറെ ബുദ്ധിമുട്ടു നേരിടുന്നുണ്ട്. ഒരു ഫെമിനിസ്റ്റ് അഭിഭാഷക എന്ന നിലയിൽ സ്ത്രീകൾക്കു വേണ്ടി ധാരാളം കാര്യങ്ങൾ ചെയ്യാനുണ്ട്. ധാരാളം അഭിഭാഷകർ മുന്നോട്ട് വരേണ്ടിയിരിക്കുന്നു. മനുഷ്യാവകാശങ്ങൾ, പൊതുതാല്പര്യഹർജി, വ്യത്യസ്ത കഴിവുള്ളവരുടെ അവകാശങ്ങൾ എന്നിവയെല്ലാം ഞങ്ങൾ ചെയ്യാറുണ്ട്. എന്നാലും അഭിഭാഷകർ സ്ത്രീയെന്ന നിലയിൽ ഇപ്പോഴും പിന്നോക്കാവസ്ഥ അനുഭവിക്കുന്നു.




# ചുട്ടുപൊള്ളുന്ന വല്ലാത്ത കാലം



സീമ ശ്രീലയം

'ആടിമുകിൽമാല കുടിനീരു തിരയുന്നൂ
ആതിരകൾ കുളിരു തിരയുന്നൂ
ആവണികളൊരു കുഞ്ഞുപൂവു തിരയുന്നൂ
ആറുകളൊഴുക്കു തിരയുന്നൂ'

എന്ന് ഭൂമിക്കൊരു ചരമഗീതം എന്ന കവിതയിൽ ഒ.എൻ.വി.കുറുപ്പ് പാടിയത് എത്ര ശരിയാണെന്ന് അനുഭവം നമ്മെ പഠിപ്പിച്ചു കഴിഞ്ഞു. ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനങ്ങളും പേടിപ്പിക്കുന്ന ഒരു യാഥാർഥ്യമാണെന്ന്, അസ്വാഭാവികമായ പലതും പ്രകൃതിയിൽ സംഭവിച്ചുകൊണ്ടിരിക്കുന്നു എന്ന് ചുട്ടുപൊള്ളിക്കൊണ്ടു തന്നെ തിരിച്ചറിയുകയാണ് നമ്മൾ.

ഇക്കഴിഞ്ഞ ഫെബ്രുവരി മാസം താപനിലയിൽ റെക്കോർഡിട്ടാണ് കടന്നുപോയത്.

രേഖപ്പെടുത്തപ്പെട്ടതിൽ വച്ച് ഏറ്റവും ചൂടു കൂടിയ വർഷം (2015), ഏറ്റവും ചൂടു കൂടിയ അഞ്ച് വർഷക്കാലയളവ് , ഏറ്റവും ചൂടു കൂടിയ ദശകം തുടങ്ങിയ റെക്കോഡുകളൊക്കെ ഇതിനകം തന്നെ ഈ നൂറ്റാണ്ടിനു സ്വന്തം! 2016 ൽ ഇതിനെക്കാൾ ചൂടു കൂടാൻ സാധ്യതയുണ്ട് എന്നും കാലാവസ്ഥാ ശാസ്ത്രജ്ഞർ മുന്നറിയിപ്പ് തരുന്നു. രേഖപ്പെടുത്തപ്പെട്ട ഏറ്റവും ചൂടുകൂടിയ പതിനാറു വർഷങ്ങളിൽ പതിനഞ്ചെണ്ണവും ഈ നൂറ്റാണ്ടിലായിരുന്നു.ഇക്കണക്കിനു പോയാൽ താപവർധനവ് രണ്ട് ഡിഗ്രി സെൽഷ്യസിൽ പിടിച്ചു നിർത്തണമെന്ന പാരീസ് ഉടമ്പടിയിലെ വ്യവസ്ഥ കടലാസിൽ ഒതുങ്ങാനാണ് സാധ്യത.അന്തരീക്ഷത്തിൽ ഹരിതഗൃഹ വാതകമായ കാർബൺ ഡൈ ഓക്സൈഡിന്റെ റെക്കോഡ് വർധനയും എൽനിനോ എന്ന കാലാവസ്ഥാ പ്രതിഭാസവുമാ

ണ് പോയ വർഷത്തെ ഇത്രയും ചുട്ടുപൊള്ളിച്ചതെന്ന് ശാസ്ത്രജ്ഞർ പറയുന്നു. മീഥേൻ, നൈട്രസ് ഓക്സൈഡ് തുടങ്ങിയ ഹരിതഗൃഹവാതകങ്ങളുടെ തോതും അന്തരീക്ഷത്തിൽ ഗണ്യമായി വർധിക്കുന്നുവെന്ന് ലോക കാലാവസ്ഥാ സംഘടനയുടെ പഠനങ്ങൾ മുന്നറിയിപ്പ് നൽകുന്നു.

തെക്കെ അമേരിക്ക, യൂറോപ്പ്, മധ്യപൂർവേഷ്യ. വടക്കുകിഴക്കൻ യൂറേഷ്യ, വടക്കെ അമേരിക്കയുടെ പടിഞ്ഞാറു ഭാഗങ്ങൾ എന്നിവിടങ്ങളിലൊക്കെ ഈ നൂറ്റാണ്ടിൽ ചൂടു കൂടി. തീവ്രതയേറിയ താപതരംഗങ്ങളുടെ സാന്നിധ്യം ജീവനു തന്നെ ഭീഷണിയാണ്. കഴിഞ്ഞ വേനലിൽ ആഫ്രിക്കയുടെ വടക്കൻ ഭാഗങ്ങൾ, മധ്യപൂർവ്വേഷ്യ, യൂറോപ്പ് ഡെൻമാർക്ക്, മൊറോക്കോ, ഇറാൻ എന്നിവിടങ്ങളിൽ താപതരംഗങ്ങളുടെ തീവ്രത കൂടുതലായിരുന്നു.തണുപ്പുള്ള ദിനരാത്രങ്ങളുടെ എണ്ണം കുറയുകയും ചൂടുകൂടിയ ദിനരാത്രങ്ങളുടെ എണ്ണം വർധിക്കുകയും ചെയ്യുന്നത് മനുഷ്യാരോഗ്യത്തിനും കൃഷിക്കും ആവാസ വ്യവസ്ഥയ്ക്കും ഉയർത്തുന്ന ഭീഷണി ചെറുതല്ല. സമുദ്രതാപനിലയും ഉയർന്നുകൊണ്ടിരിക്കുകയാണ്. മഞ്ഞുമൂടിക്കിടക്കുന്ന ആർട്ടിക്കിലും താപനില ആശങ്കയുണർത്തും വിധം ഉയരുന്നുണ്ട്. പർവ്വതങ്ങളിലെയും ധ്രുവങ്ങളിലെയും മഞ്ഞുരുകലിന്റെ നിരക്ക് കൂടുമ്പോൾ സമുദ്രജലവിതാനം ഉയരുന്നു എന്ന ഭീഷണി വേറെ.

വർഷങ്ങളും ദശകങ്ങളും കഴിയുമ്പോൾ മഴയുടെയും മഞ്ഞിന്റെയും വിതരണത്തിൽ വ്യതിയാനങ്ങളുണ്ടായിക്കൊണ്ടേയിരിക്കുന്നു. എൽനിനോ , ഹരിതഗൃഹവാതകങ്ങളുടെ പുറന്തള്ളലിലെ വർധനവ് എന്നിവയൊക്കെ കാലാവസ്ഥയിലുണ്ടാക്കുന്ന ഗുരുതരമായ വ്യതിയാനങ്ങൾ ജലചംക്രമണത്തിന്റെ സന്തുലനാവസ്ഥ തകിടം മറിക്കുന്നു. വരണ്ട പ്രദേശങ്ങൾ കൂടുതൽ വരളുകയും ഈർപ്പമുള്ള പ്രദേശങ്ങളിലെ ഈർപ്പം കൂടുകയും ചെയ്യുന്നു. താപവർധനവ് 2 ഡിഗ്രി സെൽഷ്യസിലും കൂടിയാൽ കടുത്ത ജലക്ഷാമത്തിൽ ലോകം ദാഹിച്ചു വലയും. മൂന്നാം ലോകരാജ്യങ്ങളിലെ ജനങ്ങളാണ് ഇതിന്റെ യാതനകൾ കൂടുതലായി അനുഭവിക്കേണ്ടി വരിക. 2015 ൽ എൽനിനോ ശക്തിപ്രാപിച്ചതോടെ ആഫ്രിക്കയുടെ തെക്കൻ ഭാഗങ്ങൾ, ഇൻഡോനേഷ്യ, എത്യോപ്യ, തെക്കുപടിഞ്ഞാറൻ പസിഫിക്കിലെ ദ്വീപുകൾ, മധ്യ അമേരിക്ക, കരീബിയൻ ,ഇന്ത്യയിലെ ചില ഭാഗങ്ങൾ എന്നിവിടങ്ങളിൽ വരൾച്ച രൂക്ഷമാക്കി.

എന്നാൽ ചിലഭാഗങ്ങളിൽ കനത്ത മഴപെയ്യാൻ എൽനിനോ കാരണമാവുന്നു. കനത്ത മഴയും സമുദ്രനിരപ്പുയരുന്നതും തീരപ്രദേശങ്ങൾക്ക് വൻ ഭീഷണിയാണ്. ഇന്റർഗവൺമെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചെയ്ഞ്ച് റിപ്പോർട്ട് പറയുന്നതനുസരിച്ച് ആർദ്രതയേറിയതും വരണ്ടതുമായ പ്രദേശങ്ങൾ തമ്മിൽ മഴയുടെയും മഞ്ഞിന്റെയും ലഭ്യതയിൽ വലിയ അന്തരമാണുണ്ടാവുന്നത്. ഈ വർഷത്തെ ലോക കാലാവസ്ഥാ ദിനാചരണ വിഷയം തന്നെ "Hotter, Drier, Wetter" എന്നതായിരുന്നു. ●

## കാർട്ടൂൺ




**എന്റെ ഭാര്യ ജോലി ചെയ്യരുതെന്ന് എപ്പോഴും വിശ്വസിച്ചിട്ടുള്ള ആളാണു ഞാൻ.
അവൾ വീട്ടിൽ തന്നെ ഇരുന്നുകൊണ്ടു ഭക്ഷണം പാകം ചെയ്തു, വീടു വൃത്തിയാക്കി, ഇസ്തിരിയിട്ടു, തോട്ടം പരിപാലിച്ചു, അലക്കി, പെയ്ന്റ് അടിച്ചു...**



Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kaladi-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara